ശ്രീ. പുരുഷൻ കടലുണ്ടി : സർ, ഞാൻ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ദൈവത്തിന്റെ നാട് ചെകുത്താന്റെ നാടാകുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. പട്ടിയും പൂച്ചയും നടന്നിരുന്ന സ്ഥലത്തുകൂടി നടക്കാൻ പറ്റാത്ത ഒരു മനുഷ്യാവസ്ഥ നമുക്കുണ്ടായിരുന്നുവെന്ന് ആധുനിക കാലഘട്ടത്തിലും നമ്മൾ മറന്നു പോകുന്നു. അതാണ് ഇവിടെ ഇത്തരത്തിലുള്ള വാഗ്വാദങ്ങളും അട്ടഹാസ ങ്ങളും നടക്കുന്നത്. 'കേരളം ഒരു ഭ്രാന്താലയം' എന്ന് പറഞ്ഞത് സ്വാമി വിവേകാനന്ദനാണ്. അത് മനുഷ്യാലയമാക്കാൻ ദേശീയ നേതാക്കളും പുരോഗമന പ്രസ്ഥാനങ്ങളും നവോത്ഥാന പ്രസ്ഥാനങ്ങളും വഹിച്ച പങ്ക് നമുക്കെല്ലാം അറിയുന്നതാണ്. അയ്യങ്കാളി നടത്തിയ സമരങ്ങളും നമ്മുടെ മുമ്പിലുണ്ട്. ഇത്രയൊക്കെ ജീവിതാനുഭവങ്ങൾ വായിച്ചും മനസ്സിലാക്കിയും അനുഭവിച്ചും കഴിഞ്ഞ നമ്മൾ വീണ്ടും അതിലേയ്ക്ക് തിരിച്ചുപോകുന്ന അവസ്ഥയാണ് നിയമസഭയിൽ ഇപ്പോൾ കാണുന്നത്. നാട്ടിലല്ല. നമ്മൾ തമ്മി ലുള്ള മതപരമായ, ജാതിപരമായ അല്ലെങ്കിൽ സ്പർദ്ധയുടെ അന്തരീക്ഷം ഉണ്ടാക്കുന്നത് ആരെ സഹായിക്കാനാണ്? ഇവിടെ നമ്മൾ നിയമവും ചട്ടവും മുൻനിറുത്തി സമരം ചെയ്യുന്ന അവസരത്തിൽ നമ്മുടെ ഓരോ പ്രകടന ങ്ങളും വാഗ്വാദങ്ങളും കാണുമ്പോൾ നമ്മൾ നമ്മുടെ പഴമയിലേയ്ക്ക് തിരിച്ചു പോകുന്നതായി എനിക്ക് തോന്നുന്നു. ജാതിയോ മതമോ നോക്കാതെ തുറന്ന സർഗ്ഗ സംവാദങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. അത് നമുക്ക് തുടരാൻ കഴിയണം. അങ്ങനെയാണ് കലാ പ്രകടനങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായത്. നവോത്ഥാന നായകന്മാരും ദേശീയ നേതാക്കളും കണ്ണി ചേർത്തത് സാംസ്കാരിക പ്രവർത്തകരേയും സാംസ്കാരിക പ്രവർത്തനങ്ങളേയുമാണ്.

അതുകൊണ്ടാണ് നമ്മുടെ നാട്ടിൽ വായനശാലകളും ഗ്രാമീണ കലാസമിതികളും ഉണ്ടായത്. ഇതൊക്കെ പട്ടികജാതി/പട്ടികവർഗ്ഗവുമായി എന്താണ് ബന്ധമെന്ന് ചിലപ്പോൾ ആലോചിച്ചേക്കാം. പക്ഷേ, അടിസ്ഥാനപരമായി ഭൂമിയുടെ അവകാശികളായ പട്ടികജാതി/പട്ടികവർഗ്ഗക്കാർ, അവരുടെ അദ്ധ്വാനത്തിലൂടെ ഉണ്ടാക്കിയ, അടിസ്ഥാനപരമായി അവർക്കുണ്ടായിരുന്ന കലാപ്രകടനങ്ങൾ പ്രകടമാക്കാൻ വേണ്ടത്ര സൗകര്യം നമുക്കുണ്ടോയെന്ന് നാം പരിശോധിക്കണം. നമ്മൾ വലിയ കെട്ടിടങ്ങൾ ഉണ്ടാക്കുന്നുണ്ട്. പക്ഷേ, അതത് പ്രദേശത്തെ സർഗാത്മക വാസനകൾ മനസ്സിലാക്കി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ തെരഞ്ഞുപിടിച്ച് അവരെക്കൊണ്ട് പുതിയ കാലഘട്ടത്തിനനുസരിച്ച് അതുപയോഗപ്പെടുത്താൻ വേണ്ട ശ്രദ്ധ നമ്മൾ നടത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ധനികന്മാരുടേയും ധനാഢ്യന്മാരുടേയും വാചകങ്ങൾ ഇവിടെ പ്രകടമായി കേൾക്കുന്നു. സമുദായ സംഘടനകൾ ഭരണത്തിന്റെ അജണ്ട നിശ്ചയിക്കുന്ന ഗതികേടിലേയ്ക്ക് നമ്മൾ എത്തിയിരിക്കുന്നു. മതനിരപേക്ഷതയുടെ നിരാശയാണ് നമ്മുടെ ഹൃദയവിശാലത ഇല്ലാതാക്കുന്നത്, നമ്മളെ കള്ളിതിരിക്കുന്നത്, നമ്മളെ പരസ്പരം വാഗ്വാദത്തിലേയ്ക്ക് വലിച്ചിഴയ്ക്കുന്നത്. വികസന പ്രവർത്തനങ്ങൾ തടസ്സമാകുന്നതിന് എന്താണ് കാരണമെന്ന് നമ്മൾ പരിശോധിക്കുന്നുണ്ടോ? ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം നടത്തിയപ്പോൾ സമസ്ത മണ്ഡലങ്ങളിലും വലിയ വികാസവും വലിയ കുതിച്ചുചാട്ടവും ഉണ്ടാക്കാൻ കഴിഞ്ഞു. അതിലിടപെട്ട മന്ത്രിമാരുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നവരാണ് കേരളത്തിലുള്ളവർ. പക്ഷേ, നമ്മുടെ പ്രവർത്തനങ്ങൾ ഗൗരവമായി ചർച്ച ചെയ്തുപോകുന്നു. പക്ഷേ, കേന്ദ്ര ഗവൺമെന്റിന്റെ ചില ഏജൻസികൾ, ഇലക്ട്രിസിറ്റി ബോർഡിന്റെ തന്നെ, മഹാത്മാഗാന്ധിയുടെ പേരിലുള്ള

Uncorrected / Not for Publication

ചില ഏജൻസികൾ വന്ന് തുടർച്ചയില്ലാതാക്കുന്ന അവസ്ഥയുണ്ട്. അത് ടൂറിസം മേഖലയിലും ഇലക്ട്രിസിറ്റി മേഖലയിലും മറ്റെല്ലാ മേഖലകളിലുമുണ്ട്. ജപ്പാൻ കുടിവെള്ളംപോലും നമ്മുടെ ഗ്രാമീണ ജീവിതത്തിന്റെ സ്വാസ്ഥ്യം കെടുത്തുന്നു. അത് വേണ്ടതന്നല്ല. അതിന് അതിന്റേതായ ശാസ്ത്രീയ കാഴ്ചപ്പാടും സമീപനവും നമ്മുടെ പഞ്ചായത്തുകൾ മുതൽ ഉണ്ടാക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് അതിന്റെ പ്രത്യേകത. എം.എൽ.എ. മാരോട് ചില അഭിപ്രായങ്ങൾ പറയുകയും അവരെ അധിക്ഷേപിക്കുകയും ചെയ്യുന്നതിൽക്കവിഞ്ഞ് പഞ്ചായത്തുകളുടെ മുന്നിലൂടെ പോകുന്ന പ്രശ്നങ്ങളിൽ എന്ത് നിലപാട് എടുക്കണമെന്ന ഒരുധാരണ ഗവൺമെന്റിന് കൊടുക്കാൻ കഴിയണം. അത് കൊടുക്കാൻ കഴിയാത്തതാണ് ഈ പ്രശ്നങ്ങൾക്ക് കാരണം. ജീവിതത്തിന്റെ പുറമ്പോക്കിലേയ്ക്ക് വലിച്ചെറിയുന്ന ഒരു കാഴ്ച തന്നെയാണ് പട്ടികജാതി/പട്ടിവർഗ്ഗം പോലുള്ള വിഭാഗത്തെ സംബന്ധിച്ച് ഇപ്പോഴും കാണുന്നത്. കാണാൻ അറയ്ക്കുന്നതും കേൾക്കാൻ പാടില്ലാത്തതും നമ്മളെ അമ്പരിപ്പിക്കുന്നതുമായ കാഴ്ചകൾ നമ്മൾ കാണുന്നു. പ്രത്യേകിച്ച് വയനാട്ടിലും അതുപോലെ ആദിവാസികൾ വസിക്കുന്ന പ്രദേശങ്ങളിലൊക്കെ നമ്മൾ കാണുന്നുണ്ട്. കല്ല്യാണം കഴിക്കാതെ മക്കളെ പോറ്റേണ്ടി വരുന്ന അമ്മമാരുടെ കണ്ണുനീർ നമ്മൾ കാണുന്നു. ദുഷ്യന്തൻ വരുമ്പോൾ കല്ല്യാണം കഴിക്കുമെന്ന ധാരണയിൽ കഴിഞ്ഞ ശകുന്തളയ്ക്ക് പറ്റിയ അബദ്ധം പോലെ, എത്രയോ ദുഷ്യന്തന്മാർ നമ്മുടെ നാട്ടിൽ ഇപ്പോഴും ചേക്കേറിക്കൊണ്ടിരിക്കുകയാണ്. അത് വ്യത്യസ്ത ഭാവത്തിലാണ്. ദുഷ്യന്തനാണ് നമ്മുടെ നാട്ടിൽ കലാപം ഉണ്ടാക്കുന്നതെന്ന് വളർന്നുവലുതായ മകൻ പറഞ്ഞപ്പോൾ അമ്മ പറഞ്ഞു, നിന്റെ അച്ഛനാരാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കുമെന്ന്. പക്ഷേ മകൻ വലുതായി കായ്കനികൾ തിന്ന് ജന

ങ്ങളുമായി ബന്ധപ്പെട്ടപ്പോഴാണ് ദുഷ്യന്തനാണ് എല്ലാത്തിനും കാരണമെന്ന് അവനും മനസ്സിലാക്കുന്നത്. ആ ദുഷ്യന്തനെ ശരിപ്പെടുത്തുക എന്നുള്ളതാണ് എന്റെ കർത്തവ്യമെന്ന് അവന് ബോദ്ധ്യപ്പെടുന്നു. അപ്പോഴാണ് മകൻ ഇങ്ങനെ ചെയ്തുപോയല്ലോയെന്ന് അമ്മ മനസ്സിലാക്കുന്നത്. എന്ത് തത്വശാസ്ത്രം പറഞ്ഞാലും ശ്രീ. ഷാജി കൈലാസിന്റെ സിനിമ കാണുന്നതു പോലുള്ള ജനകീയ നേതാക്കളെ വേട്ടയാടുന്നത് ഒരു സർക്കാരിനും യോജി ച്ചതല്ലെന്നാണ് എന്റെ പക്ഷം. അത് ഇളംതലമുറയെ കൂടുതൽ പ്രകോപിതരാ ക്കും. അവരെ കൂടുതൽ വ്യത്യസ്ത ചിന്താഗതിയിലേയ്ക്ക് നയിക്കും. കഴിഞ്ഞ ഏപ്രിൽ മാസം 3-ാം തീയതി വയനാട്ടിലെ കാട്ടുനായ്ക്കൽ കോള നിയിൽ 28 വയസ്സുള്ള മിനി പ്രസവത്തെത്തുടർന്ന് മരിക്കുകയുണ്ടായി. ആ ദുരവസ്ഥ ഞാൻ വിശദീകരിക്കുന്നില്ല. ആരോഗ്യ സ്ഥാപനങ്ങളും ഉദ്യോഗ സ്ഥരും സ്ഥിതിവിവരക്കണക്കുകൾ മന്ത്രിക്ക് എത്തിച്ചിട്ടുണ്ടാവും. ഈ രംഗത്ത് കാര്യക്ഷമമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാ കണം. അമ്പലവയൽ പഞ്ചായത്തിലെ കുറുമ കോളനിയിൽ 3 വയസ്സുകാരൻ സജ്ഞയ് മരിച്ചത് ചികിത്സ കിട്ടാതെയാണ്. അതുപോലെ എത്രയോ കാര്യങ്ങ ളുണ്ട്. അതൊക്കെ പത്രങ്ങളിലും ടി.വി.-യിലും വരുമ്പോഴാണ് നമ്മൾ മനസ്സി ലാക്കുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഫെബ്രുവരി 2-ാം തീയതി നടത്തിയ പരീക്ഷയിൽ പട്ടികവർഗ്ഗക്കാരായ 4000-ത്തോളം അപേക്ഷകരിൽ 250 പേരാണ് ആ പരീക്ഷയ്ക്ക് ഹാജരായതെന്നത് നമുക്ക് ക്ഷീണമുണ്ടാക്കു ന്നതല്ലേ? അപേക്ഷകർ ഹാൾടിക്കറ്റ് ഇന്റർനെറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യ ണമെന്ന നിർദ്ദേശമനുസരിച്ച് ആ കുട്ടികൾക്ക് എങ്ങനെ പരീക്ഷയിൽ പങ്കെടു ക്കാനാകും; ശാസ്ത്രീയമായി, വളരെ ഗൗരവമായി നമ്മൾ കാര്യങ്ങൾ കാണു

ന്നില്ല, അവരെ സഹായിക്കാൻ നമ്മൾ മുൻകയ്യെടുക്കുന്നില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ അത് നിഷേധിക്കാൻ കഴിയുമോ? സ്വാതന്ത്ര്യം ലഭിച്ച് ആറര പതിറ്റാണ്ട് കഴിഞ്ഞിട്ടും നമ്മുടെ സ്ഥിതി ഇതാണ്. ചില സാമൂഹ്യ-സാംസ്കാരിക പ്രവർത്തകരുടെ പേരുകൾ എന്റെ സുഹൃത്ത് വിളിച്ചുപറയുകയുണ്ടായി. ഇതിന് ആരാണ് മുൻകയ്യെടുക്കേണ്ടത്? എന്റെ മണ്ഡലത്തിൽ ഒരു 'വിജ്ഞാനവാടി'-ക്ക് കെട്ടിടം ലഭ്യമാക്കിയിട്ടും മന്ത്രി മൂന്നുനാല് തവണ അതിന് നിർദ്ദേശം കൊടുത്തിട്ടും യാതൊന്നും നടന്നില്ല. ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനമില്ലായ്മയാണ് അത്തരം കാര്യങ്ങൾ നീണ്ടുപോകുന്നത്. അക്കാര്യത്തിൽ ഞാൻ മന്ത്രിയെ കുറ്റം പറയുന്നില്ല. പൊതുമരാമത്ത്, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളിലെ ജില്ലാതല തലവന്മാരെവരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിയെങ്കിൽ മാത്രമേ പുരോഗതി ഉണ്ടാകുകയുള്ളൂ. അല്ലെങ്കിൽ ഈ വർഷം നമ്മൾ തീരുമാനിക്കും, പിന്നെ 4 വർഷം കഴിഞ്ഞിട്ട് കാര്യങ്ങൾ നടക്കും. കഴിഞ്ഞ ഡിസംബർ മാസം നല്ല മഞ്ഞുള്ള രാത്രിയിൽ തലസ്ഥാന നഗരിയിലെ കുറ്റിച്ചൽ സെറ്റിൽമെന്റ് കോളനിയിൽ മാർത്താണ്ഡൻ കാണി പരിക്കേറ്റ് മരിച്ചപ്പോൾ ആ ശവശരീരത്തെ 27 കിലോമീറ്റർ തലച്ചുമടായി കൊണ്ടുപോകേണ്ടിവന്നു. അത് എങ്ങനെ സംഭവിച്ചു എന്നുള്ളത് നമ്മുടെ അധികാരപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്, പരിശോധിക്കേണ്ടതാണ്. അപകടകരമായ ചില പ്രതിലോമ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് മേൽകൈ വരുന്ന ഒരു കാലഘട്ടമാണിന്ന് കേരളത്തിലുള്ളത്. മണൽ മാഫിയ, ഭൂ മാഫിയ, മരുന്ന് മാഫിയ ഇവരൊക്കെ നഗര-ഗ്രാമ വ്യത്യാസമില്ലാതെ എവിടേയും സംഘർഷങ്ങളുണ്ടാക്കി അധികാരികളെ ഭീഷണിപ്പെടുത്തിയും സ്വാധീനിച്ചും കാര്യങ്ങൾ നേടുന്ന അവസ്ഥയ്ക്കിടയിൽപ്പെട്ട് വിങ്ങി

പ്പൊട്ടുന്നത് പട്ടികജാതിക്കാരാണ്. അവർക്കൊന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ, സാമ്പത്തിക സ്ഥിതി വേണ്ടത്ര മെച്ചപ്പെടാത്ത അവസ്ഥ, അവരുടെ കൃഷി നശിക്കുന്ന അവസ്ഥ, കൃഷിക്ക് ആവശ്യമായ വളത്തിന് കൂടുതൽ കാശുകൊടുക്കേണ്ട അവസ്ഥ ഇതെല്ലാം പരിശോധിക്കാനും, പട്ടികജാതിക്കാരന്റെ ഉന്നമനത്തിനുവേണ്ടി,.... പതിനായിരങ്ങൾ ഒന്നിച്ചുവന്നിട്ട് ഒരു കാര്യവുമില്ല. ശക്തമായ നടപടിയുണ്ടായാൽ അവന്റെ ജീവിതത്തിൽ സുരക്ഷവരും. അതാണ് ശ്രീ. ജോസ് തെറ്റയിൽ ഇവിടെ പറഞ്ഞത്. ഇന്ന് ജനകീയ ഇടപെടലുകളും ജനാധിപത്യ സമീപനവും നഷ്ടപ്പെടുന്നുണ്ട്. പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനം നിശ്ചലമാണ്. എന്തുകൊണ്ട് അവർക്ക് ഫണ്ട് കിട്ടുന്നില്ല? മാലിന്യ സംസ്കരണ കാര്യത്തിലൊക്കെത്തന്നെ അവർക്ക് വേണ്ട ഫണ്ട് കൊടുത്തു എന്നുപറയുകയും അതവർക്ക് കിട്ടാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. പട്ടികജാതി ഫണ്ടുകൾ പലപ്പോഴും പഞ്ചായത്തുകളിൽ ലാപ്സായി പോകുന്നുണ്ട്. അവസാനം അത് വകമാറ്റി ചെലവാക്കുന്നു. അല്ലെങ്കിൽ മുകളിൽനിന്ന് നിർദ്ദേശിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ചെലവഴിക്കുന്നു. എൽ.ഡി.എഫ്. ഒരിക്കലും ഭൂമിക്കായി സമരം ചെയ്തവരെ അറസ്റ്റ് ചെയ്യുകയോ വെടിവയ്ക്കുകയോ ചെയ്തിട്ടില്ല. ഭൂമിക്കുവേണ്ടി സമരം ചെയ്ത ആദിവാസികളെ അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുന്നത് നമുക്ക് അഭിമാനമല്ല, മോശമാണ്. ആദിവാസികൾക്ക് ഭൂമി വാങ്ങിക്കാൻ സർക്കാരിന്റെ കയ്യിലുള്ള 50 കോടി രൂപ എന്തുകൊണ്ട് ഉപയോഗിക്കുന്നില്ല? അത് വ്യക്തമാക്കാൻ സർക്കാർ ഇതുവരെ മുന്നോട്ടുവന്നിട്ടില്ല. അവർക്ക് അവകാശപ്പെട്ടത് അവരുടെ കൈകളിൽ എത്തിക്കാനുള്ള സന്മനസ് നമുക്കുണ്ടാകണം. ജയിലിൽ കഴിയുന്ന ആദിവാസികളുടെ കുട്ടികളടക്കമുള്ള കുടുംബ

ങ്ങളെക്കുറിച്ച് നമുക്ക് എങ്ങനെ സംസാരിക്കാൻ കഴിയും; കേരളത്തിലെ പട്ടികജാതിക്കാർ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഏറെ പിന്നിലാണെന്ന് കില-യുടെ സർവ്വേ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നു. സ്വാഭാവിക നീതി നിഷേധിക്കപ്പെടുന്നതു മാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പട്ടികജാതിക്കാർക്കെതിരെ 673 അതിക്രമ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിൽ സുൽത്താൻബത്തേരിയിൽ കൃഷ്ണഗിരി വില്ലേജിൽ 16.75 ഏക്കർ ഭൂമി നമ്മുടെ മാന്യനായ എം.എൽ.എ.യുടെ പേരിലുണ്ട്. അത് പിടിച്ചെടുത്ത് ആദിവാസികൾക്ക് കൊടുക്കാൻ എന്താണ് തടസ്സം? 1–6–2011 ന് ജസ്റ്റീസ് സിരിജഗൻ ഒരു മാസത്തിനുള്ളിൽ ഭൂമി സ്വമേധയാ ഗവൺമെന്റിന് വിട്ടുകൊടുക്കണം അല്ലെങ്കിൽ 3 മാസത്തിനുള്ളിൽ ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് വിധി പറഞ്ഞിട്ടുള്ളത്. എന്നിട്ട് വിധി നടപ്പിലാക്കിയതോ ഈ സർക്കാർ. അവസാനം കാലാവധി കഴിഞ്ഞതിനു ശേഷംപോലും ഭൂമി ഏറ്റെടുക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല എന്നു മാത്രമല്ല കേസ് സുപ്രീം കോടതിയിലേയ്ക്ക് പോയി. അപ്പീൽ പോകാനും മാന്യുപ്പുലേഷൻ നടത്താനും ഗവൺമെന്റ് സാവകാശം കൊടുത്തു. അവസാനം ഡിവിഷൻ ബഞ്ചിൽ നാടകീയമായ ഒരു വിധി വന്നു. സുൽത്താൻബത്തേരി സബ്കോർട്ടിൽ ഇതുമായി ബന്ധപ്പെട്ട ഒരു കേസ് നിലനിൽക്കുന്നു എന്ന്. എന്തെല്ലാം കളിയാണ്; സബ്കോടതി തീരുമാനിക്കട്ടെ എന്ന്. ഇത് കേട്ടപ്പോൾ ഓർക്കുന്നത്, എൻ.എൻ. പിള്ളയുടെ ഒരു കഥാപാത്രം പറഞ്ഞതാണ്, കോളേജിൽ പഠിച്ചിട്ട് പിന്നെ എലിമെന്ററി സ്കൂളിലേയ്ക്കാണോ നീ വരുന്നതെന്ന്. ഇതൊക്കെ ആഭാസമാണ്. മാതൃക കാണിച്ചുകൊടുക്കേണ്ട സമ്പന്നനായ ഈ ജനപ്രതിനിധി നിയമത്തിനും നീതിക്കും

ഡീസൻസിക്കുമെതിരായി പ്രവർത്തിക്കുന്നത് മോശമല്ലേ? ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി ഭരണത്തിന്റെ സ്വാധീനത്തിൽ കൈമോശം വരുന്നത് മോശമാണ്. ലോകത്തിന് മാതൃകയായ മിടുക്കൻമാരായ കേരള പോലീസിനെ കുടിപ്പക തീർക്കുന്ന തരത്തിൽ വളർത്തുകയാണ്. ലോകത്തിന് മാതൃകയാണ് നമ്മുടെ പോലീസുകാർ. അതിൽ യാതൊരു സംശയവുമില്ല. അത് അവർ തെളിയിച്ചതാണ്. മതസൗഹാർദ്ദത്തിനുവേണ്ടി, മതനിരപേക്ഷതയ്ക്കുവേണ്ടിയാണ് ഇടശ്ശേരി "കൂട്ടുകൃഷി" എന്ന കവിത എഴുതിയത്. പക്ഷേ അവിടെയും പ്രേമത്തിന്റെ നൈരാശ്യം. അതുംകൂടി സൗഹൃദത്തിന്റെ ഭാഷയിൽ നമുക്ക് തീർക്കാൻ കഴിയുമെന്നാണ് ഇടശ്ശേരി കാണിച്ചുതന്നത്. അതുകൊണ്ട് സൗഹൃദത്തിന്റെ ഭാഷയിൽ മതനിരപേക്ഷത ഉയർത്തിപ്പിടിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയണം. അല്ലെങ്കിൽ ഇത്തരത്തിലുള്ള അപകടങ്ങളും അപാകതകളും വരും. അതുകൊണ്ടുതന്നെ ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഈ രണ്ട് ധനാഭ്യർത്ഥനകളേയും ഞാൻ പിൻതാങ്ങുന്നു. കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുന്ന ഈ സർക്കാർ ഒരു വർഷം പൂർത്തീകരിച്ചപ്പോൾ കേരളത്തിലെ ജനങ്ങൾ 100 ശതമാവും അത് അംഗീകരിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. അതിലുപരി കേരളത്തിലെ പട്ടികവർഗ്ഗക്കാർ ഭരണത്തിന്റെ നേട്ടങ്ങൾ വച്ചുകൊണ്ട് ഈ ഭരണത്തെ അഭിമാനത്തോടുകൂടി കാണുന്നു. കേരളത്തിലെ പ്രധാനപ്പെട്ട രണ്ട് വകുപ്പുകളാണ് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്. പ്രധാനപ്പെട്ട ഈ രണ്ട് വകുപ്പുകൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടി ഈ ഗവൺമെന്റ് രണ്ട് മന്ത്രിമാരെ നിയോഗിച്ചു എന്നതിൽത്തന്നെ കേരളത്തിലെ പട്ടികവർഗ്ഗക്കാർ ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾ നല്ലനിലയ്ക്കാണ് കാണുന്നത്. പട്ടികവർഗ്ഗത്തിൽപ്പെട്ട കോളനി സങ്കേതങ്ങളിൽ താമസിക്കുന്ന കോളനി നിവാസികൾ, ഈ ഗവൺമെന്റിന്റെ വികസന നേട്ടങ്ങൾ പ്രാദേശിക തലത്തിലാണ് വിലയിരുത്തുന്നത്. അങ്ങനെ വിലയിരുത്തുമ്പോൾ കഴിഞ്ഞ ഗവൺമെന്റിനെ അപേക്ഷിച്ച് നോക്കിയാൽ നമ്മുടെ പ്രിയങ്കരിയായ കുമാരി പി.കെ. ജയലക്ഷ്മിയും, ശ്രീ. എ.പി. അനിൽകുമാറും കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി അവരുടെ പ്രശ്നങ്ങൾ നേരിട്ട് പഠിച്ച് നയപരമായ തീരുമാനങ്ങൾ എടുത്തുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കേരളത്തിലെ സമസ്ത മേഖലകളും, പ്രത്യേകിച്ച് കുടിവെള്ളത്തിന്റെ പ്രശ്നവും ഭൂമിയുടെ പ്രശ്നവും അപ്പുറത്തുള്ളവർ പറഞ്ഞു. ഇതൊക്കെ യഥാസമയം പരിഹരിക്കപ്പെടേണ്ടതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷം പൂർത്തീകരിച്ചപ്പോൾ തന്നെ കേരളത്തിലെ 107 പ്രീ-മെട്രിക് ഹോസ്റ്റലുകളും സമയബന്ധിതമായി നവീക

രിക്കാൻ കഴിഞ്ഞു. കേരളത്തിൽ 4762 ആദിവാസി സങ്കേതങ്ങൾ ഉണ്ടെന്നാണ് 2008-ലെ കണക്ക് പറയുന്നത്. ഈ 4762 കോളനികൾ എടുത്ത് പരിശോധിച്ചുകഴിഞ്ഞാൽ കഴിഞ്ഞ 5 വർഷങ്ങളിൽ നടത്തിയതിനേക്കാളും സമഗ്രമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളതാണ് യാഥാർത്ഥ്യം. മാത്രവുമല്ല ഈ കോളനി സങ്കേതങ്ങളിൽ വികസനപ്രവർത്തനം നടത്തേണ്ട കോർപ്പസ് ഫണ്ടുമായി ബന്ധപ്പെട്ട് കഴിഞ്ഞ കാലങ്ങളിൽ അതിനൊരു ദീർഘവീക്ഷണമില്ലായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി കുമാരി പി.കെ. ജയലക്ഷ്മിയുടെ നേതൃത്വത്തിൽ ദീർഘവീക്ഷണത്തോടുകൂടി അത് മുന്നോട്ടുപോകുകയാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ നയമനുസരിച്ച് ഇപ്പോൾ നല്ല വിദ്യാഭ്യാസം കൊടുക്കേണ്ട കാലഘട്ടമാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത് ഈ 107 പ്രീ-മെട്രിക് ഹോസ്റ്റലുകൾ സമയബന്ധിതമായി നവീകരിച്ച് നല്ല നിലയ്ക്കുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവിടെ കമ്പ്യൂട്ടർ, ഇന്റർനെറ്റ് മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തി വിവിധ ജില്ലകളിൽനിന്നും വിവിധ പിന്നോക്ക മേഖലകളിൽനിന്നും വിദ്യാഭ്യാസത്തിനുവേണ്ടി അവിടെ എത്തുന്ന കുട്ടികൾക്ക് ഇപ്പോഴത്തെ ശാസ്ത്ര-സാങ്കേതിക മേഖലയിലുള്ള നല്ല വിദ്യാഭ്യാസം കൊടുക്കുന്നതിനു വേണ്ട സംവിധാനം ഉണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ മറ്റൊരു ദു:ഖകരമായ സംഭവം കൂടി പറയുകയാണ്. കേരളത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ സമുദായമാണ് കാട്ടുനായ്ക്കർ വിഭാഗം. കേരളത്തിലെ ഏക ട്രൈബൽ സ്കൂളായ രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്കൂൾ എന്റെ മണ്ഡലമായ സുൽത്താൻ

ബത്തേരിയിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ **153** കുട്ടികൾക്ക് മാത്രം പഠിക്കാൻ സൗകര്യമുള്ള ഹോസ്റ്റലിൽ ഇപ്പോൾ 400 കുട്ടികളാണുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെൻഡർ ചെയ്ത് പ്രവർത്തനമാരംഭിക്കുകയും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ആ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മരണപ്പെട്ടതിനെ തുടർന്ന് പ്രവൃത്തി നിലയ്ക്കുകയുമാണ് ചെയ്തത്. വളരെ പെട്ടെന്നുതന്നെ അവിടെ ഇത്തരം പ്രവൃത്തി പുന:സ്ഥാപിക്കുന്നതിന് വേണ്ട നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേരളത്തിലെ എല്ലാ മേഖലകളും എടുത്തു പരിശോധിച്ചാൽ ഒരു ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനമാണ് കാണാൻ കഴിയുന്നത്. കഴിഞ്ഞ ഗവൺമെന്റ് ഒന്നര ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിന് കൊടുത്തതെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെത്തട്ടിലുള്ള പാവപ്പെട്ട ആദിവാസി സമൂഹത്തിന്റെ പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ട് മെറ്റീരിയൽസ് ഉൾപ്പെടെയുള്ള സാധനങ്ങളുടെ വില വർദ്ധനവ് കണക്കാക്കി രണ്ടര ലക്ഷം രൂപയാക്കി. അങ്ങനെ ഈ ഗവൺമെന്റ് അഭിമാനത്തോടുകൂടി മുന്നോട്ടുപോവുകയാണ്. കേരളത്തിലെ കോളനി സങ്കേതങ്ങൾ എടുത്ത് പരിശോധിച്ചാൽ, സമസ്ത മേഖലകളും ശോചനീയാവസ്ഥ നേരിട്ടു കൊണ്ടിരിക്കുകയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുമടക്കം ജോയിന്റ് മീറ്റിംഗ് സംഘടിപ്പിച്ചുകൊണ്ട് കോളനികളുടെ പ്രയാസങ്ങൾ പഠിച്ചുകൊണ്ട് അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി 'മോഡൽ കോളനി' എന്ന ഒരു പുത്തൻ സംവിധാനം കൊണ്ടുവന്നിരിക്കുക

യാണ്. മോഡൽ കോളനി വരുമ്പോൾ വൈദ്യുതി, കുടിവെള്ളം, വീട്, അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ തുടങ്ങിയവയൊക്കെ ഉണ്ടാകും. കേരളത്തിൽ കായിക ക്ഷമതയുള്ള വിദ്യാർത്ഥികൾ വളർന്നു വന്നുകൊണ്ടിരിക്കുകയാണ്. അവരുടെ വീട്ടുമുറ്റത്ത് അവരുടെ കായികാഭ്യാസങ്ങൾ വളർത്തിക്കൊണ്ടു വരുന്നതിനുള്ള സൗകര്യംപോലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു നിർദ്ദേശം വയ്ക്കാനുള്ളത്, **5** ഏക്കറിൽ **25** വീട് എന്നാണ് ഗവൺമെന്റ് തീരുമാനമെടുത്തതെങ്കിൽ അത് **25** ഏക്കറിൽ **25** വീട് എന്നായി പരിഗണിക്കപ്പെടണമെന്ന് ആവശ്യപ്പെടുകയാണ്. മോഡൽ കോളനി കൊണ്ടുവരുമ്പോൾ അവർക്ക് കുടിവെള്ളവും ഡയറി ഫാമും കളിസ്ഥലവും അങ്കണവാടിയും കിട്ടുന്നതോടൊപ്പംതന്നെ അവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള സൗകര്യംകൂടി ഉണ്ടാക്കണമെന്നാണ് എന്റെ ആവശ്യം. അത് ഗവൺമെന്റ് പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിൽ എം.ബി.ബി.എസ്-ഉം എഞ്ചിനീയറിംഗും പഠിക്കുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നു. കഴിഞ്ഞ അഞ്ചുവർഷം ഈ നയം കേരളത്തിൽ ഇല്ലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം പുത്തൻ നയമായി ഈ ലാപ്ടോപ്പ് സംവിധാനം കൊണ്ടുവന്നു. ഒരു കമ്പ്യൂട്ടർപോലും വാങ്ങാൻ കഴിവില്ലാത്ത എം.ബി.ബി.എസ്-ഉം എഞ്ചിനീയറിംഗും സർക്കാർ ഫീസിൽ പഠിക്കുന്ന കുട്ടികൾക്ക് ഒരു കമ്പ്യൂട്ടർ കിട്ടുമ്പോൾ അവർ ഈ സർക്കാരിനെ അഭിനന്ദിക്കുകയാണ്. അങ്ങനെയുള്ള ഒട്ടനവധി സംവിധാനങ്ങൾ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യ മേഖല പരിശോധിച്ചു കഴിഞ്ഞാൽ ഒട്ടനവധി പോരായ്മകൾ ഉണ്ടെങ്കിൽപ്പോലും ഈ സർക്കാർ

വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ മെഡിക്കൽ മൊബൈൽ സംവിധാനങ്ങൾ കൊണ്ടുവന്നു. എല്ലാ കോളനി സങ്കേതങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രൊമോട്ടർമാരെ സജ്ജമാക്കിക്കൊണ്ട് മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, താലൂക്കാശുപത്രി, സി.എച്ച്.സി.-യിലടക്കം എത്തുന്ന ആദിവാസികൾക്ക് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോവുകയാണ്. മഴക്കാല രോഗവുമായി ബന്ധപ്പെട്ട് എല്ലാ നിയോജക മണ്ഡലങ്ങളിലും യോഗങ്ങൾ സംഘടിപ്പിച്ചു. വയനാട് ജില്ലയിൽ യോഗം സംഘടിപ്പിച്ചപ്പോൾ അവിടെ പ്രധാനമായും ഉയർന്നുവന്ന വിഷയം ചില സി.എച്ച്.സി.-കളിൽ പ്രൊമോട്ടർമാരെ നിയോഗിച്ചിട്ടില്ല എന്നതാണ്. മഴക്കാലവുമായി ബന്ധപ്പെട്ട് നിരവധി സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന കാലഘട്ടത്തിൽ കൂടുതൽ ആദിവാസികൾ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, താലൂക്കാശുപത്രി, സി.എച്ച്.സി.-യിലടക്കം എത്തുമ്പോൾ അവരെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരോ പഞ്ചായത്തിനും ചാർജ് കൊടുത്തുകൊണ്ട് സി.എച്ച്.സി .-കളിൽ പ്രൊമോട്ടർമാരെ നിയമിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഈ കാലഘട്ടത്തിൽ കേരളത്തിൽ കുടുംബശ്രീ പ്രസ്ഥാനം വളർന്നു കൊണ്ടിരിക്കുകയാണ്. ഗ്രാമീണ മേഖലയിലെ പ്രശ്നങ്ങൾ കുടുംബശ്രീകൾ ഏറ്റെടുത്തിരിക്കുകയാണ്. കുടുംബശ്രീയുമായി ബന്ധപ്പെട്ട് ഒട്ടനവധി സംരംഭങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ ചെലവഴിച്ചു. ഈ സാമ്പത്തിക വർഷം

ഒരു കോടി ഇരുപത് ലക്ഷം ചെലവഴിക്കാൻ പോവുകയാണ്. അങ്ങനെ ചെലവഴിക്കുമ്പോൾ അതൊരു മാതൃകാപരമായ സംവിധാനമായിരിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. അതിന് ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണം. അവിടെ വിദ്യാഭ്യാസപരമായും കലാപരമായും സാംസ്കാരികപരമായും സംരംഭപരമായും അവരെ വളർത്തിക്കൊണ്ടു വരാൻ കഴിയണം. ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാം. നമ്മുടെ നാട്ടിൽ പാരമ്പര്യ നാട്ടുവൈദ്യന്മാരുടെ എണ്ണം കൂടി വരികയാണ്. 105 വൈദ്യന്മാർ കിർത്താഡ്സിൽ പേര് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കാലാകാലം കിർത്താഡ്സിൽ നിന്ന് ഗ്രാന്റുകൾ വാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഗ്രാന്റുകൾ വാങ്ങുന്നവർ സമയബന്ധിതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് ഈ ഗവൺമെന്റ് പരിശോധിക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികൾക്ക് ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രയാസങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഒന്നു മുതൽ പ്ലസ് ടു വരെ പട്ടികവർഗ്ഗ വിഭാഗത്തിലെ സർട്ടിഫിക്കറ്റിൽ പഠിച്ച കുട്ടികൾ ഡിഗ്രിയും എൻട്രൻസും പരീക്ഷകളെഴുതി റിസൽട്ട് വരാനിരിക്കുന്ന സമയത്ത് അവർ ആ ജാതിയിൽപ്പെട്ടതല്ല എന്നുപറഞ്ഞ് കിർത്താഡ്സിന്റെ ചില റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനം നിലയ്ക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് വീണ്ടും റീ-റിപ്പോർട്ടിന് ആവശ്യപ്പെട്ടിരിക്കുകയാണ്. അച്ഛന്റെ ജാതി പരിഗണിച്ചുകൊണ്ട് അവരെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സംവിധാനം ഉണ്ടാകണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ഈ ഗവൺമെന്റ് കേരളത്തിലെ പാവപ്പെട്ട സമൂഹത്തിന്റെ യഥാർത്ഥ പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ട്, ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി പതിച്ചുകൊടുത്തും കുടിവെള്ളമില്ലാത്ത മേഖലകളിൽ കുടിവെള്ളമെത്തിച്ചും

റോഡുകളില്ലാത്ത മേഖലകളിൽ റോഡുകൾ നിർമ്മിച്ചുംകൊണ്ട് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ്.

ശ്രീ. പി.സി. ജോർജ്: വികസന വകുപ്പിൽ 50 ശതമാനം ഉദ്യോഗസ്ഥരെങ്കിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരിക്കണമെന്ന തീരുമാനത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? പട്ടികജാതി വകുപ്പ് ഭരിക്കാൻ വലിയ മേലാളന്മാർ മാത്രമാണുള്ളത്. അതുമാറ്റിക്കൊണ്ട് പട്ടികജാതി വകുപ്പിലെങ്കിലും പട്ടികജാതിക്കാരായ ഉദ്യോഗസ്ഥരെ 50 ശതമാനം നിയമിക്കാനുള്ള സംവിധാനമേർപ്പെടുത്തുന്നതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്? ത്രിതല പഞ്ചായത്തുകൾക്ക് പണം കൊടുത്താൽ അത് പട്ടികജാതി വികസനത്തിന് ഉപോയോഗിക്കുന്നതിന് പകരം മറ്റു പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന ഗതികെട്ട സാഹചര്യം ബോദ്ധ്യപ്പെട്ടിട്ടുള്ള ആളാണ് ഞാൻ. അതിൽ ഒരു ഓഡിറ്റ് നടത്തുന്നതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: സർ, കേരളത്തിലെ സമസ്ത മേഖലകളിലും പല ഡിപ്പാർട്ടുമെന്റുകളിലും പട്ടികവർഗ്ഗക്കാരെ അവഗണിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് പി.എസ്.സി. ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചുചേർത്ത് നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ സംരക്ഷണം കൊടുത്തുകൊണ്ടുള്ള നിയമ സംവിധാനം കൊണ്ടുവരണം. ലീഡർ കെ. കരുണാകരൻ മൂഖ്യമന്ത്രിയായിരുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് കൊണ്ടുവന്നുകൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒട്ടനവധി ആളുകൾക്ക് തൊഴിൽ കൊടുത്തു. ആ നയം കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകണം. നിരവധി പദ്ധതികൾ പട്ടികവർഗ്ഗ മേഖലയിൽ ഡിപ്പാർട്ടുമെന്റ്

വഴി നടപ്പിലാക്കുമ്പോൾ അതിന് വ്യക്തമായൊരു മോണിറ്ററിംഗ് സംവിധാനം നിലവിലില്ല എന്ന യാഥാർത്ഥ്യമുണ്ട്. കോർപ്പസ് ഫണ്ട് ചെലവഴിക്കുന്നു, കേന്ദ്രഗവൺമെന്റ് പണം ചെലവഴിക്കുന്നു. നിയോജക മണ്ഡലങ്ങളിൽ ജന പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഡിപ്പാർട്ടുമെന്റ് നടത്തുന്ന പ്രവർത്ത നങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി അവിടെ സമയബന്ധിതമായി ഊരുകൂട്ട ങ്ങൾ നടക്കുന്നുണ്ടോ എന്നും ആദിവാസി സങ്കേതങ്ങളിൽ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോ എന്നും വില യിരുത്താൻ വളരെ ശക്തമായ ഒരു മോണിറ്ററിംഗ് സംവിധാനം കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിറുത്തുന്നു.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങ ളുടെ ക്ഷേമത്തിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകളാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ-പിന്നോക്ക ജനവിഭാഗങ്ങളെ കേരളീയ സമൂഹത്തിലെ മറ്റു സമുദായത്തോടൊപ്പം അല്ലെങ്കിൽ സമൂഹ ത്തോടൊപ്പം ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആ പദ്ധതികളുടെ നേട്ടം ഈ ജനവിഭാഗത്തിന് എത്രമാത്രം കിട്ടിയിട്ടുണ്ടെന്ന് പരിശോധിക്കുമ്പോൾ അവരുടെ ജീവിതം വേണ്ടത്ര മെച്ചപ്പെട്ടിട്ടില്ല എന്നുകാണാൻ കഴിയും. 65 വർഷക്കാലമായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി.

ആധികാരിക രേഖയൊന്നുമല്ല, എങ്കിലും ഏകദേശം 20000 മുതൽ 25000 കോടി രൂപവരെ ഈ 65 വർഷക്കാലം കൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി ചെലവഴിച്ചു കാണും. ഇവിടെ പട്ടികജാതിയിൽപ്പെട്ടവരുടെ ജനസംഖ്യ 3124000-ഉം പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ജനസംഖ്യ 364000-ഉം ആണ്. ഈ 3488000 വരുന്ന ജനതയ്ക്കു വേണ്ടി 65 വർഷം കൊണ്ട് 25000 കോടി രൂപ ചെലവഴിച്ചുവെങ്കിലും അതിന്റെ പ്രയോജനം അവർക്ക് വേണ്ടത്ര ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെയാണ് കേരള സമൂഹം വളർന്നതിനും വികസിച്ചതിനുമനുസരിച്ച് ആ വിഭാഗത്തിന് ഉയർന്നുവരാൻ കഴിയാതെ പോയത്. ഇത്രയേറെ സാമ്പത്തികം ചെലവഴിച്ചിട്ടും എന്തുകൊണ്ടാണ് അവർ രക്ഷപ്പെടാത്തതെന്ന് ഏതെങ്കിലും ഒരു വിഭാഗം മാത്രമല്ല നാമെല്ലാവരും ചിന്തിക്കേണ്ടതാണ്. ഈ വിഭാഗം എല്ലാരംഗത്തും പിന്നോക്കാവസ്ഥയിലാണ്, മറ്റു സംസ്ഥാനങ്ങളിലെപ്പോലെയാണെന്ന് പറയുന്നില്ല. മറ്റു സംസ്ഥാനങ്ങളിൽ ഇപ്പോഴും അടിമകളെപ്പോലെയാണ് ഈ വിഭാഗങ്ങളെ കണക്കാക്കുന്നത്. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ മധുരയിൽ പട്ടികജാതിയിൽപ്പെട്ട ഒരു പഞ്ചായത്ത് പ്രസിഡന്റിന്റെ അവസ്ഥയെ സംബന്ധിച്ച് എല്ലാ ജനപ്രതിനിധികളും വായിച്ചുകാണും. റിസർവ്വേഷൻ സീറ്റിലാണ് അദ്ദേഹം പഞ്ചായത്ത് പ്രസിഡന്റായത്. പഞ്ചായത്തിലേയ്ക്ക് റിസർവ്വേഷൻ സീറ്റിൽ പട്ടികജാതിക്കാരനായ ഒരു കർഷകത്തൊഴിലാളിയാണ് തെരഞ്ഞെടുക്കപ്പെട്ടത്. ആ പഞ്ചായത്ത് പ്രസിഡന്റുമായുള്ള ഇന്റർവ്യൂ ഞാൻ വായിക്കാനിടയായി. അതിൽ 'ഞാൻ പണിയെടുത്ത് പണിയെടുത്ത് തളർന്നു' എന്നാണ് പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞിരിക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിലുള്ള ജോലി ചെയ്ത്

തളർന്നുവെന്നാണ് ഞാൻ ആദ്യം വിചാരിച്ചത്. പക്ഷേ പിന്നീട് വായിച്ചു വന്നപ്പോഴാണ് മനസ്സിലായത്, പഞ്ചായത്ത് പ്രസിഡന്റ് ആയതിനുശേഷം അവിടെയുള്ള എല്ലാ പ്രമാണികളുടെ വീടുകളിലും ഇദ്ദേഹം പണിയെടുക്കണം. കാരണം അവിടെയുള്ള പ്രമാണികൾക്ക് വൈകുന്നേരങ്ങളിൽ പറയണം– ഇന്ന് പഞ്ചായത്ത് പ്രസിഡന്റ് തങ്ങളുടെ വീട്ടിൽ കക്കൂസുകുഴി കുത്തുകയായിരുന്നു, വാഴക്കുഴി കുത്തുകയായിരുന്നു  അല്ലെങ്കിൽ മറ്റേതെങ്കിലും പണി ചെയ്തു എന്നുപറഞ്ഞ് സന്തോഷിക്കാൻ വേണ്ടിയാണ് പണിയെടുപ്പിക്കുന്നത്. ഇതാണ് ഇന്ത്യയിലെ പൊതുസ്ഥിതി.  അതുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്, ആത്മാഭിമാനത്തോടും അന്തസ്സോടും കൂടി ജീവിക്കാനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. എന്നാൽ 25000 കോടി രൂപ ചെലവഴിച്ചതിന്റെ നേട്ടങ്ങൾ ഈ പാവങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ?  ഒറ്റ ഉദാഹരണം മാത്രം ഞാൻ പറയാം. കേരളത്തിൽ ഈ  ജനവിഭാഗത്തിന്റെ കൈയിലുള്ള ലാന്റിന്റെ കണക്ക് നമ്മൾ പരിശോധിക്കേണ്ടതാണ്.  ഞാൻ കണക്ക് പരിശോധിച്ചപ്പോൾ, ഏകദേശം 60061 ഏക്കർ സ്ഥലമാണ് 31.24 ലക്ഷം വരുന്ന പട്ടികജാതിക്കാർക്ക് എല്ലാവർക്കും കൂടിയുള്ളത്. അതിനർത്ഥം ആളോഹരി 1.94 സെന്റ് സ്ഥലം മാത്രമാണ്.  കൃഷി ചെയ്യുന്നതിന് കേരളത്തിൽ ഏകദേശം 2670000 ഹെക്ടർ സ്ഥലമുണ്ട്, എന്നാൽ പട്ടികജാതിക്കാർക്ക് ആകെയുള്ളത് 16580 ഏക്കർ സ്ഥലം മാത്രമാണ്. അതായത് കൃഷിഭൂമിയും മറ്റ് ഭൂമിയുമില്ലാത്ത സ്ഥിതിയാണ്.  സാമ്പത്തികമായ യാതൊരു സോഴ്സുമില്ല. ഇവിടെ സ്കൂൾ അനുവദിച്ചതിനെക്കുറിച്ചും എയ്ഡഡ് ആക്കിയതിനെ സംബന്ധിച്ചും മറ്റും ചർച്ച നടത്തി.  ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് സ്കൂളില്ല, കോളേജില്ല, ബാങ്കിംഗ് സ്ഥാപനങ്ങളില്ല, ആശു

പത്രികളില്ല, എന്തിന് നല്ലൊരു മുറുക്കാൻ കടപോലുമില്ലാത്ത അവസ്ഥയാണ്. അതിനാൽ അവരുടെ സാമൂഹിക, സാമ്പത്തിക വളർച്ചയ്ക്ക് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുകയാണ്. മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പട്ടികജാതിക്കാർക്ക് വായ്പ അനുവദിച്ചതിൽ വൻ കുറവാണ് വന്നുകൊണ്ടിരിക്കുന്നതെന്ന് ഇന്ന് പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. വാർത്തകളിൽ പറയുന്നത്, 2010 വരെ പട്ടികജാതിക്കാർക്ക് കൊടുത്തിരുന്ന മൊത്തം വായ്പാ തുക 3281 കോടി രൂപയായിരുന്നു. 2011–ൽ അത് 3011 കോടി രൂപയായും 2012 ആയപ്പോഴേക്കും 2957 കോടി രൂപയായും കുറഞ്ഞിരിക്കുകയാണ്. മറ്റു വിഭാഗങ്ങൾക്ക് നൽകുന്ന വായ്പ 40000–50000 കോടി രൂപയായി വർദ്ധിപ്പിക്കുമ്പോൾ ഈ വിഭാഗത്തിന് വായ്പ കുറഞ്ഞു കുറഞ്ഞു വരികയാണ്. കുറയുന്നതിനു കാരണം, വ്യവസായമോ വ്യാപാരമോ മറ്റെന്തെങ്കിലും സ്ഥാപനങ്ങളോ നടത്തുന്നതിന് വായ്പ ലഭിക്കണമെങ്കിൽ അതിന് ഈട് കൊടുക്കണം. ഈട് നൽകണമെങ്കിൽ 5 സെന്റ് ഭൂമിയെങ്കിലും സ്വന്തമായി വേണം. ഇവിടെ ഒരു സെന്റുപോലും സ്വന്തമായി ഭൂമി ഇല്ലാത്ത ആളുകളാണ് ഭൂരിപക്ഷവും. ആ സ്ഥിതി ഇപ്പോഴും തുടരുന്നു എന്നുള്ളതാണ് ചിന്തിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഇവരുടെ സാമൂഹിക സാമ്പത്തിക അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ വേണ്ടി ഒട്ടേറെ പദ്ധതികൾ മാറിമാറി വന്ന ഗവൺമെന്റുകൾ ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീ. ടി.എ. അഹ്മദ് കബീർ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഏറെനേരം സംസാരിക്കുകയുണ്ടായി. മുസ്ലീം ജനവിഭാഗത്തിന്റെ പിന്നോക്കാവസ്ഥയും മുസ്ലീം വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുമാണ് കൂടുതലായി എടുത്തുപറഞ്ഞത്. അതോടൊപ്പം വിദ്യാഭ്യാസ

ത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം പറഞ്ഞു. മഹാനായ ഫൂലെ, അദ്ദേഹത്തിന്റെ സഹധർമ്മിണി സാവിത്രിദേവി, മഹാനായ അംബേദ്കർ എന്നിവരെക്കുറിച്ചുമെല്ലാം സൂചിപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസം നമ്മുടെ സാധാരണക്കാരായ ആളുകൾക്ക് ലഭ്യമാകാൻ കഴിയണമെന്നുണ്ടെങ്കിൽ..... അത് ഗവൺമെന്റിന്റെ നയം തന്നെയാണ്. സ്വാതന്ത്ര്യം കിട്ടിയിട്ട് 65 വർഷം പിന്നിട്ടിട്ടും ഇപ്പോഴും ഇന്ത്യയിലെ 40 ശതമാനം ആളുകൾക്ക് സ്വന്തം പേരുപോലും എഴുതാൻ അറിയാത്തവരായി ശേഷിക്കുകയാണ്. അത് നമുക്ക് അഭിമാനിക്കാൻ വക നൽകുന്ന കാര്യമല്ല. അഖിലേന്ത്യാതലത്തിൽ പരിശോധിച്ചാൽ പട്ടികജാതി ജനവിഭാഗങ്ങളിൽ ഏകദേശം 54 ശതമാനവും പട്ടികവർഗ്ഗത്തിൽ ഏകദേശം 47 ശതമാനവും ആളുകൾ നിരക്ഷരരാണ്. എന്നാൽ നമ്മുടെ കേരളത്തിലെ സ്ഥിതി വ്യത്യസ്തമാണ്. എന്തുകൊണ്ടാണ് കേരളത്തിലെ സ്ഥിതി വ്യത്യസ്തമായത് എന്ന് നാം പരിശോധിക്കേണ്ടതാണ്. 1957-ൽ ബാലറ്റ് പേപ്പറിലൂടെ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കൊണ്ടുവന്ന വിദ്യാഭ്യാസ പരിഷ്ക്കരണത്തിലൂടെ കേരളത്തിലെ എല്ലാ പാവപ്പെട്ടവന്റെ മക്കൾക്കും പഠിക്കാനുള്ള അവകാശം നേടിയെടുക്കാൻ കഴിഞ്ഞു എന്ന കാര്യം ശ്രീ. ടി. എ. അഹ്മദ് കബീർ മറന്നുപോയി. അദ്ദേഹം പറയാൻ മറന്നുപോയ മറ്റു കാര്യങ്ങളുമുണ്ട്. മലബാറിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ, അവിടത്തെ ന്യൂനപക്ഷങ്ങളുടേയും പിന്നോക്കക്കാരുടേയും വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കാൻ, മുസ്ലീം സമുദായത്തിൽപ്പെട്ട പാവപ്പെട്ട ആളുകൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കാൻ വേണ്ടി നടപ്പിലാക്കിയ പരിഷ്ക്കാരത്തിനെതിരായി, കമ്മ്യൂണിസ്റ്റ്കാർക്കെതിരായി, ഇടതുപക്ഷ ഗവൺമെന്റിനെതിരായി പറഞ്ഞു നടന്നിരുന്ന കാര്യമൊക്കെ

നിങ്ങൾക്കറിയാമല്ലോ? മലപ്പുറത്ത് കുട നന്നാക്കുന്ന ആളുകളേയും ചെരുപ്പ് കുത്തുന്ന ആളുകളേയും അദ്ധ്യാപകരാക്കി എന്ന് കളിയാക്കിയതാണ്. അങ്ങനെ കളിയാക്കിയത് എന്തിനു വേണ്ടിയായിരുന്നു എന്നുള്ളതെങ്കിലും ശ്രീ. ടി.എ. അഹ്മദ് കബീർ മനസ്സിലാക്കേണ്ടതാണ്. ഞാൻ പറഞ്ഞുവരുന്നത് വിദ്യാഭ്യാസമായും അല്ലാത്തതുമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വേണ്ടിയുള്ള നിലപാടുകൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചതുകൊണ്ടാണ് വിദ്യാഭ്യാസരംഗത്ത് കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് മുന്നോട്ടുവരാൻ കഴിഞ്ഞത്. മഹാനായ അയ്യങ്കാളിയെ കാണുന്നതിന് വേണ്ടി നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി എത്തിയപ്പോൾ നിങ്ങൾക്കെന്താണ് വേണ്ടതെന്ന് മഹാത്മജി ചോദിച്ചു. എന്റെ സമുദായത്തിൽപ്പെട്ട 10 ആളുകളെയെങ്കിലും ബി.എ.–ക്കാരായി കണ്ടിട്ടുമരിക്കണമെന്നാണ് എന്റെ ആഗ്രഹമെന്ന് മഹാനായ അയ്യങ്കാളി മഹാത്മജിയോട് പറഞ്ഞു. നമുക്കറിയാം 10 ബി.എ.ക്കാരല്ല ഇപ്പോഴുള്ളത്. പാവപ്പെട്ട ആളുകൾക്ക് നിരവധി രംഗങ്ങളിൽ വളർന്നു വരാൻ കഴിഞ്ഞു. ബി.എ.ക്കാരും, എം.എ.ക്കാരും, എം.എസ്.സി.ക്കാരും, ഐ.എ.എസ്.ക്കാരും, ഐ.പി.എസ്. ക്കാരും എല്ലാം തന്നെയുണ്ടായി.

ചീഫ് വിപ്പ് (<u>ശ്രീ. പി.സി. ജോർജ്</u>): കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസം നിയമപരമായി കൊടുത്തെങ്കിലും അയ്യങ്കാളിയെപ്പോലുള്ള ധീരരായ നേതാക്കൾ മുന്നിട്ടിറങ്ങിയതുകൊണ്ടാണ് വിദ്യാലയങ്ങളിൽ അവർക്ക് പ്രവേശനം ലഭിച്ചതെന്ന് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. തിരുവനന്തപുരം നഗരത്തിൽ അയ്യങ്കാളിയുടെ പേരിൽ ഒരു പ്രതിമയുണ്ട്. റോഡുവെട്ടാനായി ആ പ്രതിമ മാറ്റാനുള്ള തീരുമാനം തിരുവനന്ത

പുരം കോർപ്പറേഷന്റേതായി വന്നിരിക്കുകയാണ്. അതിനെ ശക്തമായി എതിർക്കാനുള്ള തന്റേടം ബഹുമാനപ്പെട്ട അംഗമെന്ന നിലയിൽ അങ്ങ് കാണിക്കുമോ; അയ്യങ്കാളിയുടെ പ്രതിമ മാറ്റുന്നത് ശരിയാണോ? അയ്യങ്കാളിയുടെ പ്രതിമ അവിടെ ഇരിക്കട്ടെ. അത് കാണുന്നതിൽ ഇത്ര വിഷമം ആർക്കാണ്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അത് പരിശോധിക്കേണ്ടതാണ്. അയ്യങ്കാളിയുടെ പ്രതിമ സ്ഥാപിക്കണമെന്നുള്ള അഭിപ്രായത്തോട് യോജിപ്പാണ് എനിക്കുള്ളത്. ഈ പാവപ്പെട്ട ജനവിഭാഗങ്ങളെ വർത്തമാനകാലഘട്ടത്തിൽ എങ്ങനെ നമുക്ക് കൂടുതൽ മുന്നോട്ട് നയിക്കാമെന്നതിനെ സംബന്ധിച്ചാണ് നാം ചർച്ച ചെയ്യേണ്ടത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഇന്നത്തെ സാമൂഹിക അന്തരീക്ഷത്തിൽ ഈ വിഭാഗത്തിന് വളർന്നുവരാൻ തടസ്സമായി നിൽക്കുന്ന ഒരുപാട് ഘടകങ്ങളുണ്ട്. ഗവൺമെന്റ് നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും അതിന്റെ ഗുണഫലം അവർക്ക് ലഭിക്കാതെ പോകുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. അതിന് നമുക്ക് എന്തുചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കണം. ഇതുപറയുന്ന സമയത്ത് ചിലപ്പോൾ ചില ആളുകൾക്കെങ്കിലും വിരോധം തോന്നും – ഈ ആഗോളവത്ക്കരണത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയും ദുരന്തം ഏറ്റവും കൂടുതൽ ഏറ്റുവാങ്ങേണ്ടിവരുന്നത് നമ്മുടെ സമൂഹത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളാണ്. സമത്വം ഉണ്ടാക്കാൻ കൊണ്ടുവന്ന ഈ സാമ്പത്തിക സ്ഥിതി കാരണം ഇന്ന് അസമത്വങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അത് ഏറ്റവും കൂടുതൽ പാവപ്പെട്ട ആളുകളെയാണ് ബാധിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അൽപ്പമെങ്കിലും മുന്നോട്ടുവന്നത് പൊതുവിദ്യാഭ്യാസ സമ്പ്രദായം നിലനിൽക്കുന്നതുകൊ

ണ്ടുമാത്രമാണെന്ന് നിങ്ങൾക്ക് എല്ലാവർക്കുമറിയാം. ആ പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ പൊതുജനാരോഗ്യ മേഖലയും തകർച്ച നേരിടുന്ന സ്ഥിതിയിലാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ഇല്ലാതാവുകയാണ്. നമുക്കറിയാം റിസർവ്വേഷനിലൂടെയാണ് കുറച്ചെങ്കിലും ആളുകൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ കടന്നുവരാൻ കഴിയുന്നത്. പ്ലാനിംഗ് ബോർഡിന്റെ ഒരു സ്റ്റഡി റിപ്പോർട്ട് ഈ അടുത്ത ദിവസം വരുകയുണ്ടായി. അവരുടെ അപ്രോച്ച് പേപ്പറിൽ പറയുന്നത് കേരളത്തിലെ പാവപ്പെട്ട മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്ന് ഒരാൾക്കെങ്കിലും സർക്കാർ മേഖലയിലോ പൊതുമേഖലയിലോ തൊഴിൽ കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണമെന്നാണ്. പക്ഷേ അതിനുവേണ്ടിയുള്ള യാതൊരു നടപടിയും നമ്മൾ സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല പൊതുമേഖലാ സ്ഥാപനങ്ങളെ ഇല്ലാതാക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് നടക്കുന്നത്. സർക്കാർ മേഖലയിലേക്ക് കൂടുതൽ ആളുകൾക്ക് കടന്നുവരാനുള്ള അവസരത്തിനു പകരം അത് കുറയ്ക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ് സ്വീകരിക്കുന്നത്. ആഗോളവത്ക്കരണ സാമ്പത്തിക നയത്തിന്റെ തുടർച്ചയെന്ന നിലയിൽ നമ്മുടെ രാജ്യത്തും നമ്മുടെ സംസ്ഥാനത്തുമെല്ലാം ആ നയം നടപ്പിലാക്കുന്നതിന്റെ ഫലമായി ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കേണ്ടിവരുന്ന വിഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർ മാറാൻ പോകുന്നുവെന്നുള്ളത് നാം തിരിച്ചറിഞ്ഞുകൊണ്ട് അതിന് പരിഹാരമെന്ന നിലയിൽ എന്താണ് ചെയ്യാൻ കഴിയുക എന്നത് സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യാം. ഇവിടെ സ്പെഷ്യൽ റിക്രൂട്ട്മെന്റിനെക്കുറിച്ച് ശ്രീ. ഐ.സി. ബാലകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി അദ്ദേഹം മുൻ മുഖ്യമന്ത്രി കെ. കരുണാകരനെയും സൂചിപ്പിച്ചു. ഇന്ന്

അദ്ദേഹത്തിന്റെ ജന്മദിനമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതുവരെ ഒരു യു.ഡി.എഫ്–ലെ ഒരംഗംപോലും അക്കാര്യം സൂചിപ്പിച്ചില്ല. അദ്ദേഹത്തിന്റെ സമ്മരണക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുകയാണ്. തീർച്ചയായും സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ ഈ പാവപ്പെട്ട ആളുകൾക്ക് വളർന്നുവരാനുള്ള അവസരമുണ്ടായിരുന്നു. കുറച്ചുകാലമായി അത് നിലച്ചിരിക്കുകയാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് കൊണ്ടുവരുന്നതോടൊപ്പംതന്നെ ഡയറക്ട് റിക്രൂട്ട്മെന്റും നടപ്പാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ആ രീതിയോട് യോജിക്കാൻ കഴിയില്ല. കാരണം അതുകൊണ്ടുള്ള പ്രയോജനം എസ്.സി./എസ്.ടി വിഭാഗങ്ങൾക്ക് കിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം കൊടുത്തുകൊണ്ടു മാത്രമേ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിയെടുക്കാൻ കഴിയൂ. ആ ലക്ഷ്യംവച്ചുകൊണ്ടാണ് നമ്മൾ മോഡൽ ആർ.എസ് സംസ്ഥാന വ്യാപകമായി ആരംഭിച്ചത്. ഞാൻ മനസ്സിലാക്കുന്നത് ഏകദേശം 27 മോഡൽ എസ്.എസ്–കൾ (18–ഓളം പട്ടികവർഗ്ഗ മോഡൽ ആർ.എസ്–ഉം, 9–ഓളം പട്ടികജാതി മോഡൽ ആർ.എസ്–ഉം) പട്ടികജാതിവികസന വകുപ്പിന്റെയും പട്ടികവർഗ്ഗ വികസനവകുപ്പിന്റെയും ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നുണ്ടെന്നാണ്. ഇതിലൂടെ ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം കൊടുത്തുകൊണ്ട് ഈ വിഭാഗത്തെ ഉയർത്തിയെടുക്കാൻ നമുക്ക് കഴിയണം. ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം നമുക്ക് കൊടുക്കാൻ കഴിയുന്നുണ്ടോ; ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നുണ്ടോയെന്ന് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. നമ്മൾ കുറച്ച് മുന്നോട്ടുപോയിട്ടുണ്ട്. കാരണം 1996–ൽ എൻട്രൻസ് പരീക്ഷയിൽ എസ്.സി./എസ്.ടി കുട്ടികളുടെ

എണ്ണം വളരെ കുറവായിരുന്നു. എന്നാൽ മോഡൽ ആർ.എസ് വ്യാപകമായി വന്നതോടുകൂടി എൻട്രൻസ് പരീക്ഷയിൽ എസ്.സി/എസ്.ടി കുട്ടികൾ മുന്നോട്ട് കടന്നുവരുന്ന കാഴ്ച നമുക്ക് കാണാൻ കഴിഞ്ഞു. അങ്ങനെ മോഡൽ ആർ.എസ്.കളിൽ പ്ലസ് ടൂ വരെ പഠിച്ച കുട്ടികൾക്ക് ഉയർന്ന് പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കാൻ കഴിയണം. പ്രൊഫഷണൽ കോളേജുകൾ നമ്മുടെ നാട്ടിൽ കൂണുപോലെ മുളച്ച് പൊന്തിയിട്ടുണ്ട്. അവിടെ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി കോടിക്കണക്കിന് രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്. അതിന്റെ നേട്ടം ഈ കുട്ടികൾക്ക് കിട്ടുന്നുണ്ടോ? സെൽഫ് ഫിനാൻസ് സ്ഥാപനങ്ങളിൽ നിന്ന് 30 ശതമാനം കുട്ടികളാണ് ആകെ വിജയിച്ചിരിക്കുന്നതെന്നാണ് കണക്കുകൾ കാണിക്കുന്നത്. സെൽഫ് ഫിനാൻസ് കോളേജിൽ പഠിച്ച 70 ശതമാനം കുട്ടികൾ തോൽക്കുകയും 30 ശതമാനം കുട്ടികൾ വിജയിക്കുകയും ചെയ്തു. ഈ മുപ്പത് ശതമാനത്തെ നാം നൂറു ശതമാനമാക്കി മാറ്റിക്കഴിഞ്ഞാൽ അതിൽ 2.2 ശതമാനം മാത്രമാണ് എസ്.സി/ എസ്.ടി കുട്ടികൾ ജയിച്ചിട്ടുള്ളതെന്നാണ് കണക്കാക്കിയിട്ടുള്ളത്. എത്ര കോടിരൂപയാണ് നാം അവർക്കുവേണ്ടി ചെലവഴിക്കുന്നത്? ഈ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലേക്ക് ഗവൺമെന്റിൽനിന്ന് പമ്പ് ചെയ്യുന്ന പണത്തിന്റെ ഗുണഫലം എസ്.സി/എസ്.ടി വിഭാഗത്തിലെ കുട്ടികൾക്ക് ലഭിക്കുന്നുണ്ടോയെന്നുള്ളത് നാം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. തീർച്ചയായും ഗവൺമെന്റ് തലത്തിൽത്തന്നെ ഈ വിഭാഗത്തിലെ കുട്ടികളെ പഠിപ്പിക്കാൻവേണ്ടി ഈ പൈസ ഉപയോഗപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി.സി. ജോർജ്: സർ, പണ്ടുകാലത്ത് പട്ടികജാതിക്കാരൻ എന്നുപറയുന്നത് ഭയങ്കര വിഷമമായിരുന്നു. ഇപ്പോൾ അതുമാറി പട്ടികജാതി ആയാൽമതിയെന്ന് ചിന്തിക്കുന്ന നിലയിൽ വന്നിരിക്കുന്നുവെന്ന് കാണുന്നതിൽ സന്തോഷമാണ്. 1936–ൽ ആണ് കേരളത്തിൽ ക്ഷേത്ര പ്രവേശന വിളമ്പരം ഉണ്ടായത്. ആ സമയത്ത് ക്ഷേത്രപ്രവേശനം ഉണ്ടായിരുന്നവർക്ക് ഒരിക്കലും പട്ടികജാതി ലിസ്റ്റിൽ വരാൻ കഴിയില്ല. 1975–നോ 1976 –നോ ശേഷം പട്ടികജാതി ലിസ്റ്റിൽ കടന്നുവരികയെന്ന് പറഞ്ഞാൽ അത് വ്യാജ പട്ടികജാതിക്കാരല്ലെ; ഈ വ്യാജപട്ടികജാതിക്കാരെ .....

മി. ചെയർമാൻ: നാലരമിനിറ്റ് അധികമായി.

ശ്രീ. പി.സി. ജോർജ്: ഉളളത് പറയുന്നതിന് എന്തിനാണ് ഇത്ര വിഷമം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിലേക്ക് കൊണ്ടുവരണമോ വേണ്ടയോയെന്നൊക്കെയുള്ള പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കേണ്ടത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഈ വിദ്യാഭ്യാസ രീതിയെ ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കണം. അതോടൊപ്പം തന്നെ നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പോരായ്മകൾ നാം തിരിച്ചറിയണം. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിമാരോട്, ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുളളത് ആട്, മാട്, കോഴി ഇവയൊക്കെ കൊടുക്കുന്നത് നിറുത്താൻ എന്തെങ്കിലും സംവിധാനമുണ്ടാക്കണമെന്നാണ്. കാരണം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ രക്ഷപ്പെടുത്താൻ വേണ്ടി നമ്മൾ ഏറ്റവും കൂടുതൽ കൊടുത്തത് ആട്, കോഴി, മാട്, താറാവ് ഒക്കെയാണ്, അവസാനം ആനയേയും കൊടുത്തുനോക്കി. രക്ഷപ്പെടട്ടേയെന്ന് വിചാരിച്ച് ആനയെകൊടുത്തപ്പോഴും അതിനെ കൊണ്ടുപോയി

കെട്ടാൻ സ്ഥലമുണ്ടോയെന്ന് നോക്കിയില്ല. വിത്ത്, വളം, കീടനാശിനി, ട്രാക്ടർ, ഡ്രില്ലർ, ആട്, മാട്, കോഴി അതെല്ലാം ഒരുപാട് കൊടുത്തിട്ടുണ്ട്, ഇനി വേണ്ടത് അതല്ല. ഈ കാലഘട്ടത്തിന് അനുസരിച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ നമുക്ക് കഴിയണം. ലോകം വലിയ രീതിയിൽ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ദൈവകണംപോലും കണ്ടുപിടിച്ച് കഴിഞ്ഞിരിക്കുകയാണ്. നമ്മൾ ഇപ്പോഴും പഴയ അവസ്ഥയിലാണ് നിൽക്കുന്നത്. വലിയ രീതിയിലുള്ള മാറ്റം സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക ജനവിഭാഗങ്ങളിലെ സാമൂഹിക, സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന രീതിയിലുള്ള ശരിയായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അതുപോലെതന്നെ, ത്രിതല പഞ്ചായത്തുകൾക്ക് ഏറ്റവും കൂടുതൽ പണം ഡീസെൻട്രലൈസ് ചെയ്തിരിക്കുന്നത് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നാണ്. 15 വർഷമായി, അതായത് ഒൻപതാം പഞ്ചവത്സരപദ്ധതിയോടുകൂടിയാണ് ത്രിതല പഞ്ചായത്തിൽ കൂടുതൽ അധികാരവും സമ്പത്തും കൊടുത്തത്. അങ്ങനെ കൊടുത്ത സമ്പത്ത് ഏറ്റവും ഫലപ്രദമായിട്ടാണോ വിനിയോഗിച്ചതെന്ന വിമർശനാത്മകമായ ഒരു പരിശോനയ്ക്ക് വിധേയമാക്കണം. ഇവിടെ പട്ടികജാതിക്കാരുടെയും/പട്ടികവർഗ്ഗത്തിന്റെയും ക്ഷേമത്തിനായി ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കുന്ന പൈസ ഏറ്റവും ഫലപ്രദമായിട്ടാണോ ചെലവഴിക്കുന്നതെന്ന് പരിശോധിക്കാനുള്ള സംവിധാനമുണ്ടായിരുന്നു. ആ സംവിധാനം എത്രകണ്ട് ഭംഗിയായി നിർവ്വഹിക്കാൻ കഴിയുന്നുണ്ടെന്ന് പരിശോധിക്കണമെന്ന് ശ്രീ. പി.സി. ജോർജ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. എ.കെ. ബാലൻ കഴിഞ്ഞ അഞ്ചുവർഷക്കാലം മന്ത്രിയാ

യിരുന്ന സന്ദർഭത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് കൊടുത്ത സംഖ്യ അത് ഫലപ്രദമായിട്ടാണോ ചെലവഴിച്ചതെന്ന് റിവ്യൂ ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കിയിരുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല, നമ്മുടെ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന്റെ ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കാൻ എക്കാലത്തും ശ്രമിച്ചത് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടു തന്നെയാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് സ്വാധീനവും കരുത്തും ശേഷിയുമില്ലാത്ത സ്ഥലങ്ങളിൽ അടിസ്ഥാനവർഗ്ഗം ഇന്നും അടിമകളെപ്പോലെ കഴിയേണ്ടിവരുന്നത്. എവിടെയാണോ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും അൽപ്പമെങ്കിലും ശേഷിയും കരുത്തുമുള്ളത് അവിടെയാണ് പാവപ്പെട്ടവന്റെ ജീവിതത്തിൽ അൽപ്പമെങ്കിലും മാറ്റം ഉണ്ടായിരിക്കുന്നത്. അത് മനസ്സിലാക്കാൻ കേരളത്തിലെ ജനങ്ങൾ സന്നദ്ധമാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇടതുപക്ഷ പ്രസ്ഥാനങ്ങളെ തകർക്കുകയെന്ന ലക്ഷ്യംവച്ചുകൊണ്ട് നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്ന സന്ദർഭമാണിത്. ഒരു കാരണവശാലും ഇടതുപക്ഷ പ്രസ്ഥാനങ്ങളെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെയും തകർക്കാൻ കേരളത്തിലെ പാവപ്പെട്ടവരും അദ്ധ്വാനിക്കുന്നവരും സമ്മതിക്കില്ലായെന്ന് തിരിച്ചറിയാൻകൂടി ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊണ്ട്, ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ ധനാഭ്യർത്ഥകളെ ഞാൻ ആത്മാർത്ഥത മായി അഭിമാനത്തോടെ പിന്തുണയ്ക്കുകയാണ്. ചൂഷണത്തിന് ഇരയായ ഒരു സമൂഹത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനും അതോടൊപ്പം തന്നെ അനന്ത സാദ്ധ്യതകളിലുള്ള ഒരു മേഖലയെ പരമാവധി പോസിറ്റീവായി ചൂഷണം ചെയ്യുന്നതിനുകൂടി ഉപയോഗപ്പെടുത്താവുന്ന തര ത്തിൽ പട്ടികജാതി വകുപ്പിനെയും ടൂറിസം വകുപ്പിനെയും സമന്വയിപ്പിച്ച് കൊണ്ടുപോകാൻ ശ്രമിക്കുന്ന ബഹുമാന്യനായ മന്ത്രി ശ്രീ. എ.പി. അനിൽകു മാറിനെ ഞാൻ അഭിനന്ദിക്കുന്നു. ഒപ്പം പട്ടികവർഗ്ഗത്തിന് കേരള ചരിത്രത്തിൽ ആദ്യമായി ആ വിഭാഗത്തിൽ നിന്ന് തന്നെ ഒരു മന്ത്രിയെ സമ്മാനിച്ച പ്രിയങ്ക രിയായ കുമാരി പി.കെ. ജയലക്ഷ്മി, ആ വർഗ്ഗത്തിലെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി നടത്തിയ ശ്രമങ്ങളെയും ഞാൻ ആത്മാർത്ഥമായി പിന്തുണക്കുന്നു. ആഗോള ദേശീയ ഉൽപ്പാദനത്തിന്റെ 63.29% ആഗോള തലത്തിൽ ഇന്ന് ടേർഷ്യറി സെക്ടർ ആണ് സംഭാവന ചെയ്തു കൊണ്ടിരിക്കുന്നത്. സേവന മേഖല ഇതിനേറ്റവും പ്രധാനപ്പെട്ട സംഭാവന നൽകുകയും അതിന്റെ ഒരാണിക്കല്ലായി മാറുകയും ചെയ്തുകൊ ണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ഇന്ത്യയുടെ ടേർഷ്യറി സെക്ടർ 55.2% ഇതിലേക്ക് സംഭാവന ചെയ്തു. എന്നാൽ ആഗോള ശരാശരിയെക്കാൾക്കൂടു തൽ ഇന്ത്യയിലെ ശരാശരിയെക്കാൾക്കൂടുതൽ അതായത് 66.28% ഇതിലേക്ക് സംഭാവന ചെയ്തുകൊണ്ട് കേരളം ഇതിന്റെ മുമ്പെ നടക്കുകയാണ് എന്നത് നമുക്ക് പ്രത്യേകം കാണേണ്ടിവരും. അതുകൊണ്ടുതന്നെ ഇനി ഈ നാടിന്റെ വികസനത്തിന് സേവന മേഖല വഹിക്കാനുള്ള പ്രധാനപ്പെട്ട പങ്കിനെ വിളിച്ച റിയിക്കുന്ന കണക്കുകളാണ് എല്ലാ പഠനങ്ങളും നമ്മുടെ മുമ്പാകെ വ്യക്തമാ

ക്കുന്നത്. കാർഷിക രംഗത്തേയും വ്യവസായ രംഗത്തേയും വളർച്ച പല പ്പോഴും മുരടിക്കുകയും കാർഷിക രംഗം നമ്മൾ ഉദ്ദേശിക്കുന്ന തരത്തിലേക്ക് മുന്നോട്ടുവരാതിരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ വ്യവസായ രംഗത്തെ വളർച്ചയ്ക്ക് സാമ്പത്തിക മാന്ദ്യങ്ങൾ ഉൾപ്പെടെയുള്ള വലിയ പ്രതിബന്ധങ്ങൾ നിൽക്കുകയും ചെയ്യുമ്പോൾ ഈ മേഖലയുടെ സാധ്യത കളെ തിരിച്ചറിഞ്ഞ് സർക്കാരുകൾ ടൂറിസം മേഖലയ്ക്ക് അതിയായ പ്രാധാ ന്യം നൽകേണ്ടതുണ്ട് എന്ന് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. തൊഴിൽ രംഗത്തും ഈ നാടിന്റെ വരുമാനത്തിലും അതുപോലെ തന്നെ വിദേശ നാണ്യത്തിലും പ്രാദേശിക വികസനത്തിലുമെല്ലാം നേരിട്ട് എഫക്ട് ലഭി ക്കുന്ന ഒരു മേഖലയാണ് കേരളത്തിന്റെ ടൂറിസം മേഖല. തൊഴിലില്ലായ്മയെ ക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന, പ്രസംഗിക്കുന്ന ഞാനുൾപ്പെടെയുള്ള ആളുകളുടെ മുമ്പാകെ ഈ കണക്കുകൾ വളരെ പ്രധാനപ്പെട്ടതാണ്. ഹാസ്പിറ്റാലിറ്റി സ്റ്റാഫിന്റെ ലഭ്യത ഒരു വർഷം നമുക്ക് ലഭിക്കുന്നത് വെറും പന്ത്രണ്ടായിരമാണെങ്കിൽ കണക്കുകൾ വ്യക്തമാക്കുന്നത് ഒരു വർഷം ചുരു ങ്ങിയത് ഏബിളായിട്ടുള്ള, സ്കിൽഡായിട്ടുള്ള രണ്ടു ലക്ഷം ആളുകളുടെ ഒഴി വുകൾ ഇന്നും നികത്തപ്പെടാതെ ടൂറിസം മേഖലയിലുണ്ടെന്ന് നമ്മൾ തിരിച്ച റിയേണ്ടിയിരിക്കുന്നു. അതുകൊണ്ടുതന്നെ ആ മേഖലയിലേക്ക് കൂടുതൽ ചെറുപ്പക്കാരെ ആകർഷിക്കുന്നതിന് ആ മേഖലയെ കൂടുതൽ വിപുലീകരിച്ച് നമ്മുടെ ഇക്കോണമിയുടെ നട്ടെല്ലായി ഈ മേഖലയെ മാറ്റുന്നതിന് കർമ്മ പദ്ധതികൾക്ക് കേരളത്തിന്റെ ഗവൺമെന്റ് രൂപം കൊടുക്കുമെന്ന പ്രതീക്ഷ യാണ് ഞങ്ങൾക്കുള്ളത്. 45 ലക്ഷം കോടിരൂപയുടെ വ്യവസായമായി ടൂറിസം രാജ്യത്ത് മാറിയിട്ടുണ്ട്. 940 ദശലക്ഷം സഞ്ചാരികൾ ഓരോ

വർഷവും ലോകത്ത് ടൂറിസം മേഖലകളിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. 2010–ലെ മൊത്തം ജി.ഡി.പി.യുടെ സംഭാവനയായി 9.1 ശതമാനം നൽകുന്നത് ടൂറിസം മാത്രമാണ്. ഗ്ലോബൽ എംപ്ലോയ്മെന്റിന്റെ 8.8 ശതമാനം ഈ മേഖലയിൽ നിന്നാണ് നമുക്കുള്ളത്. പക്ഷേ നമ്മളോർക്കണം, ഇത്രയും ടൂറിസ്റ്റുകളെ നമ്മൾ സ്വാഗതം ചെയ്യുമ്പോഴും ലോകത്തെ സഞ്ചാരികളുടെ മൊത്തം ഒരു ശതമാനം മാത്രമാണ് നമുക്ക് ലഭിക്കുന്നത്. ലോകത്തെ സഞ്ചാരികൾ ചെലവഴിക്കുന്ന പണംകൊണ്ട് ടൂറിസത്തിന് ലഭിക്കുന്നത് വെറും 11.39 ബില്യൻ മാത്രമാണ് അതിന്റെ പെർസെന്റേജ് വച്ച് ലഭിക്കുമ്പോൾ നമുക്ക് ലഭിക്കുന്നത്. 5.58 ദശലക്ഷം യാത്രക്കാർ മാത്രമാണ് നമുക്ക് വരുന്നത്. 1976–ൽ കോവളത്തുനിന്നാണ് നമ്മുടെ ടൂറിസംസ്വപ്നങ്ങൾക്ക് നാം ചിറക് കൊടുക്കുന്നത്. 1986–ൽ അതൊരു വ്യവസായമായി പ്രഖ്യാപിച്ചു. അതിന്റെ വളർച്ച നമുക്ക് നോക്കിക്കാണാൻ സാധിക്കും. 1986–ൽ വെറും അൻപതിനായിരം സഞ്ചാരികളും 16 കോടി രൂപയുടെ വരുമാനവുമുണ്ടായിരുന്ന ഒരു മേഖല 2010 ആകുമ്പോഴേക്കും വിദേശ സഞ്ചാരികളുടെ മാത്രം എണ്ണം ആറ് ലക്ഷമായി വർദ്ധിക്കുകയും 37.97 ബില്യൻ ആയി നമ്മുടെ വരുമാനം ഇതിൽ നിന്ന് മാറുകയും ചെയ്യുകയാണ്. സാമ്പത്തിക മാന്ദ്യം വന്നപ്പോൾ വിദേശത്തുനിന്ന് വരുന്ന സഞ്ചാരികളുടെ എണ്ണത്തിൽ ചെറിയൊരു മാറ്റമുണ്ടായെങ്കിലും ആഭ്യന്തര ടൂറിസത്തിന്റെ പ്രത്യേകതകൾ നമ്മൾ എടുത്തുകാണിക്കണം. 1991–ൽ 66.6 ദശലക്ഷം ആളുകളായിരുന്നുവെങ്കിൽ 2010 ആകുമ്പോഴേക്കും 740.21 ദശലക്ഷം ആകും. 10.7 ശതമാനം വളർച്ച ആ മേഖലയിൽ പത്തിരുപതു വർഷം കൊണ്ടുണ്ടാക്കാൻ നമുക്ക് കഴിയുകയാണ്. വിദേശനാ

ണ്യം ഇവിടെ വരുന്നതിൽ 24.06 ശതമാനം വളർച്ചയാണ് ടൂറിസം മേഖല നമുക്കുവേണ്ടി മാറ്റിവയ്ക്കുന്നത്. അതുകൊണ്ടുതന്നെ അടുത്ത ഡീക്കേയ്ഡിൽ ഡബ്ല്യു.ടി.ടി.സി.യുടെ പഠനങ്ങൾ വ്യക്തമാക്കുന്നത് അടുത്ത ഒരു ദശകത്തിനിടയ്ക്ക് ഏറ്റവും കൂടുതൽ വളർച്ചാ സാധ്യതയുള്ള ടൂറിസ്റ്റ് രാജ്യമായി ഈ ലോകം നോക്കി കാണുന്നത് ഇന്ത്യയാണ് എന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. ടർക്കിക്കുശേഷം ഏറ്റവും കൂടുതൽ ഏകദേശം 9.7 ശതമാനം വളർച്ച നമ്മുടെ രാജ്യത്തിന് ഉണ്ടാകുമെന്നിരിക്കെ ഈ മേഖലയിലേയ്ക്ക് കൂടുതൽ ഇൻപുട്ട് നൽകാൻ ഗവൺമെന്റ് തയ്യാറായേ പറ്റൂ. മറ്റുള്ള മേഖലകളിലെല്ലാം ആയിരക്കണക്കിന് കോടി നമ്മൾ നീക്കിവയ്ക്കുമ്പോൾ ഏകദേശം 37 ബില്യൺ വരുമാനമുള്ള ഒരു മേഖലയിലേയ്ക്ക് നമ്മുടെ ഗവൺമെന്റ് വിഹിതമായി നീക്കി വയ്ക്കുന്നത് നൂറോ നൂറ്റമ്പതോ കോടി രൂപ മാത്രമാണ്. ഇതിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞുകൊണ്ട് കേരളത്തിനൊരു ആഗോള ടൂറിസത്തിൽ, കേരളത്തിന് സ്വന്തമായി ഒരു ബ്രാൻഡ് നിശ്ചയിച്ചുകൊണ്ട് 'ഗോഡ്സ് ഓൺ കൺട്രി' എന്നു വിളിക്കപ്പെടുന്ന ഈ സംസ്ഥാനത്തിന്റെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്താൻ നാം തയ്യാറാകേണ്ടിയിരിക്കുന്നു.

ശ്രീ. പാലോട് രവി: സർ, ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്തേക്ക് വരുന്നതിൽ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വളരെ കുറവാണ് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ, ഏറ്റവും കൂടുതൽ സാമ്പത്തിക വരുമാനം ഉണ്ടാകുന്നത് യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് വരുന്ന ടൂറിസ്റ്റുകളുടെ ഭാഗത്ത്

നിന്നാണ്. ആ വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് കൊണ്ടുവരുന്നതിന് പ്രത്യേകമായ പരിപാടി ആവിഷ്കരിക്കുന്നത് നല്ലതല്ലേ?

ശ്രീ. ഷാഫി പറമ്പിൽ: സർ, വിദേശ രാജ്യങ്ങളിൽ നിന്ന് വരുന്ന ടൂറിസ്റ്റുകളുടെ ശതമാന കണക്കുനോക്കുമ്പോൾ ഇന്ത്യയിലേക്ക് ഏറ്റവും കൂടുതൽ ആളുകൾ വരുന്നത് യു.കെ.യിൽ നിന്നാണ് എന്നുള്ളതാണ്. കേരളത്തിലേക്കും ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ വരുന്നത് യു.കെ.യിൽ നിന്നാണ് എന്നാണ് ശതമാന കണക്കുകൾ വ്യക്തമാക്കുന്നത്. നമുക്ക് അവരെ കൂടുതൽ ആകർഷിച്ചേ പറ്റൂ. അതിന് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ്, അതിന് ഈ നാട്ടിൽ ഉണ്ടാക്കിക്കൊടുക്കേണ്ട അടിസ്ഥാന സൗകര്യരംഗത്തെ മാറ്റങ്ങൾക്കെല്ലാം തന്നെ ടൂറിസ്റ്റുവകുപ്പിന് നേതൃത്വം കൊടുക്കുന്ന ബഹുമാന്യനായ മന്ത്രി, അദ്ദേഹത്തിന്റെ ടൂറിസ്റ്റ് നയത്തിൽ വളരെ വിശദമായി അതിനെ പ്രതിപാദിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ കേരളത്തിന്റെ ഭാവി വളർച്ചയുടെ ഏറ്റവും സുപ്രധാനമായ നാഴികക്കല്ലായി നമുക്ക് ഈ ടൂറിസം മേഖലയെ കാണാൻ കഴിയുമെന്നുള്ളതുകൊണ്ട് ഈ മേഖലയിൽ അങ്ങ് നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ആത്മാർത്ഥമായ പിന്തുണ നൽകാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ആഗോള ബ്രാൻഡായി ടൂറിസത്തെ മാറ്റണമെന്ന് പറയുമ്പോൾ നമുക്കൊരു ബ്രാൻഡ് അംബാസിഡറെ വയ്ക്കേണ്ടിഇരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചില ആലോചനകളെല്ലാം നടന്നു. ബഹുമാന്യനായ സച്ചിൻ രമേഷ് ടെണ്ടുൽക്കറെപ്പോലെ ലോകം അംഗീകരിക്കുന്ന കായിക താരങ്ങളെയോ അതല്ലെങ്കിൽ എ.ആർ. റഹ്മാനെപ്പോലുള്ള മുസിഷ്യൻമാരെയോ ഇതിന്റെ ബ്രാൻഡ് അംബാസിഡർമാരായി നിയമിക്കുന്നത്.... കാരണം ആഭ്യന്തര ടൂറിസത്തിന്റെ അനുപാതം പണ്ടുകാ

ലത്ത് 70 ശതമാനം വിദേശ ടൂറിസത്തിനും 30 ശതമാനം ആഭ്യന്തര ടൂറിസത്തിനും മാത്രമാണ് മാറ്റി വച്ചിരുന്നതെങ്കിൽ ഇന്ന് 50:50 അനുപാതമാക്കി അത് മാറിയിട്ടുണ്ട്. ആഭ്യന്തര ടൂറിസം വളർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സച്ചിനെപ്പോലെ ഇന്ത്യാരാജ്യത്ത് എതിർപ്പുകളില്ലാതെ അംഗീകരിക്കപ്പെടുന്ന ഒരാളെ ഇതിന്റെ അംബാസിഡറായി നിയമിക്കുകയാണെങ്കിൽ മറ്റെല്ലാ മേഖലകളും തളരുന്നു എന്നുപറയുമ്പോഴും ഏറ്റവും വലിയ വളർച്ചയ്ക്ക് സാധ്യതയുള്ള മേഖലയായി നമുക്കിതിനെ മാറ്റാൻ കഴിയും. ഇന്നിവിടെ ബഹുമാന്യനായ മുൻ സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ച ഒരു പ്രസക്തമായ കാര്യം കണികൾക്ക് എങ്ങനെ പിണ്ഡം ലഭിച്ചു എന്ന ഹിഗ്സ് ബോസോണിന്റെ കണ്ടുപിടിത്തം ഇന്ന് സ്വിറ്റ്സർലണ്ടിലെ സേണിലെ ശാസ്ത്രജ്ഞർ കണ്ടുപിടിച്ചിരിക്കുന്ന ഒരു സമയത്താണ് ഈ സഭ ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ലോകത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായേക്കാവുന്ന ആ കണ്ടെത്തലുകൾ നടത്തിയ ശാസ്ത്രജ്ഞൻമാരെ ഈ സഭയ്ക്കുവേണ്ടി ഒരു പുതിയ അംഗമെന്ന നിലയിൽ ആത്മാർത്ഥമായി അഭിനന്ദിക്കാൻ ഞാൻ വിനിയോഗിക്കുകയാണ്. പക്ഷേ ഒരു കാര്യം, സങ്കടം എന്നുപറയേണ്ടിയിരിക്കുന്നത് കണികൾക്ക് എങ്ങനെ പിണ്ഡം ലഭിച്ചു എന്നതിനെ സംബന്ധിച്ചു നിർണ്ണായകമായ കണ്ടുപിടിത്തം സേണിലെ ശാസ്ത്രജ്ഞർ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ യഥാർത്ഥ കമ്മ്യൂണിസ്റ്റുകളെ എങ്ങനെ പടിയടച്ചു പിണ്ഠം വയ്ക്കാമെന്നുള്ള ഗവേഷണമാണ് ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ നടത്തിക്കൊണ്ടിരിക്കുന്നത് എന്നുള്ളത് ഖേദകരമാണ്. നമുക്കറിയാം റോൾഫ് ഹ്യൂയറെപ്പോലെ ജോ ഇൻകാൻഡലയെപ്പോലെ ഫാബി

യയോള ജിയോനാറ്റിയെപ്പോലുള്ള ശാസ്ത്രജ്ഞരാണ് ഇതുപോലുള്ള കണ്ടെത്തലുകൾ നടത്താൻ ശ്രമിക്കുന്നതെങ്കിൽ ഇവിടെ ബഹുമാന്യനായ പാർട്ടി സെക്രട്ടറി പിണറായി വിജയനും ബഹുമാന്യനായ മുൻ ആഭ്യന്തരമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണനേയും പ്രിയപ്പെട്ട പി. ജയരാജനേയും പോലുള്ള ആളുകൾ പാർട്ടിയിലെ കമ്മ്യൂണിസ്റ്റുകളെ പടിയടച്ചുപിണ്ഡം വയ്ക്കുന്ന, ആ പിണ്ഡത്തെ സംബന്ധിച്ചാണ് ഇവർ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ടി.പി. ചന്ദ്രശേഖരനെപ്പോലുള്ള യഥാർത്ഥ കമ്മ്യൂണിസ്റ്റുകളെ ഉന്മൂലനം ചെയ്യാൻ ഇവർ തയ്യാറായിവന്നത് എന്ന് നമുക്ക് പറയേണ്ടിവരും. ഞാൻ ഇന്നു കാലത്തും കേട്ട ഒരു പ്രസംഗം ബഹുമാന്യനായ ശ്രീ. പി. റ്റി.എ. റഹീം നടത്തിയ പ്രസംഗത്തിലെ ഏറ്റവും ഖേദകരം എന്നു പറയട്ടെ രമ മാത്രമാണ് ആ മേഖലയിലെ.........

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ശ്രീ. ജി. സുധാകരൻ പ്രസംഗിച്ചപ്പോൾ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ മൂലധനം മലയാളത്തിൽ തർജ്ജിമ ചെയ്തിട്ടുണ്ട്. നമ്മൾ ഇതെല്ലാം വാങ്ങിച്ച് വായിച്ച് പഠിച്ച് കമ്മ്യൂണിസ്റ്റുകാരെ തിരിച്ചറിയണമെന്നാണ് പറയുന്നത്. എറണാകുളത്ത് പാർട്ടിയുടെ ജില്ലാ കമ്മിറ്റി ഓഫീസിൽ ഒളിക്യാമറ വയ്ക്കാൻ വേണ്ടിയിട്ട് പുസ്തകം അന്വേഷിച്ചപ്പോൾ മൂലധനത്തിലാണ് വച്ചിരുന്നത് കാരണം ഇത് ഒരു കാരണവശാലും അവിടെ എടുക്കാത്ത ഒരു പുസ്തകം ഇതാണെന്നുള്ളതുകൊണ്ട് ഒളിക്യാമറ അതിലാണ് വച്ചത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, പാർട്ടി ഓഫീസുകളിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യം അങ്ങ് ഇവിടെ സൂചിപ്പിച്ചപ്പോൾ ഒരു കാര്യം കൂടി ഞാൻ ഇവിടെ ഓർക്കുകയാണ്. പത്തനംതിട്ടയിലെ പാർട്ടി ഓഫീസിൽ നിന്ന്

കാണാതെ പോയത് മൂലധനമോ ബഹുമാന്യനായ കെ.എൻ.എ. ഖാദർ കൊണ്ടുവന്ന പുസ്തകങ്ങളോ ഒന്നുമല്ല. ഇപ്പോൾ വാർത്തകൾ പുറത്തുവന്നു കൊണ്ടിരിക്കുന്നത് പത്തനംതിട്ട പാർട്ടി ഓഫീസിൽ നിന്ന് ഇരുപത്തിനാല് ലക്ഷം രൂപ കാണാതെ പോയി എന്നതിനെ സംബന്ധിച്ചുള്ള അന്വേഷണ മാണ് സി.പി.ഐ.(എം) നടത്തിക്കൊണ്ടിരിക്കുന്നത്. ഗോപി കോട്ടമുറിക്കലി നെതിരായി പണി കൊടുത്തതിന് തിരിച്ചൊരു പണി കൊടുക്കാൻ ചില ആളു കൾ തയ്യാറാക്കിയ നാടകമാണ് അതെന്നുപോലും പാർട്ടിയ്ക്കകത്തുതന്നെ സംസാരമുണ്ട്. ഇവിടെ ഇരിക്കുന്ന ബഹുമാന്യരായ ആളുകൾ അതിനെ സംബന്ധിച്ചൊരന്വേഷണം നടത്തണം. അറിയാത്ത പ്രിയപ്പെട്ട സഖാക്കളു ണ്ടെങ്കിൽ അവരുകൂടി ഒന്നു നടത്തണമെന്ന് ആഗ്രഹിക്കുകയാണ്. അതു പോലെ തന്നെ അബ്ദുൾ നാസർ മ്അദനിയെ കണ്ടതിനെ സംബന്ധിച്ച് വലിയ പ്രസംഗം നടത്തിയത് ഞാൻ കേട്ടു. പണ്ട് പറഞ്ഞതുപോലെ

കൊണ്ടു നടന്നതും നീയേ ചാപ്പാ

കൊണ്ടുപോയി കൊല്ലിച്ചതും നീയേ ചാപ്പാ

എന്നു പറഞ്ഞതുപോലെ അവിടെ പിടിച്ചുകൊടുത്തതും ഇവിടെ തിരിച്ചുവന്ന പ്പോൾ കടപ്പുറത്ത് സ്വീകരണം കൊടുക്കാൻ മന്ത്രിമാരുടെ നീണ്ട നിര പോയതും വീണ്ടും പിടിച്ചുകൊടുത്തതും എന്നിട്ട് ഈ നിയമസഭയിൽ വന്ന് അതിനു വേണ്ടി മുതലക്കണ്ണീർ പൊഴിക്കുകയും ചെയ്യുന്നത് വലിയ കഷ്ട മാണ്. ഷുക്കൂറിന്റെ കൊലപാതകത്തെ സംബന്ധിച്ച് പറഞ്ഞു രാഷ്ട്രീയ കൊലപാതകം......

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള പോലീസ് അന്ന് അർഷിത അട്ടല്ലൂരി എന്ന ഒരു പോലീസ് ഉദ്യോഗസ്ഥ ഗ്രനേഡ് പൊട്ടിച്ചിട്ടാണ് അൻവാർശ്ശേരിയിൽ നിന്നും അബ്ദുൾ

നാസ്സർ മ്അദനിയെ പിടിച്ചുകൊണ്ടുപോയി എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, അതാണ് ഞാൻ സൂചിപ്പിച്ചത് പിടിച്ചുകൊടുക്കുന്നതും വരുമ്പോൾ സ്വീകരിക്കുന്നതും പിന്നെ കൊണ്ടുകൊടുക്കുന്നതും ഇവിടെ വന്ന് പ്രസംഗിക്കുന്നതും ഇവർ തന്നെയാണ് എന്നുള്ളതാണ് ഏറ്റവും ഖേദകരം. അതുകൊണ്ട് ഈ കാര്യങ്ങൾ കേരളത്തിലെ സമൂഹം തിരിച്ചറിയുമെന്നുള്ളതിൽ ഒരു തർക്കവുമില്ല. ഇരട്ടത്താപ്പുകൾ കേരളത്തിൽ തിരിച്ചറിയപ്പെടും. ഒപ്പം പട്ടികജാതി വകുപ്പുമന്ത്രിയോടുള്ള പാലക്കാടിന്റെ നന്ദികൂടി ഇവിടെ രേഖപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. പാലക്കാട്ടെ ജനങ്ങളുടെ ഏറ്റവും വലിയ സ്വപ്നമായിരുന്നു ഒരു മെഡിക്കൽ കോളേജ് എന്നത്. ചികിൽസയ്ക്കുവേണ്ടി കോയമ്പത്തൂരിലേയ്ക്കോ തൃശ്ശൂരിലേയ്ക്കോ ഉള്ള യാത്രാമദ്ധ്യേ ജീവൻ നഷ്ടപ്പെട്ട പാലക്കാട്ടുകാരുടെ എണ്ണമെത്രയാണ് എന്നുള്ള ഔദ്യോഗിക കണക്ക് ആരുടെ പക്കലുമില്ല. ഒരു സർക്കാർ മെഡിക്കൽ കോളേജിനുവേണ്ടി കാത്തിരിക്കുമ്പോൾ തന്നെ അവിടത്തെ മെഡിക്കൽ സംവിധാനങ്ങൾ സ്വകാര്യ മേഖലയിൽപ്പോലും മതിയായ മെഡിക്കൽ സംവിധാനങ്ങളില്ലാതെ കുതിരാനിലേയ്ക്കുള്ള ബ്ലോക്കിൽ തൃശ്ശൂരിലേയ്ക്കുള്ള യാത്രാമദ്ധ്യേയും അതുപോലെ തന്നെ വാളയാറിലെ ബ്ലോക്കിൽ കോയമ്പത്തൂരിലേക്കുള്ള യാത്രാമദ്ധ്യേയും ഏറ്റവുമധികം പട്ടികജാതിയിൽപ്പെട്ട ബഹുമാന്യരായ ജനങ്ങൾ ജീവിക്കുന്ന ആ ജില്ല ഇത്രയും കാലം കഷ്ടപ്പെട്ടിരുന്നുവെങ്കിൽ അവിടേയ്ക്ക് ഒരു മെഡിക്കൽകോളേജ് അനുവദിച്ചുതന്ന ബഹുമാന്യനായ പട്ടികജാതി വകുപ്പുമന്ത്രിയേയും മുഖ്യമന്ത്രിയേയും പാലക്കാട്ടെ ജനങ്ങൾക്കുവേണ്ടി ഏറ്റവും സ്നേഹപൂർവ്വം അഭിവാദ്യം ചെയ്യാൻകൂടി ഞാൻ ഈ പ്രസംഗം ഉപയോഗപ്പെടുത്തുക

യാണ്. ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ആത്മാർത്ഥമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിനാനോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾക്കുവേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട് കിടന്നിരുന്ന ജനവിഭാഗം, പദവികളിൽനിന്നും അധികാരത്തിൽനിന്നും സാമൂഹ്യപുരോഗതിയിൽനിന്നും മാറ്റി നിറുത്തപ്പെട്ട ജനവിഭാഗം, പുതിയ ജ്ഞാന മണ്ഡലത്തിലേയ്ക്കും സ്വത്വബോധത്തിലേയ്ക്കും കടന്നുവരുന്ന ദളിത് മുന്നേറ്റത്തിന്റെ മനോഹരമായ കാഴ്ചകളാണ് ഇന്ത്യയിലുടനീളം നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. പ്രബുദ്ധ കേരളത്തെ സംബന്ധിച്ചിടത്തോളം ദളിതർ പുരോഗതിയിലും നവോത്ഥാനത്തിലും ഏറെ മുന്നിലാണ്. എന്നാൽ ഇന്നും, ഇവിടെ പലരും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സൂചിപ്പിച്ചതുപോലെ, പദ്ധതികളും ചെലവഴിച്ച കോടികളും അടിത്തട്ടിലെത്തിയില്ല എന്നുള്ളതും അനുഭവിക്കുന്ന പീഢനങ്ങൾക്ക് അറുതി വന്നില്ല എന്നുള്ളതും നമ്മെ ഏറെ അസ്വസ്ഥരാക്കുകയാണ്. രണ്ട് സംഭവങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാം. 1995–നും 2010–നും ഇടയ്ക്ക് മൂവായിരത്തിൽപ്പരം ജാതി പീഢനക്കേസുകളാണ്, പട്ടികജാതി/പട്ടികവർഗ്ഗ അട്രോസിറ്റീസുമായി ബന്ധപ്പെട്ട് കേരളത്തിലെ വിവിധ കോടതികളിലായി വന്നിട്ടുള്ളത്. അതുപോലെ നിരവധി ബാലപീഢനങ്ങളുടെയും ബാലവേലകളുടെയുമൊക്കെ കഥ ഈ ജനവിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിൽ നിന്നും വന്നിരുന്നു. 2012 മാർച്ച് 26–ലെ ഒരു സംഭവം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. എന്റെ നിയോജകമണ്ഡലത്തിലെ തമിഴ് ബോർഡറിനോടടുത്ത ആനക്കട്ടി എന്ന പ്രദേശത്ത് പതിമൂന്നുവയസ്സുകാരിയായ പത്മശ്രീ എന്ന് പറയുന്ന ഒരു

പെൺകുട്ടി അവിടെയുണ്ടായിരുന്ന സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റിലേയ്ക്ക് പ്രാണരക്ഷാർത്ഥം ഓടിക്കയറിയത്, അവരുടെ മാതാവിൽനിന്നും കുട്ടിയെ ജോലിക്കുവേണ്ടി കൊടുക്കുന്ന ഇടനിലക്കാരിൽനിന്നും രക്ഷപെടാൻ വേണ്ടിയാണ്. ആ പെൺകുട്ടിയേയും ഇഷ്ടികക്കളത്തിൽ ജോലി ചെയ്യാൻ നിയോഗിക്കപ്പെട്ട അനുജത്തിയേയും പിന്നീട് പോലീസിന്റെ സഹായത്താൽ റെസ്ക്യൂ ഹോമിലേയ്ക്ക് കൊണ്ടു പോകുകയും പെൺകുട്ടികളുടെ അമ്മ നാഗമണിയെ ജയിലിലടയ്ക്കുകയം ചെയ്ത ഒരു സ്ഥിതിവിശേഷം ഉണ്ടായി. അഞ്ഞൂറ് രൂപാണ് തന്റെ മക്കളെ വിൽക്കുന്നതിനുവേണ്ടി നാഗമണി ഇടനിലക്കാരിൽനിന്നും സ്വീകരിച്ചത്. അഞ്ഞൂറ് രൂപയ്ക്കുവേണ്ടി പതിമൂന്ന് വയസ്സ് തികയാത്ത തന്റെ പെൺമക്കളെ ഇഷ്ടികക്കളത്തിലേയ്ക്ക് എറിഞ്ഞുകൊടുക്കേണ്ടിവന്ന നാഗമണിയുടെ കഥ ഒറ്റപ്പെട്ട സംഭവമല്ല. ഇതുപോലെ ബാലവേലയ്ക്കായി ധനാഢ്യരുടെ വീടുകളിൽ ജോലിക്കു നിൽക്കാൻ വേണ്ടി പോകുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ബാലവേല ഇന്നും നിർബാധം തുടരുകയാണ്. അതിനെതിരായ ഒരു പരിഷ്കരണത്തിനും ചിന്തയ്ക്കും വളരെ ശക്തമായ ദളിത് ശാക്തീകരണത്തിനും നേതൃത്വം കൊടുക്കുന്നതിന് നമുക്ക് സാധിക്കേണ്ടതുണ്ട്. ഈ സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ പുരോഗതിക്കായി ധാരാളം പുതിയ പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. ഈ സർക്കാരിന്റെ നൂറുദിന പരിപാടിയിലെ ശ്രദ്ധേയമായ നേട്ടമാണ് ചെങ്ങറയിലെ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തത്. ആദിവാസികളുടെ പേര് പറയുന്ന ഇടതുപക്ഷത്തിന് അവർക്കുവേണ്ടി ഒന്നും ചെയ്തു കൊടുക്കാൻ സാധിച്ചില്ലെങ്കിൽ നൂറുദിവസംകൊണ്ട് ഉമ്മൻ ചാണ്ടി സർക്കാരിന് പാവപ്പെട്ടവരുടെ കൈകളിൽ ഭൂമി ഏൽപ്പിച്ചുകൊടുക്കാൻ സാധിച്ചു എന്നുള്ളത് തിളങ്ങുന്ന നേട്ടമാണ്. പട്ടികവർഗ്ഗവിഭാഗത്തിൽനി

ന്നുതന്നെ ഒരു മന്ത്രിയുണ്ടായി എന്നു മാത്രമല്ല, അവരുടെ തിളങ്ങുന്ന പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്. മോഡൽ കോളനികൾ ഉണ്ടായതും അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിന് പദ്ധതികൾ ഉണ്ടായതും വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് സൈക്കിളും ലാപ്ടോപ്പും വിതരണം ചെയ്തതും അവരുടെ ശ്രദ്ധേയമായ കലകളേയും സംസ്കാരത്തേയും പാരമ്പര്യത്തേയും ഓർമ്മപ്പെടുത്തുന്ന ഗോത്രായനം സംഘടിപ്പിച്ചതും എടുത്തു പറയത്തക്ക നേട്ടങ്ങളാണ്. ഗോത്രായനം വലിയൊരു സാംസ്കാരിക പരിപാടിയായിരുന്നു. അതിന് ഞാൻ പട്ടികവർഗ്ഗ മന്ത്രിയെ അഭിനന്ദിക്കുന്നതോടൊപ്പംതന്നെ പട്ടികജാതി വകുപ്പിൽ ചരിത്രത്തിൽ ആദ്യമായി 95 ശതമാനം ഫണ്ട് വിനിയോഗിക്കാൻ സാധിച്ച കർമ്മകുശലനായ മന്ത്രി ശ്രീ. എ.പി. അനിൽകുമാറിനെയും അഭിനന്ദിക്കുകയാണ്. ഭൂരഹിതരായിട്ടുള്ള 5674 കുടുംബങ്ങൾക്ക് ഭൂമി നൽകാൻ സാധിച്ചു. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ പാലക്കാട് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റേതായ ഒരു മെഡിക്കൽ കോളേജിന് തുടക്കം കുറിക്കാൻ സാധിക്കുകയുണ്ടായി. 55,000 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യാൻ പട്ടികജാതി വകുപ്പിന് സാധിച്ചു. ഞാൻ വരുന്നത് കേരളത്തിലെ ഏറ്റവും വലിയ പട്ടികജാതി മേഖലയിൽനിന്നാണ്. ഈ സർക്കാരിന്റെ ഭരണകാലത്താണ് അട്ടപ്പാടിയിൽ ഒരു സർക്കാർ കോളേജ് ആരംഭിച്ചത്. ഒരു ചടങ്ങിൽ വച്ച് അട്ടപ്പാടിയിൽ ഒരു കോളേജ് ആരംഭിക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോടാവശ്യപ്പെട്ടപ്പോൾ അദ്ദേഹം ഉടൻ തന്നെ അട്ടപ്പാടിക്കുവേണ്ടി കോളേജ് പ്രഖ്യാപിക്കുകയുണ്ടായി. അപ്പോൾ പലരും പറഞ്ഞു, പ്രഖ്യാപിച്ചിട്ടല്ലേയുള്ളൂ എന്ന്. അന്ന് എന്നോട് ചോദിച്ചവരോട് ഞാൻ ഇന്ന് അഭിമാനത്തോടുകൂടി, ഒരു യു.ഡി.എ

ഫ്. പ്രതിനിധിയെന്ന നിലയിൽ പറയട്ടെ, ആ കോളേജ് ആരംഭിച്ചു. കഴിഞ്ഞ രണ്ടാം തീയതി വിദ്യാഭ്യാസ വകുപ്പുമന്ത്രി ഏഴ് കോഴ്സ് അനുവദിക്കപ്പെട്ട കോളേജിൽ മൂന്ന് കോഴ്സുകളോടുകൂടി അട്ടപ്പാടി ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിക്കപ്പെടുകയുണ്ടായി. ഒരു മുഖ്യമ ന്ത്രിയുടെ ചടുലതയുടെ ഏറ്റവും വലിയ ഉദാഹരണമാണിത്. കഴിഞ്ഞ വർഷം ഓഗസ്റ്റ് 13-ന് പ്രഖ്യാപിക്കപ്പെട്ട കോളേജ് തൊട്ടടുത്ത വർഷം ജൂലൈ രണ്ടിന് ഉദ്ഘാടനം ചെയ്യാൻ സാധിച്ചുവെങ്കിൽ അതാണ് മുഖ്യമന്ത്രിയെന്ന് ഒരിക്കൽക്കൂടി ഞാൻ അപ്പുറത്തുള്ളവരെ ഓർമ്മപ്പെടുത്തുകയാണ്. ഇതിന് മുമ്പ് അഞ്ചു കൊല്ലവും നമുക്ക് മുഖ്യമന്ത്രി ഉണ്ടായിരുന്നല്ലോ? അദ്ദേഹം ഇപ്പോൾ ചോദിക്കുന്നത് കേസ് നടത്താൻ പത്ത് ലക്ഷം രൂപ വേണമെന്നാണ്. ബഹുമാനപ്പെട്ട പിണറായി വിജയൻ ചോദിച്ചു, എവിടെനിന്നാണ് കേസ് നട ത്താനുള്ള പണം എന്ന്. ചോദിച്ചവരെ പ്രതിയാക്കാൻ വേണ്ടി അങ്ങനെ ചോദിച്ച സ്ഥിതിക്ക് പത്ത് ലക്ഷം രൂപ കൂടി വേണമെന്ന് പാർട്ടിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ പൊതുസമൂഹത്തിന് ഒന്നേ അറിയേണ്ടതുള്ളൂ. ഈ പണം പിണറായി അനുവദിക്കുമോ? ചോദിച്ച പണ ത്തിൽ ദല്ലാൾ കുമാറിന്റെ കമ്മീഷനും ഉൾപ്പെട്ടിട്ടുണ്ടോ? അട്ടപ്പാടിയിൽ ഈ ഗവണ്മെന്റിന്റെ കാലത്ത് അക്ഷയപാത്രം പദ്ധതി കൊണ്ടുവന്നു. ആദിവാസി കളെ കൃഷി ചെയ്യിക്കാൻ പഠിപ്പിക്കുന്ന അക്ഷയപാത്രം പദ്ധതി കാർഷിക മേഖലയിൽ വലിയ സംഭാവനകൾ നൽകുന്നതാണ്. അക്ഷപാത്രം പദ്ധതി കാര്യക്ഷമമാക്കേണ്ടതുണ്ട്. എ.വി.ഐ.പി. പദ്ധതിക്കും വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതുണ്ട്. അട്ടപ്പാടിയിൽ പാലുൽപാദനത്തിനു വേണ്ടിയുള്ള സൗകര്യങ്ങൾ ചെയ്യണം. പ്രാക്തന ഗോത്ര വർഗ്ഗങ്ങൾക്കാരായ

കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കുറുമ്പർ, കുറിച്യർ എന്നിവർക്കുവേണ്ടിയുള്ള 148 കോടി രൂപയുടെ പദ്ധതിക്ക് വേഗത കൂട്ടണം. ഇവിടെ അഹാഡ്സിനെക്കുറിച്ച് പറഞ്ഞു. അഹാഡ്സ് പൂട്ടി താക്കോലുമായി പോയവരാണ് നിങ്ങൾ. എന്നാൽ ഞങ്ങൾ വന്നതിനുശേഷം ഒരു കൊല്ലക്കാലം അഹാഡ്സ് ഈ സംസ്ഥാനത്ത് പ്രവർത്തനം നടത്തുകയുണ്ടായി. പദ്ധതികൾ കണ്ടെത്തി, അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തുകയാണ്. അഹാഡ്സിന്റെ നേട്ടത്തെ ഞങ്ങൾ ചെറുതായി കാണുന്നില്ല. അഹാഡ്സ് അട്ടപ്പാടിയിലെ പരിസ്ഥിതി പുന:സ്ഥാപിച്ചിട്ടുണ്ട്. പുഴ പുനർജനിച്ചതും അട്ടപ്പാടിയിൽ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. അട്ടപ്പാടിക്ക് ഒരു പാക്കേജ് ഉണ്ടാകണം. ടൂറിസം രംഗത്ത് വളരെ വലിയ നേട്ടങ്ങൾ ഈ കാലയളവിൽ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. സച്ചാർ കമ്മിറ്റിയുടെ ശുപാർശയിൽ വെള്ളം ചേർത്ത് പാലോളി കമ്മിറ്റി ഉണ്ടാക്കിയ ഗവൺമെന്റാണ് കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റ്. ആ സച്ചാർ കമ്മിറ്റി, അതിന്റെ യഥാർത്ഥ സ്പിരിറ്റോടുകൂടി ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി നടപ്പിലാക്കാൻ മന്ത്രിക്ക് കഴിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഇപ്പോൾ വലിയ പച്ച വിരോധമാണ്. പച്ച എന്ന് കേൾക്കുന്നത് വലിയ വിരോധമാണ്. ചുവപ്പ് കണ്ട കാളയെപ്പോലെ എന്ന് മലയാളത്തിലൊരു പ്രയോഗമുണ്ട്. ഇനി നാളെ പച്ച കണ്ട സി.പി.ഐ.(എം)നെപ്പോലെ എന്ന് പറയുന്നിടത്തേയ്ക്ക് നിങ്ങൾ പോകുമോ എന്നാണ് എനിക്ക് സംശയം. പച്ചയോടുള്ള വിരോധം കൊണ്ട് നമുക്കൊരു ശ്രദ്ധേയമായ പാട്ടുണ്ട്. "പച്ചപ്പനംതത്തേ പുന്നാരപൂമുത്തേ" എന്നൊക്കെ നമ്മൾ പാടാറുണ്ട്. പച്ചയോടുള്ള വിരോധം

കൊണ്ട് ആ പാട്ട് നിങ്ങൾ പാടാതിരിക്കുമോ? ട്രാഫിക് ലൈറ്റിൽ പച്ചയും ചുവപ്പുമുണ്ട്. പച്ചയും ചുവപ്പുമൊക്കെ നമ്മുടെ കളർതന്നെയാണ്. പക്ഷേ ഇനി ആ പച്ച മാറ്റണമെന്ന് നിങ്ങളെങ്ങാനും പറയുമോ എന്ന് ഞാൻ ആശങ്ക പ്പെടുകയാണ്. ഞങ്ങളുടെ നാട്ടിൽ മുമ്പൊരു സജീവ ലീഗ് പ്രവർത്തകൻ പെട്ടെന്ന് സി.പി.ഐ.(എം)ലേയ്ക്ക് മാറി. ഇവിടെ ചില ആളുകളുണ്ട്, അവ രുടെ മിനിയേച്ചർ. അങ്ങനെ മാറിയ ആൾ സി.പി.ഐ(എം)ന്റെ ഒരു പ്രകടന ത്തിൽ പങ്കെടുക്കുകയാണ്. ഇവൻ എന്താണ് വിളിക്കുന്നതെന്ന് കേൾക്കാൻ നാട്ടിലെ അങ്ങാടിയിൽ വലിയ കൗതുകം. ആദ്യമായിട്ട് ഇവൻ മുദ്രാവാക്യം വിളിച്ചുകൊടുത്തു. പച്ചച്ചെങ്കൊടി സിന്ദാബാദ്. ചെങ്കൊടിക്ക് സിന്ദാബാദ് വിളിക്കുമ്പോഴും ഈ സഹോദരന്റെ മനസ്സിലുള്ള പച്ച മാഞ്ഞുപോയിട്ടില്ല. ഇവിടെ വർണ്ണങ്ങൾ എല്ലാം വർണ്ണങ്ങളാണ്. ചുവപ്പായാലും പച്ചയായാലു മൊക്കെ അത് വർണ്ണങ്ങളാണ്. എല്ലാം പ്രിയപ്പെട്ടതാണ്. അതിനെപ്പോലും വർഗ്ഗീയവൽക്കരിച്ച്, മോശമാക്കി കാണിക്കുന്നത് പുതുതലമുറയുടെ മുമ്പിൽ രാഷ്ട്രീയ പ്രവർത്തകരായ നമ്മെ സംബന്ധിച്ചിടത്തോളം ഒരുപാട് പ്രയാസമുണ്ടാക്കും.. ക്രൂരമായ ഷുക്കൂർ വധത്തെപ്പോലും നിങ്ങൾ രാഷ്ട്രീ യവൽക്കരിച്ചിരിക്കുകയാണ്. ആ കുട്ടിയുടെ ആത്മാവ് നിങ്ങൾക്ക് മാപ്പ് തരില്ല. അത്രയ്ക്ക് മോശമായ രീതിയിൽ ഷുക്കൂർ വധം ഒരു രാഷ്ട്രീയ കൊലപാതകമാണെന്ന് ഞങ്ങളുടെ ഒരു പഴയ സ്നേഹിതൻ ഇവിടെ യജമാന ന്മാരെ പ്രീതിപ്പെടുത്താൻവേണ്ടി പറഞ്ഞത് ഞാൻ ഓർക്കുകയാണ്. പക്ഷേ ഒന്ന് ഓർക്കുന്നത് നന്ന്. രാജാവിനെക്കാളും വലിയ രാജഭക്തി കാണിക്കുന്നവർ രാജാവ് നഗ്നനാണെന്ന സത്യം വളരെ വൈകാതെ തന്നെ മനസ്സിലാക്കും. വലിയ വലിയ നേതാക്കന്മാർ അറസ്റ്റ് ചെയ്യപ്പെടുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെ അറസ്റ്റ് ചെയ്യപ്പെടുമ്പോൾ ഈർഷ്യം

തീർക്കാൻവേണ്ടി കോടതികളുടെ നേരെ പോലും കല്ലെറിയുന്നവർ, ഇതൊക്കെയാണ് ഇവിടെ പറഞ്ഞു കൊണ്ടിരിക്കുന്നത്. ശ്രീ. പി.റ്റി.എ.റഹീമും മറ്റുള്ള ആളുകളുമൊക്കെ തങ്ങളുടെ യജമാനന്മാരെ പ്രീതിപ്പെടുത്താൻ പല പരാമർശങ്ങളും നടത്തും. നടത്തിക്കോ പക്ഷേ അതൊന്നും ഞങ്ങളുടെ മുന്നേറ്റത്തെ തടുക്കാൻ സാധിക്കുകയില്ലെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹി ക്കുകയാണ്. ഇങ്ങനെയുള്ള ഒരുപാട് ആളുകളെ കണ്ടിട്ട് തന്നെയാണ് മുസ്ലീം ലീഗ് പ്രസ്ഥാനം, ഈ വലിയ പ്രതിസന്ധികളെയെല്ലാം തരണം ചെയ്തു മുന്നോട്ട് വന്നിട്ടുള്ളത്. ശ്രീ. പി.റ്റി.എ.റഹീമും, ഞങ്ങളിൽ നിന്ന് വിട്ട് പോയവ രുമൊക്കെയും ഞങ്ങളെ വിമർശിക്കുമ്പോൾ അതൊക്കെ സഹിഷ്ണതയോടു കൂടി കേട്ടിരിക്കാനുള്ള മനസ്കത ഞങ്ങൾ കാണിച്ചിട്ടുണ്ട്. അപ്പുറത്ത് നിന്ന് ഞങ്ങളെ വിമർശിക്കുമ്പോൾ, അവരുടെമേൽ ഒരു തരിമണ്ണ് വീഴാൻപോലും ഞങ്ങൾ ഇടവരുത്തിയിട്ടില്ല. എന്നാൽ ഇവിടെ വിയോജിക്കുന്നവരെ വെട്ടിക്കൊല്ലുന്നവരുടെകൂടെയാണ് നിങ്ങളിരിക്കുന്നത് എന്ന് മനസ്സിലാ ക്കണം. നിങ്ങളുടെ ഇത്തരം  നിലപാടുകൾ നിങ്ങളുടെ നാശത്തിന് മാത്രമേ ഉപകരിക്കൂവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് രണ്ട് മന്ത്രിമാർ അവരുടെ വകു പ്പുകളിൽ  നടത്തിയിട്ടുള്ള ഏറ്റവും നല്ല ക്ഷേമ പദ്ധതികൾ, ഈ രണ്ട് ജനവി ഭാഗങ്ങളുടെ പുരോഗതിക്ക് ഉതകുന്ന പദ്ധതികൾക്ക് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് അവരെ രണ്ടുപേരെയും പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എല്ലാ അർത്ഥത്തിലും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇന്നലെ വൈകിട്ട് ഞെട്ടിപ്പിക്കുന്ന ഒരു വാർത്ത കേൾക്കാനിടയായി. കേരളത്തിലെ കെ.പി.സി.സി.പ്രസിഡന്റിന് വധഭീഷണി. കെ.പി.സി.സി.പ്രസിഡന്റ് ഇതുവരെ സഭയിൽ എത്തിയിട്ടില്ല. എനിക്ക് തോന്നുന്നു വധഭീഷണിയിൽ നിന്നും മുക്തി നേടാതെ അദ്ദേഹം നിയമസഭയിൽ കടന്നു വരില്ലായിരിക്കും. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അദ്ദേഹത്തിന് സംരക്ഷണം നൽകാൻ തീരുമാനിച്ചതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതീവ ഗുരുതരമായ രീതിയിലേയ്ക്ക് കേരളം മാറുകയാണ്. സഖാവ് ഇ.പി.ജയരാജന് നേരെയുണ്ടായ വധശ്രമത്തേയും അതിനെത്തുടർന്നുണ്ടായ ഗൂഢാലോചനയേയും സംബന്ധിച്ചാണ് ഇന്ന് രാവിലെ നിയമസഭയിൽ അടിയന്തര പ്രമേയം അവതരിപ്പിച്ചത്. അത് അതിന്റേതായ അർത്ഥത്തിൽ ഉൾക്കൊള്ളുവാൻ മുഖ്യമന്ത്രിക്കോ ആഭ്യന്തര വകുപ്പുമന്ത്രിക്കോ കഴിഞ്ഞിട്ടില്ല. അതു സംബന്ധിച്ച വെളിപ്പെടുത്തലുകൾ പുതിയതല്ല. ഇപ്പോൾ വെളിപ്പെടുത്തിയത് ബ്ലോക്ക് സെക്രട്ടറിയാണെങ്കിൽ നേരത്തെ വെളിപ്പെടുത്തിയത് അവിടത്തെ ഡി.സി.സി. പ്രസിഡന്റായിരുന്നു. കൂത്ത് പറമ്പിൽ നടന്ന വെടിവയ്പിനെക്കുറിച്ചും സഖാവ് ഇ.പി.ജയരാജന് നേരെയുണ്ടായ വധഗൂഢാലോചനയെക്കുറിച്ചും നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. ഒരു നീതിബോധത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഇത്തരം വിഷയങ്ങളൊക്കെ ഗൗരവപൂർവ്വം ആലോചിക്കാൻ ഗവൺമെന്റ് മുന്നോട്ട് വരേണ്ടതല്ലേ? ഈ ഒരു സാഹചര്യത്തിൽ ഇത്തരം ഒരു ധനാഭ്യർത്ഥനയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, പ്രത്യേകിച്ച് ടൂറിസവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ വിദേശികൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് എങ്ങനെ കടന്നുവരും? രണ്ട് ക്ഷേത്രങ്ങളിൽ ലക്ഷക്കണക്കിന് രൂപയുടെ കൊള്ള നടന്നതായി പത്രങ്ങളിൽ വാർത്തകൾ വരികയുണ്ടായി.

കവർച്ചയോടനുബന്ധിച്ച് ഒരാളെ കെട്ടിയിട്ട് കൊല്ലുകയും ചെയ്തു. മിനി ഞ്ഞാന്നത്തെ പത്രത്തിൽ കൊച്ചി നഗരത്തിൽ വന്ന വിദേശിയെ നടുറോഡി ലിട്ട് ആക്രമിക്കുന്ന സംഭവമുണ്ടായി. കേരളം എങ്ങോട്ടാണ് പോകുന്നത്? അതീവ ഗുരുതരമായ സാഹചര്യത്തിലേയ്ക്ക് കേരളം പോകുമ്പോൾ അതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ട് പോകു ന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ആദിവാസികളുടെ നേർക്കുള്ള കയ്യേറ്റങ്ങളും അക്രമങ്ങളും വളരെ ശക്തമായ തോതിൽ വർദ്ധിച്ചിരിക്കുകയാ ണ്. ആശുപത്രികളിൽ അവർക്ക് സംരക്ഷണം ലഭിക്കുന്നില്ല. ഭൂമിക്കുവേണ്ടി യുള്ള സമരത്തെ അടിച്ചൊതുക്കുന്നു. അവർ ജയിലുകളിലാണ്. ഇത്തര മൊരു സാഹചര്യത്തിലൂടെ  കേരളം കടന്നുപോകുമ്പോൾ ഇത്തരം ധനാ ഭ്യർത്ഥനകളുമായി ഞങ്ങൾക്ക് എങ്ങനെ സഹകരിക്കാൻ കഴിയും? ലോക ടൂറിസ്റ്റ് ഭൂപടത്തിലേയ്ക്ക് കേരളത്തെ എത്തിച്ചതിനുപിന്നിൽ കഴിഞ്ഞകാല ഗവൺമെന്റുകളിൽ ഈ വകുപ്പ് കൈകാര്യം ചെയ്ത ബഹുമാന്യരായ സഖാവ് പി.എസ്.ശ്രീനിവാസന്റെയും സഖാവ് ഇ. ചന്ദ്രശേഖരൻ നായരു ടെയും കൂർമ്മബുദ്ധിയും ദീർഘവീക്ഷണവുമുണ്ട്.  കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സഖാവ് കോടിയേരി ബാലകൃഷ്ണൻ ഈ വകുപ്പ് കൈകാര്യം ചെയ്തതിനെത്തുടർന്ന് ശ്രദ്ധേയമായ രീതിയിലേയ്ക്ക്, ലോക ടൂറിസ്റ്റ് ഭൂപടത്തിലേയ്ക്ക് കേരളത്തെ എത്തിക്കാൻ കഴിഞ്ഞു. 2005 –ൽ 3,46,499 വിദേശികളാണ് കേരളത്തിലേയ്ക്ക് വന്നതെങ്കിൽ 2010–ൽ 6,59,265 വിദേശികളാണ് കേരളത്തിൽ എത്തിയത്. വിദേശികളെ ആകർഷിക്കാനും അവർക്ക് സംരക്ഷണം നൽകാനും സ്വൈര്യമായി ജീവിക്കാനും കഴിയുന്ന രീതിയിലേയ്ക്ക് കേരളത്തെ മാറ്റണം.  അതിനുവേണ്ടിയുള്ള പരിശ്രമം നട ത്തിയില്ലെങ്കിൽ നമ്മൾ ഈ മേഖലയിൽ നിന്നും പുറകോട്ട് പോകുന്ന

സാഹര്യം ഉണ്ടാകും. വിദേശ ടൂറിസ്റ്റുകൾക്ക് ഇവിടെ വരുന്നതിനുള്ള മുഖ്യ തടസ്സം പശ്ചാത്തലസൗകര്യങ്ങളുടെ അഭാവമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. നല്ല റോഡുകൾ വേണം, ശുദ്ധജലം ലഭ്യമാക്കണം. പാരിസ്ഥിതിക പ്രശ്നങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തണം. ഡെങ്കിപ്പനി, ചിക്കുൻഗുനി അതുപോലെയുള്ള പകർച്ചവ്യാധികൾ പടരുന്ന ഈ സാഹചര്യത്തിൽ ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് വരാൻ മടിക്കുകയാണ്. അതിന് ശാശ്വതമായ ഒരു പരിഹാരം കാണാൻ എല്ലാ ഡിപ്പാർട്ടുമെന്റുകളും ഒന്നിച്ച് പ്രവർത്തിക്കണം. അതിന് ടൂറിസം വകുപ്പ് മുൻകൈ എടുക്കണം. അല്ലെങ്കിൽ ടൂറിസം രംഗത്ത് നാംപുറകോട്ട് പോകുന്ന സാഹചര്യം ഉണ്ടാകും. ഏറെ റവന്യൂ ഉണ്ടാക്കി എടുക്കാൻ കഴിയുന്ന ഒരു വകുപ്പാണ് ടൂറിസം. ആ രംഗത്ത് സത്വരമായ ശ്രദ്ധപതിഞ്ഞില്ലെങ്കിൽ വല്ലാത്ത ബുദ്ധിമുട്ട് നമുക്ക് നേരിടും. നമുക്ക് ടൂറിസത്തിന് അനന്ത സാധ്യതകളാണുള്ളത്. വിശാലമായ കായലോരങ്ങളും വനപ്രദേശങ്ങളും മാക്സിമം ഉപയോഗപ്പെടുത്തിക്കൊണ്ട് വലിയൊരു പ്ലാനിംഗ് ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകണം. ടൂറിസ്റ്റുകൾക്ക് സംരക്ഷണം നൽകാൻ കേരള പോലീസിനെക്കൊണ്ട് മാത്രം സാധ്യമല്ല. ടൂറിസ്റ്റുകൾക്ക് സംരക്ഷണം നൽകുന്ന ഒരു ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് ഉണ്ടാക്കിയെടുത്താലെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയൂ. അവരെ ഗൗരവപൂർവ്വം പരിഗണിക്കാൻ, സംരക്ഷിക്കാൻ ഇവിടെ സംവിധാനമുണ്ടെന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. ഹെറിറ്റേജ് ടൂറിസം രംഗത്ത് കേരളത്തിന്റെ പാരമ്പര്യം ഏറെയാണ്. അത് ഉപയോഗപ്പെടുത്തുന്ന തരത്തിലേക്ക് നീങ്ങുവാൻ നമുക്ക് കഴിയണം. നാദാപുരം നിയോജകമണ്ഡലത്തിൽ ടൂറിസത്തിന് നല്ല സാധ്യതയാണുള്ളത്. അവിടെ ഡി.ടി.പി.സി.-കൾ ഫലപ്രദമായി വർക്ക് ചെയ്യുന്നില്ല. ആകെ ഒന്നോ രണ്ടോ

ഡി.ടി.പി.സി.–കൾ മാത്രമേ അവിടെ ഇപ്പോൾ സംഘടിപ്പിച്ചിട്ടുള്ളു. സെക്രട്ടറി മാരില്ല. അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു ശ്രമം ഉണ്ടാകേണ്ടതുണ്ട്. പത്തും ഇരുപതും വർഷം ജോലി ചെയ്യുന്ന ജീവനക്കാരുണ്ട്. അവർക്ക് മിനിമം വേതനം പോലും ഇപ്പോൾ ലഭിക്കുന്നില്ല. അവരുടെ പ്രശ്നം കൂടി പരിഹരിക്കണം.

ശ്രീ. ജി. സുധാകരൻ: കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ഡി.ടി.പി.സി.–കളുടെ കമ്മിറ്റികൾ രൂപീകരിക്കുന്ന രീതി കേരളത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. ആലപ്പുഴ ഡി.ടി.പി.സി.–യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചു. ഡി.ടി.പി.സി. ഓഫീസും കളക്ടറേറ്റും ഒക്കെ എന്റെ മണ്ഡലത്തിലാണ്. ഞാൻ ആ കമ്മിറ്റിയിലില്ല. ഡോ. ടി.എം. തോമസ് ഐസക്ക്, കുട്ടനാടൻ എം.എൽ.എ. ശ്രീ. തോമസ് ചാണ്ടി, ഇവരാരും കമ്മിറ്റിയിലില്ല. എടുത്തവരുടെ കാര്യത്തിൽ ഞാൻ എതിരു പറയുകയല്ല. ഞാൻ മൂന്ന് കത്ത് കൊടുത്തു. എനിക്ക് വളരെ ബഹുമാനമുള്ള പ്രത്യേകം സ്നേഹമുള്ള മന്ത്രിയായതുകൊണ്ട് ഞാൻ വഴക്കിനു പോയില്ല, ഇതൊരു പ്രസ്ഥാനമാണ്. അവസാനം മന്ത്രി മറുപടി പറഞ്ഞത്, ഇതൊന്നും മാറ്റാൻ പറ്റില്ല, അങ്ങേയ്ക്ക് ഇതിൽ അഭിപ്രായമുണ്ടെന്ന് അറിയിച്ചതിൽ വളരെയേറെ സന്തോഷമുണ്ട്, എന്നാണ്. ഞാൻ ഇതിൽ പ്രിവിലേജ് കൊടുക്കുമെന്ന് പറഞ്ഞ് വീണ്ടും കത്ത് കൊടുത്തു. പ്രിവിലേജ് കൊടുക്കുന്നതിൽ എനിക്ക് ബുദ്ധിമുട്ടുണ്ട്. പക്ഷെ ഞാൻ സെക്രട്ടറിയെ വിടില്ല. അദ്ദേഹമാണ് ഓർഡർ കൊടുത്തിരിക്കുന്നത്. അവിടെയുള്ള എം.എൽ.എ. മാർ എന്നുള്ള നിലയിൽ മൂന്ന് പേർ എന്നുള്ളത് അഞ്ചാക്കണം എന്ന് പറയാൻ മന്ത്രിക്ക് അധികാരമുള്ളതല്ലേ; ഇതൊക്കെയാണ് രീതി.

ശ്രീ. ഇ.കെ. വിജയൻ: മുൻ മന്ത്രി ശ്രീ. ജി. സുധാകരൻ ഇവിടെ അവതരിപ്പിച്ച വിഷയം വളരെ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്. കക്ഷി രാഷ്ട്രീയ പരിഗണനയ്ക്കപ്പുറത്ത് ടൂറിസത്തിന്റെ അനന്തമായ വികസന സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ജനപ്രതിനിധികളേയും ഈ രംഗത്തെ പ്രഗൽഭരേയുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കണം ഡി.ടി.പി.സി.-യുടെ പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോകേണ്ടത് എന്ന അഭിപ്രായമാണ് എനിക്കുള്ളത്. അതോടൊപ്പം വളരെ വ്യാപകമായ രീതിയിൽ ഹോം സ്റ്റേ ഉയർന്നുവരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികളും ഉയർന്നുവരുന്നുണ്ട്. ഗ്രാമ പഞ്ചായത്തും മറ്റ് മേഖലകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് അതിനൊരു ക്ലാസ്സിഫിക്കേഷൻ നടത്തി സുരക്ഷിതത്വം ഉറപ്പുവരുത്തിയില്ലെങ്കിൽ അവിടുത്തെ ആയുർവ്വേദ ചികിത്സ തുടങ്ങിയവയൊക്കെ വലിയ പ്രയാസങ്ങൾ ഉണ്ടാക്കിയെടുക്കുമെന്നാണ് സൂചിപ്പിക്കാനുള്ളത്. എസ്.സി./എസ്.ടി. വിഭാഗവുമായി ബന്ധപ്പെട്ട് ഒരു വിഷൻ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, വിദ്യാഭ്യാസ മേഖലയിലെ കുട്ടികൾക്ക് എൽ.പി.-യു.പി.-ഹൈസ്കൂൾ വിഭാഗത്തിന് 250-500-750 എന്നീ ക്രമത്തിലാണ് ലംസംഗ്രാന്റ് നൽകുന്നത്. മത ന്യൂനപക്ഷത്തിന് വരുമാന പരിധി ഒരു ലക്ഷം വച്ചെങ്കിലും പതിനായിരം രൂപ നൽകാൻ കഴിയുന്നുണ്ട്. എസ്.സി./എസ്.ടി. വിഭാഗത്തിന്റേയും ലംസംഗ്രാന്റ് വർദ്ധിപ്പിക്കാൻ സത്വരമായ ശ്രദ്ധയുണ്ടാകണം. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് പാവപ്പെട്ട ജന വിഭാഗങ്ങളെ അടിച്ചമർത്തുന്ന രീതിയിലേയ്ക്ക് വീണ്ടും കേരളം വരുന്ന ഒരു സാഹചര്യത്തിൽ ഗൗരവപൂർവ്വം ഈ വിഷയത്തെ കാണണം. സി.ബി.എസ്.ഇ. സിലബസ്സുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഹയർസെക്കണ്ടറി മേഖലയിലേയ്ക്ക് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കടന്നെത്താൻ കഴിയാത്ത തരത്തിലേയ്ക്ക് കേര

ളത്തെ മാറ്റുന്ന അനീതി ഒഴിവാക്കിക്കൊണ്ട് എസ്.സി/എസ്.ടി. വിഭാഗത്തിന്റെ ലംസംഗ്രാന്റ് വർദ്ധിപ്പിക്കണം. എസ്.സി./എസ്.ടി. ഡയറക്ടറേറ്റിലും ജില്ലാ ആസ്ഥാനങ്ങളിലുമാണ് ഉദ്യോഗസ്ഥൻമാർ കൂടുതൽ വേണ്ടത്. സെക്രട്ടേറിയറ്റിൽ പന്ത്രണ്ടുപേരെ വളരെ വേഗം നിയമിച്ചു. പക്ഷെ ഡയറക്ടറേറ്റിലും അതിനു താഴെയും ഇതിനാവശ്യമായ ഉദ്യോഗസ്ഥന്മാർ വേണ്ടത്ര ഇല്ല എന്ന പ്രശ്നം കൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി.പി. സജീന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയെ പിൻതുണയ്ക്കുന്നു. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. ഈ ഒരു വർഷത്തിനിടയിൽ പട്ടികജാതി/.പട്ടികവർഗ്ഗ വകുപ്പുകളിലുണ്ടായ മാറ്റത്തെ അനുമോദിക്കാതിരിക്കാൻ കഴിയില്ല. വളരെയേറെ നേട്ടങ്ങൾ ഈ വകുപ്പിൽ ഉണ്ടായിട്ടുണ്ട്. ഇതിൽ ശ്രദ്ധിക്കപ്പെടേണ്ടതായ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾ പട്ടികജാതി/.പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വളരെ തുച്ഛമാണ് എന്നാണ് എന്റെ അഭിപ്രായം. ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് 250 രൂപയും 6–ാം ക്ലാസ്സ് മുതൽ 8–ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് 500 രൂപയും 9–ലും 10–ലും പഠിക്കുന്ന കുട്ടികൾക്ക് 750 രൂപയും ആണ് ലംസംഗ്രാന്റായി ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അതേസമയം പിന്നോക്ക വിഭാഗത്തിൽ ഒന്നാം മുതൽ അഞ്ചാം വരെ പഠിക്കുന്ന കുട്ടികൾക്ക് 750 രൂപയും ആറ് മുതൽ എട്ട് വരെ പഠിക്കുന്ന കുട്ടികൾക്ക് 900 രൂപയും ഒൻപത് മുതൽ പത്ത് വരെ പഠി

ക്കുന്ന കുട്ടികൾക്ക് 1000 രൂപയുമാണ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കൊടുക്കുന്നതിന് ആരും എതിരല്ല. പക്ഷെ ഏറ്റവും പിന്നോക്കമായി നിൽക്കുന്ന പട്ടികജാതി/.പട്ടിക വർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന തുച്ഛമായ ലംസംഗ്രാന്റ് തുക വർദ്ധിപ്പിക്കണമെന്നുള്ളതാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. പട്ടികജാതി/.പട്ടികവർഗ്ഗക്കാർക്ക് എന്തൊക്കെയോ വാരിക്കോരി കൊടുക്കുന്നു എന്നാണ് പൊതുവായി ആളുകൾ ധരിച്ചുവച്ചിട്ടുള്ളത്. ഉള്ളിലേയ്ക്ക് കടന്നു ചെല്ലുമ്പോഴാണ് ഇതിന്റെ യഥാർത്ഥ സ്ഥിതി മനസ്സിലാകുന്നത്. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി/.പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുനേരെയുള്ള അസമത്വം അതവസാനിപ്പിക്കേണ്ടതാണ്. ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള നാല് മെഡിക്കൽ കോളേജുകളിൽ ഫീസിളവ് ലഭിക്കാത്തതുകൊണ്ട് രക്ഷിതാക്കളും കുട്ടികളും ഇന്ന് വളരെ ആശങ്കയിലാണ്. ഈ കോളേജിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഒന്നും അവർക്ക് ലഭിക്കുന്നില്ല. കഴിഞ്ഞ മൂന്ന് വർഷം ( 2009-10, 2010-11, 2011-12) അഡ്മിഷൻ ലഭിച്ച അറുപതോളം കുട്ടികൾക്കാണ് ഈ ആനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കാതിരിക്കുന്നത്. മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടികജാതി/.പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ 60 കുട്ടികൾക്ക് കൂടി ഗവൺമെന്റ് കൊടുക്കണം എന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ 631 ഓളം എസ്.സി./എസ്.ടി. സഹകരണസംഘങ്ങൾ ഇന്ന് അടച്ചുപൂട്ടലിന്റേയും തകർച്ചയുടേയും വക്കിലാണ്. പ്രൊഫഷണൽ മാനേജ്മെന്റ് ഇല്ലാത്തതുകൊണ്ടാണ് ഈ സ്ഥിതി ഉണ്ടാകാൻ കാരണം. പട്ടികജാതി/.പട്ടികവർഗ്ഗ ജനവിഭാ

ഗങ്ങളുടെ ക്ഷേമത്തിനായി നിരവധി കാര്യങ്ങൾ ചെയ്ത ഗവൺമെന്റായതു കൊണ്ട് സഹകരണസംഘങ്ങളെക്കൂടി രക്ഷപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കണം. ഈ സഹകരണ സംഘങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രവർത്തന മൂലധനഗ്രാന്റ്, കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം വാങ്ങാനുള്ള ഗ്രാന്റ്, ബിൽഡിംഗ് ഗ്രാന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ സഹകരണ സംഘങ്ങൾ പുനഃസ്ഥാപിക്കണം. ലീഡർ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടങ്ങളിൽ അദ്ദേഹം തന്നെ താൽപര്യമെടുത്ത് ആരംഭിച്ച പ്രിയദർശിനി സഹകരണസംഘം ബസ് സർവ്വീസ് ആദ്യകാലങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും പിന്നീട് മാനേജ്മെന്റിന്റെ കുഴപ്പംമൂലം കൃത്യമായി നോക്കി നടത്താൻ പറ്റാത്തതുകൊണ്ട് അടച്ചുപൂട്ടി ഇന്നിപ്പോൾ അത് പ്രവർത്തിക്കുന്നില്ല. ഇത് തുറന്ന് പ്രവർത്തിക്കുവാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിലൂടെ നിരവധി ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതാണ്. പ്രവർത്തനരഹിതമായിക്കിടക്കുന്ന സഹകരണസംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ അടിയന്തരമായി നിയമിക്കണം. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പ്രൊഫഷണൽ മാനേജ്മെന്റിന്റെ മേൽനോട്ടത്തിൽ സഹകരണസംഘങ്ങൾക്ക് പ്രത്യേക പാക്കേജ് ഉണ്ടാക്കി സാമ്പത്തിക സഹായം നൽകി ഇവയെ സംരക്ഷിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷത്തിനുള്ളിൽ നിരവധി നേട്ടങ്ങൾ പട്ടികജാതി/.പട്ടികവർഗ്ഗ വിഭാഗത്തിനുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി 94.93 ശതമാനം ഫണ്ട് വിനിയോഗിക്കാൻ കഴിഞ്ഞത് ഏറ്റവും വലിയ നേട്ടമായി ഞാൻ

കാണുകയാണ്. സ്ഥലം വാങ്ങുവാനും വീടുവയ്ക്കുവാനുമുള്ള തുക ഇരട്ടിയാക്കുവാൻ തീരുമാനം എടുത്ത മന്ത്രിമാരാണ് പട്ടികജാതി/.പട്ടികവർഗ്ഗത്തിലുള്ളത്. സ്കൂൾ കുട്ടികൾക്ക് സൈക്കിൾ വിതരണം നടത്തുവാനും വിഷൻ 2013 എന്ന പേരിൽ 'ബി' ഗ്രേഡ് മാർക്ക് നേടിയ കുട്ടികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതുന്നതിനായി എൻട്രൻസ് പരിശീലന പദ്ധതി നടപ്പിലാക്കി നിരവധി പാവപ്പെട്ടവർക്ക് മെഡിക്കൽ–എഞ്ചിനീയറിംഗ് പഠനത്തിന് അവസരം ഒരുക്കുവാനുള്ള പദ്ധതി രൂപീകരിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. അതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ.പി. അനിൽകുമാറിനെ പ്രത്യേകം അഭിനന്ദിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു. പട്ടികജാതി വികസന വകുപ്പ് പുതുതായി ആരംഭിക്കുവാൻ പോകുന്ന മെഡിക്കൽ കോളേജിനെക്കുറിച്ച് ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിക്കുകയുണ്ടായി. പാലക്കാട് ജില്ലയ്ക്ക് ഏറ്റവും പ്രതീക്ഷയുള്ള ആ മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ 60 ശതമാനം സീറ്റ് പട്ടികജാതി/പട്ടികവർഗ്ഗത്തിനും 40 ശതമാനം സീറ്റ് മെറിറ്റ് അടിസ്ഥാനത്തിൽ ജനറൽ വിഭാഗത്തിനും മാറ്റിവയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ മുൻകയ്യെടുത്ത മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ ഒരു വർഷത്തിനുള്ളിൽ. ഭൂരഹിതരായ 5674 പേർക്ക് ഭൂമി കൊടുക്കാൻ കഴിഞ്ഞതും 5676 പേർക്ക് പുതിയ വീട് നൽകാൻ കഴിഞ്ഞതും വലിയ നേട്ടംതന്നെയാണ്. വയനാട്ടിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ നല്ലൊരു ശതമാനവും ഇന്നും വലിയ ദുരിതത്തിൽതന്നെയാണ് കഴിയുന്നത്. കഴിഞ്ഞ രണ്ടു മാസങ്ങൾക്കുമുമ്പ് പട്ടികജാതി/പട്ടികവർഗ്ഗ നിയമസഭാ കമ്മിറ്റി വയ

നാട് മേഖലയിൽ സന്ദർശനം നടത്തിയപ്പോൾ അവരുടെ ദുരവസ്ഥ നേരിൽക്കാണാൻ എനിക്ക് കഴിഞ്ഞു. സമിതി അംഗങ്ങൾ ചെന്ന് അവരുടെ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞപ്പോൾ ഏറ്റവും വലിയ ദുരവസ്ഥയിലാണ് ഇന്നും അവിടത്തെ ആദിവാസികൾ കഴിയുന്നതെന്ന് ബോധ്യമായി. ഇന്ന് വയനാട്ടി ലെ ആദിവാസികളുടെ സ്ഥിതി കോട്ടയം, ഇടുക്കി മേഖലകളിലുള്ള ആദി വാസികളേക്കാൾ വളരെ മോശപ്പെട്ടതാണ്. അവിടത്തെ ഒരു വിഭാഗമായ പണിയർ പത്തുപതിനഞ്ച് കൊല്ലം കഴിയുമ്പോഴേയ്ക്കും വംശനാശ ഭീഷണി നേരിടുന്ന അവസ്ഥയിലാകും.. അമിതമായ അളവിൽ മദ്യ ഉപയോഗിക്കുന്നതു മൂലം ഇന്ന് ആ വിഭാഗം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കൊച്ചുകുട്ടികളെ വരെ മദ്യം കഴിപ്പിക്കുവാൻ അച്ഛനമ്മമാർ ശീലിപ്പിക്കുന്ന രീതിയാണ് ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രി കുമാരി പി.കെ.ജയലക്ഷ്മി അവരുടെ സ്വന്തം ജില്ലയിൽ നടക്കുന്ന ഇതുപോലുള്ള കാര്യങ്ങളിൽനിന്നും ആ സമുദായ ത്തേയും ആ വിഭാഗത്തേയും രക്ഷിക്കുവാൻവേണ്ടി ഒരു പ്രത്യേക പാക്കേ ജുണ്ടാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. പട്ടികജാതിയിൽപ്പെട്ട മഹാ ഭൂരിപക്ഷം പേരും ഇന്നും വളരെ പാവങ്ങളാണ്. കോരന് കഞ്ഞി കുമ്പി ളിൽതന്നെ എന്ന വാചകം അന്വർത്ഥമാക്കുന്നതാണ് അവിടത്തെ കാര്യങ്ങൾ. പാവങ്ങളായ ഇവരുടെ അറിവില്ലായ്മ ഇന്നും ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരി ക്കുകയാണ്. പണ്ടുകാലം മുതൽ കമ്മ്യൂണിസ്റ്റുകാർ ഒളിവിൽ കഴിഞ്ഞിരുന്നത് പട്ടികജാതിക്കാരായ പാവപ്പെട്ട ആളുകളുടെ ചെറ്റക്കുടിലുകളിലായിരുന്നു. സഖാവ് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് ഒളിവിൽ കഴിഞ്ഞിരുന്നത് മാവിലാ യിലെ പുലയനായ പൊക്കന്റെ കുടിലിലാണ്. അവിടെ കഴിഞ്ഞിരുന്നപ്പോൾ അദ്ദേഹത്തിന് അവിടത്തെ പുലയ സഹോദരിമാർ വച്ചുവിളമ്പി കൊടുക്കുമാ

യിരുന്നു. അദ്ദേഹം പട്ടിണിക്കഞ്ഞിയും ചമ്മന്തിയും കഴിച്ചാണ് ആ കുടിലിൽ താമസിച്ചിരുന്നത്. സഖാവ് കൃഷ്ണപിള്ളയും എ.കെ.ജി.യുമൊക്കെ ഒളിവിൽ കഴിഞ്ഞിരുന്ന കാലഘട്ടങ്ങളിൽ പട്ടികജാതിക്കാരുടെ കുടിലുകളിൽ താമസിച്ച്, പട്ടികജാതിക്കാരായ സഹോദരിമാർ വച്ചുവിളമ്പിക്കൊടുക്കുന്ന പട്ടിണിക്കഞ്ഞിയും ചമ്മന്തിയും കഴിച്ചാണ് പാർട്ടി വളർത്തി ഈ പ്രസ്ഥാനത്തെ ഇവിടെ വരെ എത്തിച്ചത്. പട്ടിണിക്കഞ്ഞിക്കും ചമ്മന്തിക്കും പകരം ചിക്കൻ കാലും സ്കോച്ചിന്റെ അവശിഷ്ടങ്ങളുമാണ് പോലീസ് എത്തുമ്പോൾ കുടിലുകളിലും ഒളിത്താവളങ്ങളിലും കാണാൻ കഴിയുന്നത്. ഇന്ന് പല പ്രമുഖന്മാരും പിടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇടുക്കി ജില്ലയിലെ വൺ, ടൂ, ത്രീ നേതാവ് റിസോർട്ടിലാണ് താമസിച്ചുകൊണ്ടിരുന്നത്. അദ്ദേഹം രണ്ട് മൊബൈൽ ഫോണും സ്വിച്ച് ഓഫ് ചെയ്ത് റിസോർട്ടിൽ റെസ്റ്റെടുക്കുകയാണെന്നാണ് പറയുന്നത്. ഇ.എം.എസ്-നേയും കൃഷ്ണപിള്ളയേയും എ.കെ.ജി.യേയുമൊക്കെ അപമാനിക്കുകയല്ലേ ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്? ഇ.എം.സി-ൽ നിന്നും ശ്രീ. പ്രകാശ് കാരാട്ടിലേയ്ക്ക് പാർട്ടി പോകുമ്പോൾ വിപ്ലവകരമായ മാറ്റമെന്ന് തുടർച്ചയായി ഇടതുപക്ഷ സൈദ്ധാന്തികരും ബുദ്ധിജീവികളും പറയുന്നത് ഇതുകൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. നേതാക്കൻമാരായ സഖാക്കളെ കൂരയ്ക്കകത്ത് കിടത്തി പുറത്ത് ഉറക്കമൊഴിച്ച് കാവൽ നിന്നിരുന്ന ഈ വിഭാഗത്തോട് സി.പി.ഐ.(എം) എന്നും കടുത്ത അവഗണന മാത്രമാണ് കാണിച്ചിട്ടുള്ളത്. കോഴിക്കോട് നടന്ന പാർട്ടി കോൺഗ്രസ്സിൽ സഖാവ് വി.എസ്. അച്ചുതാനന്ദനെ പോളിറ്റ് ബ്യൂറോയിൽനിന്ന് ഒഴിവാക്കി. പോളിറ്റ് ബ്യൂറോയിൽനിന്ന് ഒഴിവാക്കിയപ്പോൾ അന്നെങ്കിലും ഒരു പട്ടികജാതിക്കാരനെ പോളിറ്റ് ബ്യൂറോയിൽ വയ്ക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. ഈ നിയമസഭയിൽതന്നെ പോളിറ്റ് ബ്യൂറോയിൽ

വരാൻ അർഹതയുള്ളവർ ഒന്നാം നിരയിലും രണ്ടാംനിരയിലുമൊക്കെ ഇരിപ്പുണ്ട്. കെ.പി.സി.സി.-യിലും എ.ഐ.സി.സി.യിലും പട്ടികജാതിക്കാരുണ്ട്, ഇൻഡ്യൻ രാഷ്ട്രപതി വരെ ആക്കിയിട്ടുണ്ട്, ഇപ്പോഴിരിക്കുന്ന സ്പീക്കർ മീരാ കുമാർ പട്ടികജാതിയാണ്. കോൺഗ്രസ്സ് പ്രസ്ഥാനം എന്നും പട്ടികജാതിക്കാർക്കുവേണ്ടി നിൽക്കുന്ന പ്രസ്ഥാനമാണ്. ആ കാര്യത്തിൽ തർക്കിക്കേണ്ട കാര്യമില്ല. ഒരു കാലത്ത് പാർട്ടി നേതാക്കൻമാർക്കുവേണ്ടി കൂര ഒരുക്കി കഞ്ഞിവച്ചുകൊടുത്ത് ശത്രുക്കളിൽനിന്നുപോലും രക്ഷിക്കാൻ കാവൽനിന്ന ഈ വിഭാഗം ആളുകളോട് ഇനിയെങ്കിലും മാർക്സിസ്റ്റ് പാർട്ടി കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മുൻ ആഭ്യന്തരവകുപ്പു മന്ത്രിയായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഒരു പ്രസ്താവന കഴിഞ്ഞ ദിവസം പത്രങ്ങളിൽ വായിച്ചു. ‘ഞങ്ങൾ ആരെയെങ്കിലും ഒളിപ്പിക്കാൻ തീരുമാനിച്ചാൽ പോലീസിനും പട്ടാളത്തിനുംപോലും പിടിക്കുവാൻ കഴിയില്ല’ എന്ന്. പാർട്ടിയുടെ ഏറ്റവും വലിയ നേതാവാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ. അദ്ദേഹം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ്. പോളിറ്റ് ബ്യൂറോ അംഗമാണ്. അദ്ദേഹത്തെപ്പോലെ ഉത്തരവാദപ്പെട്ട ആളുകൾ ഇങ്ങനെയുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത് ഞങ്ങളെപ്പോലെയുള്ളവർക്ക് അതിശയമാണ്. പണ്ട് പാവങ്ങളെ സംരക്ഷിച്ചുകൊണ്ടിരുന്ന പാർട്ടിയായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടി. ഇന്ന് പാവങ്ങളെയല്ല, കുറ്റക്കാരെ ഒളിപ്പിക്കുന്ന പാർട്ടിയായി മാർക്സിസ്റ്റ് പാർട്ടി മാറിക്കഴിഞ്ഞിരിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവന കേട്ടപ്പോൾ പോലീസ് തെരഞ്ഞുകൊണ്ടിരിക്കുന്ന ആട് ആന്റണിയെപ്പോലുള്ള ആളുകൾക്ക് വളരെ സന്തോഷം തോന്നിയിട്ടുണ്ടാകും. ഒളിവിൽ കഴിയുന്ന ആളുകളെല്ലാം കൂട്ട

ത്തോടെ മാർക്സിസ്റ്റ് പാർട്ടിയെ അഭയം പ്രാപിക്കേണ്ട സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. അതേ സ്ഥിതിയിലേയ്ക്ക് ഇന്ന് പാർട്ടി മാറിക്കഴിഞ്ഞിരിക്കുന്നു. ഇനിയെങ്കിലും ഒരു പുനർചിന്തനം ഇവർ നടത്തണ്ടേ? ടൂറിസം മേഖലയിൽ ഒന്നുരണ്ട് കാര്യങ്ങൾ വളരെ ചുരുങ്ങിയ സമയം കൊണ്ട്പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിത്തരുന്ന ടൂറിസ്റ്റ് മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കേണ്ടത് ഒരു ഗവൺമെന്റിന്റെ ബാധ്യതയാണ്. ടൂറിസത്തെക്കുറിച്ച് ഇന്ന് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന മെമ്പർമാർ ഇവിടെ സംസാരിക്കുകയുണ്ടായി. ടൂറിസം മേഖലയുടെ ഏറ്റവും വലിയ ശാപം ഇടയ്ക്കിടെയുണ്ടാകുന്ന ഹർത്താലുകളാണ്. വിദേശ ടൂറിസ്റ്റുകൾ ഇവിടെ എത്തിക്കഴിഞ്ഞാൽ അവർക്ക് ഹർത്താലുകൾ കാരണം സഞ്ചരിക്കാൻ കഴിയുന്നില്ല. പലരും എയർപോർട്ടിൽ കുടുങ്ങുന്നു. ടൂർ പാക്കേജുമായി വന്ന് ഹോട്ടൽ മുറികളിൽ താമസിക്കുന്നവർക്ക് യാത്ര ചെയ്യാനോ കാഴ്ചകൾ കാണാനോ കഴിയുന്നില്ല. അവർ ഇവിടേയ്ക്ക് വരുന്നത് മുറികളിൽ അടച്ചിരുന്ന് താമസിക്കുന്നതിനല്ല. നമ്മുടെ കാടുകളും പുഴകളും പക്ഷികളും മലകളുമെല്ലാം നേരിൽക്കാണുവാൻ വേണ്ടിയാണ് അവർ വരുന്നത്. അതുകൊണ്ട് ടൂറിസം മേഖലയെ രക്ഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് ഇടപെട്ട് എല്ലാ രാഷ്ട്രീയ കക്ഷികളുമായി സംസാരിച്ച് ടൂറിസം മേഖലയെ ഹർത്താലിൽനിന്ന് ഒഴിവാക്കാനുള്ള തീരുമാനമെടുപ്പിക്കണം. എങ്കിൽ മാത്രമേ വിദേശികളായ ടൂറിസ്റ്റുകൾ ഇവിടേയ്ക്ക് വരികയുള്ളു. ഒരു ടൂറിസ്റ്റ് ടീം ഇവിടെ വന്ന് ഹർത്താലിൽ പെട്ടുപോയാൽ അവർ പിന്നീട് ഇവിടേയ്ക്ക് വരില്ലെന്ന് മാത്രമല്ല, കേരളത്തിലേയ്ക്ക് വന്നാൽ ഇവിടെ പ്രശ്നങ്ങളാണെന്ന് മറ്റുള്ളവരെ ധരിപ്പിച്ച് വരാനിരിക്കുന്ന ടൂറിസ്റ്റുകളെപ്പോലും വരുത്താതിരിക്കുന്ന സ്ഥിതി വരും. അതു

കൊണ്ട് എല്ലാ പൊളിറ്റിക്കൽ പാർട്ടികളുമായും ആലോചിച്ച് ഹർത്താലിൽനിന്ന് ടൂറിസ്റ്റ് മേഖലയെക്കൂടി ഒഴിവാക്കിത്തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എ.കെ. ബാലൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇൻഡ്യയിലുടനീളം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അതിക്രൂരമായ പീഡനത്തിനും മനുഷ്യാവകാശ ലംഘനത്തിനും ഇരയായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം ഛത്തീസ്ഘട്ട് സംസ്ഥാനത്ത് സർക്കേഗുഡ വില്ലേജിൽ നടന്ന ക്രൂരമായ സംഭവം ഞെട്ടിപ്പിക്കുന്നതാണ്. ഗിരിജന വിഭാഗത്തിൽപ്പെട്ട 20 പാവങ്ങളെ മാവോയിസ്റ്റ് മുദ്ര കുത്തി കേന്ദ്ര പോലീസ് സേന വെടിവച്ച് കൊന്നു. സംസ്ഥാന പോലീസ് ഇതിന് കൂട്ടുനിന്നു. കൊല്ലപ്പെട്ടവരിൽ 12, 13, 14 വയസ്സുള്ള പെൺകുട്ടികളുമുണ്ടായിരുന്നു. സ്ത്രീകളും വൃദ്ധൻമാരുമെല്ലാം ഇതിൽ ഉൾപ്പെടും. വെടിവച്ച് കൊന്നശേഷം വെട്ടിയും കുത്തിയും മൃതദേഹങ്ങൾ വികൃതമാക്കി. നാല് പെൺകുട്ടികളെ മാനഭംഗപ്പെടുത്തി വെടിവച്ചുകൊന്നു. ഹിറ്റ്ലർ പോലും ചെയ്യാൻ മടിക്കുന്ന ക്രൂരതയാണ് ഇവർ കാണിച്ചത്. 'വിത' ഉത്സവത്തോടനുബന്ധിച്ച് നടന്ന ഒരു കുടുംബ യോഗത്തിൽ പങ്കെടുത്ത പാവങ്ങളെയാണ് മാവോയിസ്റ്റ് മുദ്രകുത്തി ഭരണത്തിന്റെ തണലിൽ ഈ കാക്കിയണിഞ്ഞ നരാധമൻമാർ പൈശാചികമായി കൊലപ്പെടുത്തിയത്. കൊലപ്പെട്ടവരിൽ ഒരു മാവോയിസ്റ്റ്പോലും ഉണ്ടായിരുന്നില്ല. കേന്ദ്ര സേനയ്ക്ക് തെളിവുണ്ടാക്കാൻപോലും കഴിഞ്ഞിട്ടില്ല. ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന കേന്ദ്ര മന്ത്രി മിസ്റ്റർ കിഷോർ ചന്ദ്രദേവ് ഇതിൽ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഭരണഘടന പ്രകാരം പ്രത്യേക സംരക്ഷണമുള്ളവരാണ് എസ്.സി/എസ്.ടി. വിഭാഗങ്ങൾ. ജനനത്തിന്റെ പേരിലും സെസ്സിന്റെ പേരിലും ഈ പാവങ്ങളെ തങ്ങളുടെ സ്വന്തം ഭൂമിയിൽനിന്ന് അടിച്ചോടിക്കുകയാണ്. 2008-2011-ന് ഇടയിൽ വൻകിട കോർപ്പറേറ്റുകൾ 1,82,380 ഹെക്ടർ ഭൂമിയാണ് നഷ്ടപ്പെടുത്തിയത്. വികസനത്തിന്റെ പേരിൽ ഏറ്റവും ക്രൂരമായ

പീഡനം അനുഭവിക്കുന്ന വിഭാഗം ഇന്ന് ഈ അധ:സ്ഥിത വിഭാഗമാണ്. ഇതിൽനിന്ന് യഥാർത്ഥത്തിൽ വിഭിന്നമായിരുന്നു നമ്മുടെ കേരളം. എന്നാൽ കേരളം വീണ്ടും ആദിവാസി/പട്ടികജാതി പീഡനങ്ങളുടെ കേന്ദ്രമായി മാറി യിരിക്കുകയാണ്. ഞാൻ കഴിഞ്ഞ ഒരു വർഷക്കാലത്തെ പത്ര റിപ്പോർട്ടുകൾ എടുത്തുവച്ചിട്ടുണ്ട്. അതെല്ലാം വായിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. വയനാട് തൊണ്ടർനാട് സ്വദേശിനി ആദിവാസി യുവതി ലൈംഗിക പീഡന ത്തെത്തുടർന്ന് ഗർഭിണിയായി; അഗളിയിൽ ഷോളയാർ പുലിക്കടൂർ ഊരിൽ വിശാലാക്ഷിയെന്ന ആദിവാസി സ്ത്രീയെ ബലാൽസംഗം ചെയ്ത് കൊന്നു; ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ രണ്ട് പേർ പട്ടിണിയെത്തുടർന്ന് മരണ പ്പെട്ടു; വിനു എന്ന പട്ടികജാതി യുവാവ് വിതുര പോലീസ് സ്റ്റേഷനിൽ മർദ്ദനം സഹിക്കാൻ കഴിയാതെ ആത്മഹത്യ ചെയ്തു; നിലമ്പൂർ വെളിയംതോട് ട്രൈബൽ ഹോസ്റ്റലിൽ ഒളിക്യാമറ വച്ച് ഹോസ്റ്റൽ ചുമതല യുള്ള അസിസ്റ്റന്റ് വാർഡൻ പെൺകുട്ടികൾ വസ്ത്രം മാറുന്നത് ക്യാമറയിൽ പകർത്തിയതിനെത്തുടർന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥിനികൾ പഠനം ഉപേക്ഷിച്ച് ഉൾവനത്തിലെ കുടിലുകളിലേയ്ക്ക് മടങ്ങി; അട്ടപ്പാടി മേഖല യിലെ പുതൂർ പഞ്ചായത്തിൽ ആദിവാസി വൃദ്ധ കൂട്ടബലാൽസംഗത്തിന് ഇരയായി; സദാചാര പോലീസ് മർദ്ദിച്ച് അവശനാക്കിയ കുമ്പളക്കാട് ആദി വാസി യുവാവ് മനു വീട്ടിനകത്ത് മരണപ്പെട്ടു; പോലീസ് പീഡനത്തെത്തു ടർന്ന് ആദിവാസിയായ ഗൃഹനാഥൻ ആത്മഹത്യ ചെയ്തു; ജോലി വാഗ്ദാനം ചെയ്ത് പത്തൊമ്പത് വയസ്സുകാരിയായ ആദിവാസി പെൺകു ട്ടിയെ തിരുവനന്തപുരത്ത് ഗസ്റ്റ് ഹൗസിൽ മന്ത്രിയുടെ കാറിൽ കൊണ്ടു പോയി മുൻ കെ.എസ്. യു. നേതാവ് കൂടിയായ മന്ത്രിയുടെ പി.എ. പീഡിപ്പി ച്ചുവെന്ന് വാർത്ത വന്നു. എന്നിട്ട് കെ.പി. സി. സി. പ്രസിഡന്റ് ഇടപെട്ട്

അദ്ദേഹത്തെ ഒഴിവാക്കിയെന്നും വാർത്ത വരികയുണ്ടായി. ഇത് വാസ്തവ മാണോ അല്ലയോയെന്ന് എനിക്ക് അറിയില്ല. പത്രത്തിൽ വന്ന വാർത്തയാണ്. തൃശൂർ മെഡിക്കൽ കോളേജ് അധികൃതർ വാഹനം നൽകാതിരുന്നതിനാൽ പാലക്കാട് ജില്ലയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട നവജാതശിശുക്കളുടെ ജഡവുമായി 12 മണിക്കൂർ കാത്തിരിക്കേണ്ടിവന്നു; ബാങ്ക് വായ്പ തിരിച്ചടയ്ക്കാനാവാതെ മുണ്ടക്കയത്തെ സുനിൽകുമാറെന്ന ആദിവാസി യുവാവ് വൈദ്യുതാഘാതമേൽപ്പിച്ച് ജീവനൊടുക്കി; ഇടുക്കി പെരിഞ്ചാൻകുട്ടിയിൽനിന്ന് വനം പോലീസ് ഉദ്യോഗസ്ഥർ വലിച്ചിഴച്ച് മുറ്റത്തേയ്ക്ക് ഇട്ട വിധവയും രോഗിയുമായ കീരിത്തോട് ചൂളക്കല്ലിൽ ലൈസമ്മ ചികിത്സ കിട്ടാതെ മരിച്ചു; പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീയെ പച്ചവീട്ടിൽ തടിവ്യാപാരി സിറാജുദ്ദീൻ വിവസ്ത്രയാക്കി; ഇതൊക്കെ പത്രങ്ങളിലൂടെ വന്ന വാർത്തകൾ ആണ്. .ഇതൊക്കെ വച്ചിട്ടാണ് നേരത്തെ ശ്രീ.എൻ. ഷംസുദീനൊക്കെ ഇവിടെ സംസാരിച്ചത്. ഞാൻ അതിലേയ്ക്കൊന്നും കൂടുതൽ കടക്കാൻ ആഗ്രഹിക്കുന്നില്ല. ഭൂമി വിതരണവുമായി ബന്ധപ്പെട്ട് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ നമ്മെ ബാധിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം ഭൂമി പ്രശ്നമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആദിവാസിയായ ജോഗിയെ വെടിവച്ചതെല്ലാം നമുക്കറിയാം, അതിവിടെ സജ്ജീവമായി ചർച്ചയ്ക്ക് കൊണ്ടുവന്നതാണ്. അതുസംബന്ധിച്ച് ആ വാക്ക് പോലും പറയാൻ അന്നത്തെ സ്പീക്കർ സമ്മതിച്ചിരുന്നില്ല. 1470 പേരെയാണ് അന്ന് ജയിലിലാക്കിയത്. ജയിലിൽ വച്ച് ശാന്തയെന്ന ഒരു ആദിവാസി പെൺകുട്ടി ഒരു ചോരക്കുഞ്ഞിനെ പ്രസവിക്കുകയുണ്ടായി. മുലയൂട്ടാൻ സാധിക്കാത്തതു

കൊണ്ട്  ആ കുട്ടിയും കുറച്ച് ദിവസം കഴിഞ്ഞപ്പോൾ ശാന്തയും മരിക്കുകയുണ്ടായി.   അതാണ് നമ്മുടെ അനുഭവം.  വീണ്ടും ആ സ്ഥിതിയിലേയ്ക്കാണ് കേരളം പോകുന്നത്.  ഭൂമിക്കുവേണ്ടി വയനാട്ടിലെ 8000 ആദിവാസികൾ 27 കേന്ദ്രങ്ങളിലായി കുടിൽകെട്ടി കഴിഞ്ഞ 2 മാസമായി സമരത്തിലാണ്.  ഇപ്പോൾ കുട്ടികളും ഗർഭിണികളും അടക്കം 247 പേർ കോഴിക്കോട്- കണ്ണൂർ ജില്ലകളിലെ സെൻട്രൽജയിലിലും  സബ് ജയിലുമായി കഴിയുകയാണ്. ആദിവാസി സംഘടനകൾക്ക് സർക്കാർ കൊടുത്ത ഉറപ്പ് പാലിച്ചിട്ടില്ല; ഉദ്യോഗസ്ഥർ അത് പാലിക്കുന്നില്ല; സർക്കാർ എടുത്ത തീരുമാനം നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ ഇപ്പോൾ തയ്യാറല്ല.  ഒരു രൂപത്തിലും ഇവരെ ജയിലുകളിൽ ഇടേണ്ടതില്ല;  ജാമ്യം എടുക്കാമെന്നുപറഞ്ഞിട്ടുപോലും ജാമ്യം കിട്ടുന്നില്ല. പുരുഷന്മാരൊക്കെ ജയിലുകളിലായതിന്റെ ഫലമായി ഊരുകളിലെല്ലാം ഇപ്പോൾ പട്ടിണിയാണ്.  ഭൂപ്രശ്നം പരിഹരിക്കാൻ എൽ.ഡി.എഫ്. സർക്കാർ കാട്ടിയ സമീപനം കേന്ദ്രഗവൺമെന്റ് അടക്കം ശ്ലാഘിച്ചതാണ്.  ഫോറസ്റ്റ് റൈറ്റ് ആക്ട് പ്രകാരം 22,397 പേർക്കും റ്റി.ആർ.ഡി.എം. പ്രകാരം  2173 പേർക്കും മിച്ചഭൂമി ഇനത്തിൽ 1153 പേർക്കും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഭൂമി നൽകിയിട്ടുണ്ട്. മൊത്തം 25,728 പേർക്ക്  30,000 ഏക്കർ ഭൂമിയാണ് എൽ.ഡി.എഫ്. സർക്കാർ വിതരണം ചെയ്തത്.  ഇതിനുപുറമെ 50 കോടി രൂപ വയനാട്ടിൽ ഭൂമി വാങ്ങാൻ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുമറച്ചുവച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി 27-6-2012 -ൽ വാസ്തവവിരുദ്ധമായൊരു പ്രസ്താവന ഇവിടെ നടത്തിയത്.  അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള രേഖ അവതരിപ്പിക്കാൻപോലും ബഹുമാനപ്പെട്ട സ്പീക്കർ എന്നെ സമ്മതിച്ചില്ല. അതിൽ വല്ലാത്ത സങ്കടമുണ്ട്, ഇപ്പോൾ

പറഞ്ഞിട്ട് കാര്യവുമില്ല. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാം. ഇപ്പോൾ 94 % ഫണ്ട് വിനിയോഗിച്ചൂവെന്നാണ് പറയുന്നത്. പക്ഷേ ഫെബ്രുവരി മാസം ചേർന്ന നിയമസഭാ സമ്മേളനത്തിൽ പറഞ്ഞത് 52% മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂവെന്നാണ്. ബാക്കി 40% ഒരുമാസം കൊണ്ടാണ് ചെലവഴിച്ചിരിക്കുന്നത്. എത്രത്തോളം ചെലവഴിക്കാൻ കഴിഞ്ഞൂ വെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. മുൻ യു.ഡി.എഫ്. സർക്കാർ 2001-2006 വരെ ശരാശരി 60% മുതൽ 70% വരെയാണ് ചെലവഴിച്ചത്. ആ സ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ 90% മുതൽ 98% വരെ ചെലവഴിച്ചു. അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്, സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് തുടങ്ങിയ കേന്ദ്രഫണ്ടുകളൊന്നും ചെലവഴിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പ് 520 കോടി രൂപ ലാപ്സാക്കിയെന്നാണ് 13-11-2006-ൽ മാതൃഭൂമിയിൽ വാർത്ത വന്നത്. അന്നത്തെ സ്ഥിതി ഇതായിരുന്നു. അതിൽനിന്നും മാറിയിട്ടാണ് ഈ വകുപ്പിലേയ്ക്ക് ഏറ്റവും വലിയ പുരോഗതി ഉണ്ടാക്കാൻ അന്നത്തെ എൽ.ഡി.എഫ്. സർക്കാറിന് കഴിഞ്ഞത്. ഈ വിഭാഗത്തിന് നീക്കിവയ്ക്കുന്ന കോർപ്പസ് ഫണ്ട് ഒരു രൂപത്തിലും മിസ് യൂസ് ചെയ്യാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കോർപ്പസ് ഫണ്ട് വിവിധ പദ്ധതികൾക്ക് വേണ്ടി നീക്കിവയ്ക്കേണ്ടതാണ്. വീട് വാങ്ങാൻവേണ്ടി, വീട് കെട്ടാൻവേണ്ടി, റിപ്പെയർ നടത്താൻവേണ്ടി, വ്യക്തിപരമായ ആനുകൂല്യങ്ങൾ, മിശ്രവിവാഹിതർക്കുള്ള ആനുകൂല്യം, പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കാനുള്ള ആനുകൂല്യം തുടങ്ങിയവ ഇതിൽ ഉൾപ്പെടും. അതിൽനിന്നും ഫണ്ട് എടുത്ത് മെഡിക്കൽ കോളേജുകൾക്ക് കൊടുക്കുന്ന

തിനോട് എനിക്ക് യോജിപ്പില്ല. അതിനുപകരം സർക്കാർ നിയന്ത്രണത്തിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കണം. അതിന് ബഡ്ജറ്ററി സപ്പോർട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കിട്ടേണ്ട പണം,. പ്രത്യേകിച്ച് പട്ടികജാതി വിഭാഗങ്ങൾക്കായി നീക്കിവ യ്ക്കുന്ന കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മെഡിക്കൽ കോളേജ് ആരംഭിക്കുക എന്നുപറഞ്ഞാൽ ഓരോ കൊല്ലവും ഫണ്ട് ലാപ്സാക്കാനുള്ള ടെന്റൻസി യാണ് ഉണ്ടാകുക. ലാപ്സാകുന്ന പണം അതിലേയ്ക്ക് മാറ്റാൻ പറ്റുമോ? അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് വ്യക്തത വരുത്തണം. മെഡിക്കൽ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് ആദ്യം പാലക്കാട് എം.എൽ.എ. എല്ലാ സ്ഥലത്തും ഫ്ളക്സ് ബോർഡുകളൊക്കെ വച്ചു, അഭിവാദ്യങ്ങളൊക്കെ രേഖപ്പെടുത്തി, അദ്ദേഹത്തിന് അഭിവാദ്യം, മന്ത്രിക്ക് അഭിവാദ്യം,..... പ്രശ്നമില്ല. അപ്പോൾ പറഞ്ഞത് ഇത് 'ഗവൺമെന്റിന്റെ പൊതുമേഖലയിൽ' എന്നാണ്. രണ്ട് ആഴ്ച കഴിയുമ്പോൾ പറഞ്ഞത് 'സഹകരണമേഖലയിൽ' എന്നാണ്; പിന്നെ പറഞ്ഞത് ഇത് 'പട്ടികജാതി വകുപ്പിന്റെ കീഴിൽ' എന്നാണ്. കഴിഞ്ഞ ആഴ്ച ബഹുമാനപ്പെട്ട ആരോഗ്യവ കുപ്പുമന്ത്രി ഡിമാന്റിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ ഞാൻ ഇത് ഏത് വകുപ്പിന്റെ കീഴിലാണ് തുടങ്ങുന്നതെന്ന് ചോദിച്ചപ്പോൾ 'സ്വാശ്രയം' എന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. അതു കൊണ്ട് ഇത് സ്വാശ്രയമാണോ, അല്ല പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലാണോയെന്നും; എവിടെനിന്നാണ് ഇതിന് പണം കിട്ടുന്നതെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം? ബഡ്ജറ്റിൽ പത്തുപൈസ പോലും ഇല്ലെന്നുള്ളത് സത്യമാണ്. അപ്പോൾ സ്വാഭാവികമായും ഈ വിഭാഗത്തിന്

നീക്കിവച്ച ഫണ്ടെടുത്ത് ചെലവഴിച്ചാൽ റിക്കറിംഗ് എക്സ്പെന്റിച്ചർ വരും; ശമ്പളം വരും; അത് ആര് കൊടുക്കും? അതുസംബന്ധിച്ച് വ്യക്തതയുണ്ടാകണം. മെഡിക്കൽ കോളേജ് വരുന്നതെല്ലാം ഞങ്ങൾക്ക് സന്തോഷമുള്ള കാര്യമാണ്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ ക്ഷേമത്തിനുവേണ്ടി നീക്കി വയ്ക്കുന്ന കോർപ്പസ് ഫണ്ടെടുത്ത് ചെലവഴിക്കുന്നതിനോട് യോജിക്കാൻ പറ്റില്ല. കാരണം ഇതിലെ പകുതി സീറ്റും സ്വാശ്രയമേഖലയിലേയ്ക്കാണ് പോകുന്നത്. സ്വാശ്രയമേഖലയിലേയ്ക്ക് പോകുന്ന ഒരു സ്ഥാപനത്തിന്, അതും അധ:സ്ഥിത വിഭാഗത്തിനായി നീക്കി വയ്ക്കുന്ന ഫണ്ട് ചെലവഴിക്കണമോയെന്ന കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു പുനർചിന്തനം നടത്തണം; അതിന്റെ വസ്തുത എന്താണെന്ന് പറയണം. ഇപ്പോൾ മാനേജുമെന്റുമായി ഉണ്ടാക്കിയ കരാർ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുകിട്ടേണ്ട മെഡിക്കൽ സീറ്റ് 17 എണ്ണം ഇപ്പോൾ നഷ്ടപ്പെട്ടു. അതുപോലെ എഞ്ചിനീയറിംഗ് കോളേജിൽ 340 സീറ്റ് നഷ്ടപ്പെട്ടു. 50% സർക്കാരിന് അർഹതപ്പെട്ട സീറ്റ്, 15 ശതമാനം സീറ്റ് പ്രിവിലേജ്ഡ് സീറ്റായി മൈനോറിറ്റി നടത്തുന്ന കോളേജുകൾക്ക് ആദ്യം കൊടുത്തു. അതു നമുക്ക് മനസ്സിലാക്കാം. എന്നാൽ മൈനോറിറ്റി സ്റ്റാറ്റസ് എല്ലാ കോളേജുകൾക്കും കൊടുത്ത് 15% നഷ്ടപ്പെടുന്നതുവഴി അടുത്ത 5 വർഷത്തേയ്ക്ക് ഏതാണ്ട് 22,000 സീറ്റാണ് നമുക്ക് നഷ്ടപ്പെടാൻ പോകുന്നത്. അതിൽ 3000 സീറ്റ് പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്ക് അർഹതപ്പെട്ടതാണ്. ഇത് വളരെ ഗൗരവമായി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. സർക്കാരിന് അർഹതപ്പെട്ട സീറ്റിൽ 15 % ഒരു രൂപത്തിലും മൈനോറിറ്റി കോളേജിന്റെ സ്റ്റാറ്റസിൽ മറ്റ് കോളേജുകൾക്ക് കൊടുക്കുകയോ

അതുവഴി എസ്.സി/എസ്.റ്റി. വിഭാഗത്തിന് അർഹതപ്പെട്ട സീറ്റ് നഷ്ടപ്പെടുത്തുകയോ ചെയ്യാൻ അനുവദിക്കരുത്. ഇതിൽ 50% വിദ്യാഭ്യാസാനുകൂല്യങ്ങൾ എൽ.ഡി.എഫ്. സർക്കാർ വർദ്ധിപ്പിച്ചു. അതുപോലെ മെസ് അലവൻസ് 130 ശതമാനം വർദ്ധിപ്പിച്ചു. അതുവഴി ഇ-ഗ്രാന്റ്സ് സമ്പ്രദായം കൊണ്ടുവന്നു, ഇത് ഇന്ത്യയിൽ ആദ്യമായി നടപ്പാക്കിയത് കേരളമാണ്. കുട്ടികളുടെ സീറോ അക്കൗണ്ടിൽ എ.റ്റി.എം. സിസ്റ്റം വഴി നേരിട്ട് കാശ് എത്തും, കോളേജിൽ പോകേണ്ട കാര്യമില്ല. കഴിഞ്ഞ ഒരു വർഷമായി പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇത് ഡിഫങ്ക്റ്റ് (റലളൗിരേ) ആണ്. വിദ്യാഭ്യാസാനുകൂല്യം കിട്ടുന്നില്ല. മാത്രമല്ല 1-6-2011-മുതൽ ഈ സർക്കാർ വന്നതിനുശേഷം 20 ശതമാനം വർദ്ധിപ്പിച്ചുവെന്ന് പറയുകയുണ്ടായി. എന്നാൽ 1-6-2012- മുതൽ എഫക്ടിൽ വന്നൂവെന്നാണ് പറയുന്നത്. അതിന്റെ ഭാഗമായി ഇപ്പോൾ 19 കോടി രൂപയുടെ നഷ്ടമാണ് കുട്ടികൾക്ക് സംഭവിച്ചിരിക്കുന്നത്. അതുപോലെതന്നെ കടം എഴുതിത്തള്ളൽ - അതിന് ബഡ്ജറ്റിൽ പത്ത് പൈസപോലുമില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 2006-മാർച്ച് വരെയുള്ള എല്ലാ കടങ്ങളും, 25000 രൂപ വരെയുള്ളത് എഴുതിത്തള്ളാൻ തീരുമാനിച്ചതാണ്. 150 കോടി രൂപയുടെ പദ്ധതിയായിരുന്നു. അതിൽ 76 കോടി രൂപ ഞങ്ങൾ അനുവദിച്ചു. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസീസ് SC/ST കോർപ്പറേഷൻ ആണ്. ആ കോർപ്പറേഷനിൽ ഞങ്ങൾ ഡെപ്പോസിറ്റ് ചെയ്ത പണമല്ലതെ മറ്റൊരു പണവും ഞാൻ ഈ ബഡ്ജറ്റിൽ കാണുന്നില്ല. ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ അത് അംഗീകരിക്കാം. ഇവിടെ തന്നിട്ടുള്ള

ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയിലും ഞാൻ അത് കാണുന്നില്ല. സമ്പൂർണ്ണ ആരോഗ്യ പദ്ധതി – ആദിവാസികൾക്ക് എവിടെ ചികിത്സിച്ചാലും ആവശ്യമായ മരുന്നുകളും വാഹന ചെലവും ഒരാളെ സഹായത്തിനിരുത്തുന്നതിനുള്ള ചെലവും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിരുന്നതാണ്. അതിന്റെ ഭാഗമായി 10 കോടി രൂപ ചെലവായി. സബ്ജക്ട് കമ്മിറ്റി ചേർന്ന് 5 കോടി രൂപ വേണമെന്ന് പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി പറഞ്ഞു. പക്ഷേ പത്തുപൈസ ഞാൻ ഇതിൽ കാണുന്നില്ല. സ്വാഭാവികമായും ഈ സമ്പൂർണ്ണ ആരോഗ്യ പദ്ധതികൂടി ഇല്ലാതാകാൻ പോകുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട് ഈ പണം അഡീഷണൽ ഓതറൈസേഷനോ റീ–അപ്രോപ്രിയേഷനോ വച്ച് നിങ്ങൾ വാങ്ങണം. ഞാൻ ടി.വി.യിൽ കണ്ടതാണ്, കഴിഞ്ഞയാഴ്ച കോട്ടയത്ത്, ഒരാനുകൂല്യവും കിട്ടാത്തതുകാരണം ആശുപത്രി വരാന്തയിൽ കിടക്കുകയാണ്. കൺവെയൻസിന് സൗകര്യമില്ല. കൂടെ നിൽക്കുന്നവർക്ക് സഹായമില്ല. ഇതിന്റെ ഫലമായി ആദിവാസികൾ വല്ലാത്ത വിഷമത്തിലാണ്. അതുകൊണ്ട് ആരോഗ്യ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണം. ഈ വകുപ്പിനാവശ്യമായിട്ടുള്ള ഫണ്ട് നേടിയെടുക്കണം. വീട് നിർമ്മിക്കുന്നതിന് വേണ്ടി കൊടുത്തിരുന്ന ഒരു ലക്ഷം രൂപ രണ്ട് ലക്ഷം രൂപയാക്കിയതിനെ ഞാൻ അംഗീകരിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് ഓരോ വർഷവും പതിനായിരം മുതൽ പതിനയ്യായിരം വരെ വീടുകൾ ഞങ്ങൾ കൊടുത്തതാണ്. അത് ഇപ്പോൾ 3200 എണ്ണമായി കുറച്ചു. ക്വാണ്ടം കൂട്ടിയതിന്റെ ഫലമായി ബെനിഫിഷ്യറീസിന്റെ എണ്ണം കുറയ്ക്കുകയാണ് ചെയ്തത്. ബെനിഫിഷ്യറീ

സിന്റെ എണ്ണം കുറയ്ക്കാൻ പാടില്ല. അഡീഷണലായി ഫണ്ട് ധനകാര്യ വകുപ്പിൽ നിന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. തൊഴിൽ അവസരങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത് നിരവധി തൊഴിൽ സംരംഭങ്ങൾ ഞങ്ങളുണ്ടാക്കിയതാണ്. യു.ഡി.എഫ്. ഭരിക്കുന്ന സമയത്ത് പ്രിയദർശിനി എസ്റ്റേറ്റ് അടച്ചുപൂട്ടി. അവിടെ ആത്മഹത്യ ഉണ്ടായിരുന്നു. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചുപൂട്ടിയ സ്ഥാപനം ഞങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചു. എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 300 ആളുകൾക്ക് സ്ഥിരം ജോലി കൊടുത്തു. അവിടെയുള്ള അഭ്യസ്ത വിദ്യർക്ക് ജോലി കൊടുക്കുന്നതിന്റെ ഭാഗമായി 6 ബസ് ഞങ്ങൾ കൊടുത്തു. മാത്രമല്ല അവിടെ ഒരു ഗസ്റ്റ് ഹൗസ് ഞങ്ങൾ പണിതു. അതിൽനിന്ന് കിട്ടുന്ന വരുമാനം ഉപയോഗിച്ച് പ്രിയദർശിനി എസ്റ്റേറ്റിൽ പണിയെടുക്കുന്ന ആദിവാസികൾക്ക് രാവിലെ ബ്രേക്ക്ഫാസ്റ്റും ഉച്ചയ്ക്ക് ചോറും മറ്റാനുകൂല്യങ്ങളുമൊക്കെ കൊടുത്തു. അവർ നല്ല സുഖമായി ജീവിക്കുകയായിരുന്നു. ഇപ്പോൾ അത് ഒരു പ്രതിസന്ധിയെ നേരിടുന്നുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ആറളം ഫാമിംഗ് കോർപ്പറേഷന് ഞങ്ങൾ രൂപം കൊടുത്തപ്പോൾ പറഞ്ഞത് സ്വകാര്യ കോർപ്പറേഷനാണെന്നാണ്. പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയെന്നുപറഞ്ഞാൽ അത് പ്രൈവറ്റ് അല്ല. പബ്ലിക് ലിമിറ്റഡ് കമ്പനിയെന്നുപറഞ്ഞാൽ അത് പൊതുമേഖയിൽ ആയിക്കൊള്ളണമെന്നുമില്ല. റിലയൻസും ടാറ്റയുമൊക്കെ പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. അത് പൊതുമേഖലയിലല്ല. തെറ്റായ ഒരു വ്യാഖ്യാനം അന്ന് കൊടുത്തു. ഇപ്പോൾ അത് യാഥാർത്ഥ്യമായി. ഇതിന്റെ ഭാഗമായി അവിടെ ഞങ്ങൾ 300 ആദിവാസികൾക്ക് ജോലി കൊടു

ത്തുവെന്ന് മാത്രമല്ല  അവിടെ നാളികേരം, തേൻ, കശുവണ്ടി തുടങ്ങിയവയുടെയൊക്കെ വാല്യു ആഡഡ് പ്രോഡക്ട് ഉണ്ടാക്കി വിൽപ്പന നടത്തുകയാണ്. 70 യുവതീയുവാക്കൾക്ക് പാലക്കാട് അഹല്യ ആശുപത്രിയിൽ പഞ്ചകർമ്മ തെറാപ്പി, കോവളത്ത് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കമ്മ്യൂണിറ്റി കോളേജ്, ഹോസ്പിറ്റൽ മാനേജ്മെന്റ് ഇതിനെല്ലാം  രൂപം കൊടുത്തതാണ്. അതെല്ലാം നല്ല രൂപത്തിൽ കൊണ്ടുപോകാൻ ഗവൺമെന്റിന് കഴിഞ്ഞാൽ ഈ പാവങ്ങളെ സംബന്ധിച്ചിടത്തോളം കുറേ തൊഴിലവസരങ്ങൾ നമുക്ക് സൃഷ്ടിക്കാൻ സാധിക്കും. അതുപോലെതന്നെ പ്രിമിറ്റീവ് ആദിവാസികൾക്ക് 148 കോടി രൂപയാണ് പതിമൂന്നാം ധനകാര്യകമ്മീഷൻ അംഗീകരിച്ചത്.  അന്ന് ശ്രീ. പോൾ ആന്റണിയായിരുന്നു ഈ വകുപ്പിന്റെ സെക്രട്ടറി, വളരെ എഫിഷ്യന്റായ  ഒരു ഐ.എ.എസ് ഉദ്യോഗസ്ഥനാണ്.  അദ്ദേഹം കൊടുത്ത പദ്ധതി അങ്ങനെ തന്നെ  കേന്ദ്രഗവൺമെന്റ് അംഗീകരിച്ചു. 603 സങ്കേതങ്ങളിൽ കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കാടർ, കുറുവർ, കുറുമ്പ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി സാങ്ഷനാക്കിയിട്ടുള്ള ഈ പണം ഇതിന്റെ പദ്ധതി ആവിഷ്കരണവുമായി ബന്ധപ്പെട്ടുകൊണ്ട് എങ്ങനെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് എനിക്കറിയില്ല. ഒ.ബി.സി വിഭാഗത്തിന് ചരിത്രത്തിൽ ആദ്യമായിട്ടാണ് ആറ് ഹോസ്റ്റലുകൾ ഞങ്ങൾ പണിതത്. സ്കോളർഷിപ്പ് ഞങ്ങളുടെ കാലഘട്ടത്തിൽ നടപ്പാക്കി. രണ്ടായിരം ഒ.ബി.സി. ക്കാർക്ക് ഞങ്ങളുടെ കാലത്ത് സ്കോളർഷിപ്പ്  കൊടുക്കുകയും ചെയ്തു. ഇത്രയും ഞങ്ങൾ ചെയ്തെങ്കിലും എല്ലാമായി എന്നൊന്നും ഞങ്ങൾ പറയുന്നില്ല. കുറവുകൾ ഉണ്ടാകും. ആ കുറവുകളൊക്കെ പരിഹരിച്ച് മുന്നോട്ടുപോകുന്നതിന് ഗവൺമെന്റ് എടുക്കുന്ന എല്ലാ സമീപനത്തിനും ഞങ്ങളുടെ പിന്തുണയുണ്ടാ

യിരിക്കും. മറ്റൊരു കാര്യംകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ യിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ് ലോ കോളേജിന്റെ ഹോസ്റ്റൽ അടച്ചു പൂട്ടുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അതിൽ ഇടപെടണം. പട്ടികജാതി–പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളാണ് അവിടെ ഭൂരിപക്ഷവുമുള്ളത്. എസ്.എഫ്.ഐ. ക്കാരായ കുട്ടികൾ അവിടെയുള്ളതുകൊണ്ട് അടച്ചുപൂട്ടിക്കഴിഞ്ഞാൽ കേരളത്തിലെ എസ്.എഫ്.ഐ.–ക്കാരെയെല്ലാം നശിപ്പിച്ചുകളയാമെന്നോ മറ്റോ നിങ്ങൾ ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ കേരളത്തിലെ എസ്.എഫ്.ഐ. പ്രസ്ഥാനത്തെ തൊടാൻ നിങ്ങൾക്ക് കഴിയില്ല. എഷ്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥി പ്രസ്ഥാനമായ കെ.എസ്.യു.–നെ നായ്തൊട്ട കലം പോലെ കേരളത്തിന്റെ മൂലയ്ക്കിരുത്തിയ പ്രസ്ഥാനമാണ് എസ്.എഫ്.ഐ. അത് ആദ്യം മനസ്സിലാക്കണം. ബഹുമാനപ്പെട്ട അങ്ങയുടെ ഭാഗത്തുനിന്ന് ആ രൂപത്തിലുള്ള ചിന്തയുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :സർ, പോയിന്റ് ഓഫ് ഓർഡർ..... കെ.എസ്.യു. പോലെയുള്ള പാരമ്പര്യമുള്ള ഒരു വിദ്യാർത്ഥി പ്രസ്ഥാനത്തെ നായ്തൊട്ട കലം പോലെയാക്കിയെന്ന് പറഞ്ഞ പ്രയോഗം രേഖകളിൽ ഉണ്ടാകാൻ പാടില്ല.

<u>ശ്രീ. എ. കെ. ബാലൻ:</u> അത് സ്പീക്കർ തീരുമാനിക്കട്ടെ. സ്പീക്കറും കെ.എസ്.യു.വിൽ ഉണ്ടായിരുന്ന ആളാണ്. ഞാനും എസ്.എഫ്.ഐ–യിൽ ഉണ്ടായിരുന്ന ആളായിരുന്നു. അദ്ദേഹം ഒരു കാലഘട്ടത്തിൽ വളരെ വിലസി നടന്നിരുന്ന ആളായിരുന്നു. ഞങ്ങൾ വളരെ പിന്നോക്കാവസ്ഥയിലുമായി രുന്നു. ബഹുമാനപ്പെട്ട അങ്ങയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ......

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> കേരളത്തിലെ കുറ്റിയറ്റുപോകുന്ന സ്പീഷി സുകളുടെ കൂട്ടത്തിൽ സിംഹവാലൻ കുരങ്ങിന്റെ താഴെയാണ് കെ.എസ്.യു.

എന്ന് എം.എസ്.എഫ്-ന്റെ സംസ്ഥാന പ്രസിഡണ്ട് പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ.കെ. ബാലൻ : ഞാൻ പറഞ്ഞത് പിൻവലിച്ചു. ഇത് റെക്കോഡിലാക്കിയാൽ മതി.

ശ്രീ. ഹൈബി ഈഡൻ : കെ.എസ്.യു പോലെ ഏറ്റവും പാരമ്പര്യമുള്ള ഒരു വിദ്യാർത്ഥി സംഘടനെയെക്കുറിച്ച് ഇങ്ങനെ പറയുന്നത് രേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: ഇതൊന്നും ജനങ്ങൾക്ക് താത്പര്യമുള്ള വിഷയങ്ങളല്ല.

ശ്രീ. എ. കെ. ബാലൻ : കഴിഞ്ഞ മുപ്പത് വർഷക്കാലം ഞങ്ങളുടെ സ്ഥിതിയെന്തായിരുന്നു? ബ്രണ്ണൻ കോളേജിലെ സഖാവ് അഷ്റഫ് മുതൽ ഇടക്കാലത്ത് കൊല ചെയ്യപ്പെട്ട ഇടുക്കിയിലെ അനീഷ് രാജ് വരെയുള്ള സഖാക്കളാണ് ഞങ്ങൾക്ക് നഷ്ടപ്പെട്ടത്. അനീഷ് രാജിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളെ പിടിക്കുന്നതിനോ അവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനോ നിങ്ങൾക്ക് കഴിഞ്ഞില്ല. അപ്പോൾ ഇതിൽനിന്നുള്ള ഒരു പ്രതിഷേധമെന്ന നിലയിലാണ് പറയാൻ പാടില്ലാത്ത ചില വാക്കുകൾ സഖാവ് മണി പറഞ്ഞുപോയത്. യഥാർത്ഥത്തിൽ അദ്ദേഹം വിചാരിച്ചതുപോലെയല്ല പറഞ്ഞത്. ഇവർ പറയിപ്പിച്ചതാണ്. ആ പ്രതിയെ അറസ്റ്റ് ചെയ്തിരുന്നുവെങ്കിൽ ഈ പ്രശ്നമുണ്ടാകുമായിരുന്നോ? ഇത് ശരിയല്ല. ഞാൻ പറയുന്നത് ഒരു കൊലപാതകവുമായി ബന്ധപ്പെട്ട പ്രതികളെ ഭരണത്തിന്റെ തലപ്പത്തിരുന്ന് ഡി.സി.സി. ഓഫീസിലും അതുപോലെ കെ.പി.സി.സി. ഓഫീസിലും ഒളിപ്പിക്കുന്നത് ശരിയാണോ? ഇപ്പോൾ സഖാവ് മോഹനനെ അറസ്റ്റ് ചെയ്തു. പോലീസ് സ്റ്റേഷനിലേയ്ക്ക് നാളെ വരണമെന്ന് ഒരു കോൺസ്റ്റബിൾ പോയി പറഞ്ഞാൽ മതി, ഈ മോഹനൻ പോകും. എന്താണ്

അദ്ദേഹത്തോട് കാട്ടിയത്? വടകരയിൽ നിന്ന് കൊയിലാണ്ടിയിലേയ്ക്ക് വരുമ്പോൾ കൊള്ളക്കാരനെ പിടിക്കുന്നതുപോലെ പിടിച്ചില്ലേ? മോഹനൻ എന്നുപറഞ്ഞാൽ സാറിന് അറിയാമല്ലോ ആകെ എന്റെ പൊക്കവും ഭാരവുമേ മോഹനന് ഉള്ളു. ഒരു കൊതുക് ശരീരത്തിലിരുന്നാൽ ഊതിപ്പറപ്പിക്കുന്ന ആളാണ് ഈ മോഹനൻ. അയാളെ പിടിച്ചാണ് ഇപ്പോൾ കേസിൽ പ്രതിയാക്കിയിരിക്കുന്നത്. നിങ്ങൾ ആയിക്കോ... ഞങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. മോഹനൻ ആരാണെന്നാണ് നിങ്ങൾ വിചാരിച്ചിരിക്കുന്നത് ? നിങ്ങൾ പ്രതിയാക്കിക്കോളൂ.. ഭരണം നിങ്ങളുടെ കയ്യിലാണല്ലോ..കാണുന്ന ആളുകളെയൊക്കെ നിങ്ങൾ കള്ളക്കേസിൽ പെടുത്തിക്കോളൂ. ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. സാമ്രാജ്യത്വത്തിനും നാടുവാഴിത്വത്തിനും ജന്മിത്വത്തിനുമെതിരായിട്ടുള്ള പോരാട്ടത്തിൽ എത്രയോ ഗൂഢാലോചന കേസുകൾ നിങ്ങൾ എടുത്തിട്ടുണ്ട്. പെഷവാർ ഗൂഢാലോചന കേസ്, മീററ്റ് ഗൂഢാലോചന കേസ്, കാൺപൂർ ഗൂഢാലോചന കേസ്, ഇതിലൊന്നും തളർന്നുപോയ പാർട്ടിയല്ല കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് നിങ്ങൾ ആദ്യം മനസ്സിലാക്കണം. നാടുവാഴിത്വത്തിനും ജന്മിത്വത്തിനും എതിരെയുള്ള സമരത്തെ സാമ്രാജ്യത്വ വിരുദ്ധ സമരമാക്കി ഇന്ത്യാ രാജ്യത്തിന് സ്വാതന്ത്ര്യം നേടിത്തരുന്നതിന് ഞങ്ങൾക്കും ചെറിയ പങ്കൊക്കെയുണ്ട് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ ഇന്ത്യൻ രാഷ്ട്രീയത്തിൽനിന്നും കേരള രാഷ്ട്രീയത്തിൽനിന്നും ഞങ്ങളെയൊക്കെ ഒഴിവാക്കി നിങ്ങൾക്ക് അങ്ങ് ഭരിച്ചുകളയാം......

ശ്രീ. പി.സി. ജോർജ്: സർ, പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിന്റെ കാര്യങ്ങളാണല്ലോ ചർച്ച ചെയ്യുന്നത്. ഞാൻ ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണനോട് ചോദിച്ച ചോദ്യം തന്നെയാണ്. 1936–ൽ ക്ഷേത്ര പ്രവേശന

വിളംബരമുണ്ടായി. അതിനുമുമ്പ് പാവപ്പെട്ട പട്ടിജാതിക്കാരൻ 24 അടി അടുത്തുകൂടി പോയാൽ അവനെ കഴുത്തുവെട്ടിയിരുന്ന കാലഘട്ടമാണ്. ക്ഷേത്ര പ്രവേശന വിളംബരം വന്നതോടുകൂടി ക്ഷേത്ര പ്രവേശത്തിനുള്ള അവസരം ഈ പാവപ്പെട്ടവർക്കും ലഭിച്ചു. 1928-ൽ വെറും അഞ്ചുരൂപയ്ക്ക് പാവപ്പെട്ട പട്ടികജാതിക്കാരനെ വിറ്റതിന്റെ ആധാരം എന്റെ കയ്യിൽ ഉണ്ട്. ആ വേദനയോടെ പറയുകയാണ്. ക്ഷേത്ര പ്രവേശന വിളംബരം വന്നതോടുകൂടി ക്ഷേത്രപ്രവേശനം ഉണ്ടായി എന്ന വസ്തുത വരുമ്പോൾ, പട്ടികജാതി ലിസ്റ്റിൽപ്പെടണമെങ്കിൽ ക്ഷേത്രപ്രവേശനമുള്ളവർക്ക് പട്ടികജാതി ലിസ്റ്റിൽ വരാൻ കഴിയില്ല എന്ന് നിലവിൽ നിയമം ഉള്ളപ്പോൾ 1976-ൽ എങ്ങനെ പട്ടികജാതി ലിസ്റ്റിൽ വരും അങ്ങ് ഒന്ന് പറയാമോ?

ശ്രീ. എ.കെ. ബാലൻ : ക്ഷേത്ര പ്രവേശനവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കാലഘട്ടത്തിൽ മേലാളൻമാർക്ക് മാത്രമായിരുന്നല്ലോ ഗുരുവായൂരിലൊക്കെ പ്രവേശനമുണ്ടായിരുന്നുള്ളൂ. അവിടെ സത്യാഗ്രഹം നടത്തിയ എ.കെ.ജി.-ക്കും കൃഷ്ണപിള്ളയ്ക്കുമൊക്കെ കിട്ടിയ അനുഭവം നമുക്കറിയാമല്ലോ. അതിന്റെ കുറേ പ്രേതങ്ങൾ ഇപ്പോഴും ഈ സഭയിലുണ്ട് എന്നാണ് എനിക്ക് ഇപ്പോൾ മനസ്സിലായിട്ടുള്ളത്. ഞാൻ അതിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. മണ്ണാർക്കാട് എം.എൽ.എ.-യായ ശ്രീ. എൻ. ഷംസുദീൻ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ഷംസുദീനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, സി.എച്ച്. മുഹമ്മദ് കോയയ്ക്ക് സ്പീക്കർ സ്ഥാനം ലഭിക്കാൻ വേണ്ടി ആ തൊപ്പി ഊരി വെയ്ക്കണമെന്ന് പറഞ്ഞവരാണ് ഇവർ. അത് മനസ്സിലായോ? മുസ്ലീം ലീഗിനെപ്പറ്റി 'ചത്ത

കുതിര' എന്ന് പറഞ്ഞത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ്, അല്ലാതെ ഞങ്ങളല്ല.

മി. സ്പീക്കർ: ശ്രീ. എ.കെ. ബാലൻ, അങ്ങ് ഒരുപാട് സമയമെടുത്തു.

ശ്രീ. എ.കെ. ബാലൻ: സർ, ഞാൻ അവസാനിപ്പിക്കാം. മുസ്ലീം ലീഗിന് മന്ത്രി സ്ഥാനം കൊടുത്തതും മുസ്ലീംലീഗ് ഉൾപ്പെടെയുള്ള കേരളത്തിലെ മതന്യൂനപക്ഷങ്ങളെ മാന്യമായി സമീപിച്ചതും ഞങ്ങളാണ്. ഒരു കാലഘട്ടത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷനിൽ മുസ്ലീങ്ങൾക്ക് റിസർവേഷനുണ്ടായിരുന്നില്ല. സഖാവ് ഇ.എം.എസ്. ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ ഭാഗമായപ്പോഴാണ് നിങ്ങൾക്ക് ആ ആനുകൂല്യം ലഭിച്ചത്. പള്ളിയുടെ ഒരു ഓട് പൊളിച്ചുകഴിഞ്ഞാൽ അത് നന്നാക്കാൻ കളക്ടറുടെ മുമ്പിൽ പോയി നിൽക്കണം. ഒരു കൊല്ലം കഴിഞ്ഞാലും നിങ്ങൾക്ക് അതിനുള്ള അനുവാദം ലഭിക്കുകയില്ല. ഇതിന് കളക്ടറുടെ അടുത്ത് പോകണ്ട എന്ന് തീരുമാനിച്ചത് 1957-ലെ മന്ത്രിസഭയാണ്. ഇതൊക്കെ നിങ്ങൾ മനസ്സിലാക്കണം. നിങ്ങളിപ്പോൾ പച്ച നിറത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങളാരെങ്കിലും പച്ച നിറത്തിന് എതിരായി നിന്നോ? നിങ്ങൾ എന്തിനാണ് സസ്പെന്റ് ചെയ്തത്? ബഹുമാനപ്പെട്ട മന്ത്രിയെ പറ്റിക്കാൻ കുറച്ച് ആളുകളുണ്ടാകും. നാളെ എലിമെന്ററി ക്ലാസ്സിന് വരുന്ന കുട്ടിയെ സുന്നത്ത് നടത്തണമെന്ന് പറഞ്ഞ് ഇവർ ഓർഡർ കൊടുക്കും. സൂക്ഷിക്കണം. കേരളത്തിലെ മതന്യൂനപക്ഷത്തിന്റെ സംരക്ഷണത്തിനുവേണ്ടി നൂറുകണക്കിന് സഖാക്കളുടെ ഹൃദയരക്തം സംഭാവന ചെയ്ത ഒരു പാർട്ടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. എത്രയോ സഖാക്കൾ അവരുടെ ഹൃദയരക്തം പകർന്ന് കൊടുത്താണ് കേരള

ത്തിലെ ന്യൂനപക്ഷത്തെ സംരക്ഷിച്ചതെന്നു നിങ്ങൾ മനസ്സിലാക്കണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായും എതിർക്കുകയാണ്.

(കുമാരി പി.കെ. ജയലക്ഷ്മി)